കേരളസർക്കാർ

വാല്യം 08
ഇഷ്യൂ 03

# നിയമധ്വനി

കേരള സർക്കാർ നിയമവകുപ്പ് പ്രസിദ്ധീകരണം





“എന്റെ ജീവിതമാണ്
എന്റെ സന്ദേശം”



കേരളസർക്കാർ



# നിയമധ്വനി

## കേരള സർക്കാർ നിയമവകുപ്പ് പ്രസിദ്ധീകരണം





കേരള സർക്കാർ

# നിയമധ്വനി



നിയമവകുപ്പ് പ്രസിദ്ധീകരണം


## പത്രാധിപസമിതി

ചീഫ് എഡിറ്റർ
**കെ. ജി. സനൽ കുമാർ**
നിയമസെക്രട്ടറി

എഡിറ്റർ
**ഷിബു തോമസ്**
അഡീഷണൽ നിയമസെക്രട്ടറി

അംഗങ്ങൾ

**ജാക്വിലിൻ ഇ. ഡബ്ല്യു.**
ജോയിന്റ് സെക്രട്ടറി

**ഗായത്രി എം. എം.**
സെക്ഷൻ ഓഫീസർ

**അനന്ത കൃഷ്ണൻ എ. കെ.**
ലീഗൽ അസിസ്റ്റന്റ്

**ദിവ്യ കെ.**
ലീഗൽ അസിസ്റ്റന്റ്

രൂപകൽപ്പന

രൂപകൽപ്പന വിഭാഗം
അച്ചടി വകുപ്പ്, ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,
തിരുവനന്തപുരം.

അച്ചടി

ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല, തിരുവനന്തപുരം.


---

മാന്യവായനക്കാരുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കുക

വിലാസം


നിയമ (ഔദ്യോഗികഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം 695 001
ഫോൺ : 0471 2517064, 0471 2517066
email.id: so.olpc.law@kerala.gov.in



കേരള സർക്കാർ
**നിയമവകുപ്പ്**
# പ്രസാധകക്കുറിപ്പ്

തിരുവനന്തപുരം
29-03-2025

നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടിയതിനുശേഷം രൂപീകരിച്ച സംസ്ഥാന പുന:സംഘടന കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ ജനാധിപത്യം സ്വാർത്ഥക മാകണമെങ്കിൽ ജനങ്ങൾക്ക് ഭരണത്തിൽ പങ്കാളിത്തം ഉണ്ടാകണമെന്നും ജനങ്ങളുടെ ഭാഷയിൽ തന്നെ ഭരണനിർവ്വഹണം നടത്തണമെന്നും പറഞ്ഞിരുന്നു. ഐക്യകേരളപ്പിറവിയെ തുടർന്ന് അധികാരത്തിലെത്തിയ ആദ്യകേരള മന്ത്രിസഭ തന്നെ ഭരണഭാഷ മലയാളഭാഷയാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരുന്നു. നീതിനിർവ്വഹണം ഉൾപ്പെടെ ഭരണത്തിന്റെ എല്ലാ തലങ്ങളിലും മലയാളം ഔദ്യോഗികഭാഷയാക്കണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. മലയാളഭാഷയുടെ വികാസവും ഭരണരംഗത്ത് അതിന്റെ വ്യാപനവും ലക്ഷ്യമാക്കി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന ഭരണ ക്രമത്തെക്കുറിച്ചും, പൗരാവകാശങ്ങളെക്കുറിച്ചും പൊതുസമൂഹത്തിനു അവബോധമുണ്ടാക്കാൻ പരമോന്നതകോടതികൾ പുറപ്പെടുവിക്കുന്ന വിധി ന്യായത്തിന്റെ പൊരുൾ മാതൃഭാഷയിൽതന്നെ ജനങ്ങൾക്ക് ലഭ്യമാക്കേണ്ടതാ യിട്ടുണ്ട്. ഇതിന്റെ ഭാഗമായി ബഹു. സുപ്രീംകോടതിയുടെയും, ബഹു. ഹൈക്കോടതിയുടെയും കാലികവും പ്രധാനപ്പെട്ടതുമായ വിധിന്യായങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിക്കൊണ്ട് നിയമവകുപ്പിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന ജേർണൽ ആണ് **നിയമധ്വനി**. ഈ പ്രസിദ്ധീകരണത്തിന് സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നും ലഭിക്കുന്ന പിന്തുണയ്ക്കും പ്രോത്സാഹനത്തിനും നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ഈ പതിപ്പ് മാന്യവായന ക്കാർക്കായി സമർപ്പിച്ചുകൊള്ളുന്നു.

നിയമധ്വനിയെക്കുറിച്ചുള്ള വായനക്കാരുടെ അഭിപ്രായങ്ങൾ വിലപ്പെട്ട താണ്. ഭാഷാപ്രയോഗത്തിലെ പിഴവുകളോ മെച്ചപ്പെട്ട പദപ്രയോഗങ്ങളോ ശ്രദ്ധയിൽപ്പെട്ടാൽ ഞങ്ങളെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമവകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

**കെ. ജി. സനൽ കുമാർ**
നിയമസെക്രട്ടറി

# ഉൾത്താളുകളിൽ


| | |
|---|---|
| I. **സുപ്രീം കോടതി വിധിന്യായങ്ങൾ** | **3** |
| 1. മാരിപ്പനും മറ്റൊരാളും v. പോലീസ് ഇൻസ്പെക്ടർ മുഖേന പ്രതിനിധീകരിക്കപ്പെടുന്ന സംസ്ഥാനവും മറ്റൊരാളും | 5 |
| 2. ശ്രീ ബിനോദ് കുമാർ സിംഗ് v. നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് | 11 |
| II. **ഹൈക്കോടതി വിധിന്യായങ്ങൾ** | **14** |
| 1. അലൻ ബന്നി v. കേരള ബാർ കൗൺസിലും മറ്റുള്ളവരും | 15 |
| 2. ഡോ. കോശി ഫിലിപ്പ് v. റവന്യൂ ഡിവിഷണൽ ഓഫീസറും മറ്റുള്ളവരും | 18 |
| 3. കേരള സംസ്ഥാനവും മറ്റുള്ളവരും v. പ്രദീപ് കുമാർ എ .വി യും മറ്റൊരാളും | 21 |
| III. **സുപ്രീം കോടതി വിധി : സംക്ഷിപ്തം** | **25** |
| ഉത്തർപ്രദേശ് സംസ്ഥാനവും മറ്റൊരാളും v. ആർ. കെ. പാണ്ഡേയും മറ്റൊരാളും | 26 |
| IV. **കേരള ഹൈക്കോടതി വിധി : സംക്ഷിപ്തം** | **31** |
| ദിവ്യ കെ. എസ് ഉം മറ്റുള്ളവരും v. കേരള സംസ്ഥാനവും മറ്റുള്ളവരും | 32 |
| V. **സുപ്രധാനവിധികൾ ഒറ്റനോട്ടത്തിൽ** | **36** |
| 1. മുക്താർ അലി v. കേരള സംസ്ഥാനം | 37 |
| 2. ശ്രീരാജ് കെ. സി. v. കേരള സംസ്ഥാനം | 37 |
| 3. കൃഷ്ണൻകുട്ടി മേനോൻ v. ജില്ലാ കളക്ടർ | 38 |
| 4. തൻവി ബെഹ്ൽ v. ശ്രേയ് ഗോയലും മറ്റുള്ളവരും | 39 |
| 5. സുഖ്ദേവ് സിംഗ് v. സുഖ്ബീർ കൗർ | 40 |
| VI. **ലേഖനങ്ങൾ** | **41** |
| 1. പ്രോസിക്യൂഷൻ അനുമതി : ഒരു വിശകലനം (ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ നിയമസെക്രട്ടറി.) | 42 |
| 2. നിയമങ്ങൾക്ക് പേരിടുമ്പോൾ (ശ്രീമതി രഹ്ന വി. എം, അഡീഷണൽ നിയമസെക്രട്ടറി) | 49 |
| 3. മനുഷ്യാവയവങ്ങൾ മാറ്റിവയ്ക്കൽ – നിയമവും യാഥാർഥ്യവും (ശ്രീ. ദിപിൻ റോയ് എസ്.എൽ, സെക്ഷൻ ഓഫീസർ, നിയമ വകുപ്പ്) | 53 |
| VII. **വേറിട്ടവിധികൾ** | **61** |
| ജഡ്ജിയുടെ വിധവയ്ക്ക് പെൻഷൻ നൽകാൻ വൈകിയതിന് സ്വയമായി പിഴ ചുമത്തി പഞ്ചാബ് – ഹരിയാന ഹൈക്കോടതി. | 61 |
| VIII. **നിയമപദപരിചയം** | 63 |

| | | |
|---|---|---|
| IX. | നിയമസൂക്തങ്ങൾ | 64 |
| X. | മാനകപദാവലി | 66 |
| XI. | നിയമലോകം | 68 |
| XII. | പതിനഞ്ചാം കേരളനിയമസഭയുടെ 13-ാം സമ്മേളനത്തിൽ ആക്റ്റ് ആയ ബില്ലുകൾ | 69 |




# സുപ്രീം കോടതി

## വിധിന്യായങ്ങൾ

**സുപ്രീം കോടതി മുമ്പാകെ**

ക്രിമിനൽ അപ്പീൽ അധികാരപരിധി

**ബഹു. ജസ്റ്റിസ് അഹ്സനുദ്ദീൻ അമാനുള്ള**

&

**ബഹു. ജസ്റ്റിസ് കെ. വി. വിശ്വനാഥൻ**

ക്രിമിനൽ അപ്പീൽ നം. 367 / 2025

[എസ്.എൽ.പി. (ക്രിമിനൽ) നം. 5896/2023-ൽ നിന്നുത്ഭവിച്ചത്]

**മാരിപ്പനും മറ്റൊരാളും - അപ്പീൽവാദികൾ**

**v.**

**പോലീസ് ഇൻസ്പെക്ടർ മുഖേന പ്രതിനിധീകരിക്കപ്പെടുന്ന സംസ്ഥാനവും മറ്റൊരാളും - എതിർകക്ഷികൾ**

(24.01.2025- ന് വിധി പ്രസ്താവിച്ചത്)

**ഉത്തരവിലെ പ്രസക്തഭാഗങ്ങൾ**

അനാവശ്യമായ പ്രോസിക്യൂഷനിൽ നിന്നുള്ള സംരക്ഷണവും, അനാവശ്യമായി വിചാരണയിലേയ്ക്ക് വലിച്ചിഴക്കുന്നതിൽ നിന്നുള്ള സംരക്ഷണവും നൽകേണ്ടത് ഹൈക്കോടതികളുടെ കടമയാണ്. അത് അർഹമായിട്ടുള്ള ഒരു കേസിൽ സാഹചര്യങ്ങൾക്കനുസരിച്ച് എഫ്.ഐ.ആർ. / പരാതി റദ്ദാക്കുന്നതിലൂടെയോ, ഡിസ്ചാർജ് നിരസിച്ച ഉത്തരവിനെതിരെയുള്ള അപ്പീൽ അനുവദിക്കുന്നതിലൂടെയോ അല്ലെങ്കിൽ നിയമപരമായി അനുവദനീയമായ മറ്റേതെങ്കിലും മാർഗത്തിലൂടെയോ ക്രിമിനൽ നടപടിയെ ഇല്ലാതാക്കാം.

**ഉത്തരവ്**

കക്ഷികൾക്ക് വേണ്ടി ഹാജരായ അഭിഭാഷകരെ കേട്ടു.

2. അനുമതി നൽകി.

**പശ്ചാത്തലം**

3. തങ്ങൾക്കെതിരെയുള്ള ക്രിമിനൽ കേസിലെ കുറ്റപത്രം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട്, ക്രിമിനൽ നടപടി നിയമസംഹിതയുടെ 482-ാം വകുപ്പ് പ്രകാരമുള്ള അവരുടെ ഹർജി തള്ളിക്കൊണ്ടുള്ള ഹൈക്കോടതി സിംഗിൾ ജഡ്ജിയുടെ വിധിക്കെതിരെയാണ് അപ്പീൽവാദികൾ ഈ കോടതിയെ സമീപിച്ചിരിക്കുന്നത്.

4. പ്രോസിക്യൂഷന്റെ കേസനുസരിച്ച്, പരാതിക്കാരിക്ക് അപ്പീൽവാദികളുടെ മകനുമായി ബന്ധമുണ്ടായിരുന്നുവെന്നും, വിവാഹം കഴിക്കാമെന്ന ഉറപ്പിന്മേൽ മകനുമായി ശാരീരിക ബന്ധത്തിൽ ഏർപ്പെട്ടുവെന്നും അവൾ ആരോപിച്ചു. ഒരിക്കൽ അപ്പീൽവാദികളുടെ മകൻ അവളെ അവർക്ക് (മാതാപിതാക്കൾക്ക്) പരിചയപ്പെടുത്താൻ കൊണ്ടുപോയപ്പോൾ അവളെ മരുമകളായി സ്വീകരിക്കാൻ

അവർ സമ്മതിച്ചിരുന്നു. എന്നാൽ പിന്നീട്, അപ്പീൽവാദികൾ (മാതാപിതാക്കൾ) മറ്റൊരു പെൺകുട്ടിയുമായി അവന്റെ വിവാഹം ഉറപ്പിച്ചതായി അവൻ അവളെ അറിയിച്ചു.

**സമർപ്പണങ്ങൾ**

5. പരാതിയിൽ ഒരിടത്തും കുറ്റാരോപിതരായ മാതാപിതാക്കൾ പരാതിക്കാരിയെ അവരുടെ മകനുമായി വിവാഹം കഴിപ്പിക്കാമെന്ന് പറഞ്ഞതായോ പ്രേരിപ്പിച്ചതായോ കൂടാതെ അതിന്റെ അടിസ്ഥാനത്തിൽ അവരുടെ മകനുമായി ശാരീരിക ബന്ധത്തിൽ ഏർപ്പെടാൻ കാരണമായതായോ യാതൊരു ആരോപണവുമില്ലെന്ന് അപ്പീൽവാദികളുടെ അഭിഭാഷകൻ സമർപ്പിച്ചു. കൂടാതെ, അതിന്റെ അടിസ്ഥാനത്തിൽ അവരുടെ മകനെ മറ്റൊരു പെൺകുട്ടിയെ വിവാഹം കഴിക്കാൻ നിർബന്ധിച്ചു എന്നോ പ രാതിക്കാരിയുമായി തങ്ങളുടെ മകനുള്ള അടുപ്പത്തെക്കുറിച്ച് അവർക്ക് എന്തെങ്കിലും അറിവുണ്ടായിരുന്നുവെന്നോ എന്നുള്ള യാതൊരു ആരോപണവുമില്ല.

6. നേരെമറിച്ച്, അപ്പീൽവാദികൾ അവന്റെ മാതാപിതാക്കളായതിനാൽ അവരുടെ പങ്ക് നിർണായകമാണെന്നും അവരുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് പരാതിക്കാരി അവനുമായി ശാരീരിക ബന്ധത്തിൽ ഏർപ്പെ ടാൻ സമ്മതിച്ചതെന്നും അവളുടെ അഭിഭാഷകൻ വാദിച്ചു. എന്നാൽ അവർ അവളെ പെട്ടെന്ന് പൂർണ്ണമായും ഉപേക്ഷിക്കുകയായിരുന്നു എന്നും സമർപ്പിച്ചു. അപ്പീൽവാദികളുടെ മകൻ അവളെ വഞ്ചിച്ച് മറ്റൊരു പെൺകുട്ടിയെ വിവാഹം കഴിക്കുകയായിരുന്നു എന്നും വാദിച്ചു.

7. നിലവിലെ കേസിലെ വസ്തുതകളെയും വാദങ്ങളെയും കണക്കിലെടുക്കുമ്പോൾ, 1860-ലെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 417-ഉം 109-ഉം വകുപ്പുകൾ പ്രകാരം അപ്പീൽവാദികളെ കുറ്റക്കാരായി പ്രഖ്യാപിക്കാൻ കഴിയില്ലെന്ന് സംസ്ഥാനത്തിനുവേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ സമർപ്പിച്ചു.

**വിശകലനം, ന്യായവാദം, നിഗമനം**

8. ഐ.പി.സി.യിലെ 415-ാം വകുപ്പ് താഴെ ചേർത്തിരിക്കുന്നു:

'415. ചതിക്കൽ.- ഏതെങ്കിലും ആളെ കബളി പ്പിച്ചു കൊണ്ട്, അപ്രകാരം കബളിപ്പിക്കപ്പെട്ട ആളെ ഏതെങ്കിലും വസ്തു ഏതെങ്കിലും ആൾക്ക് കൊടുക്കുവാനോ അല്ലെങ്കിൽ ഏതെങ്കിലും ആൾ ഏതെങ്കിലും വസ്തു വച്ചുകൊണ്ടിരിക്കുന്നത് സമ്മതിക്കുവാനോ വഞ്ചനാപൂർവ്വകമായോ നേരുകേടായോ പ്രചോദിപ്പിച്ച് അതിനിടയാക്കുകയോ,അല്ലെ ങ്കിൽ അപ്രകാരം കബളിപ്പിക്കപ്പെട്ട ആളെ, അയാൾ അപ്രകാരം കബളിപ്പിക്കപ്പെട്ടി ട്ടില്ലായിരുന്നെങ്കിൽ അയാൾ ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്യാതിരിക്കുമായിരു ന്നതും, അങ്ങനെയുള്ള ഏത് കൃത്യമോ കൃത്യവിലോപമോ ആണോ ആ ആളുടെ ശരീരത്തിനോ മനസ്സിനോ ഖ്യാതിക്കോ, വസ്തുവിനോ നഷ്ടമോ ഹാനിയോ ഉളവാക്കുകയോ ഉളവാക്കുവാൻ ഇടയുള്ളതാക്കുകയോ ചെയ്യുമായിരുന്നത്, അങ്ങയെുള്ളതുമായ ഏതെങ്കിലും ചെയ്യു വാനോ ചെയ്യാതിരിക്കുവാനോ ഉദ്ദേശ പൂർവ്വം പ്രചോദിപ്പിച്ച് അതിനിടയാക്കുകയോ ചെയ്യുന്ന ഏതൊരാളും ചതിക്കുന്നതായി പ റയപ്പെടുന്നു.

**വിശദീകരണം.-** വസ്തുതകൾ നേരുകേടായി ഒളിച്ച് വയ്ക്കുന്നത് ഈ വകുപ്പിന്റെ അർത്ഥത്തിൽ കബളിപ്പിക്കൽ ആകുന്നു.

**ദൃഷ്ടാന്തങ്ങൾ**

(ക) ക, സിവിൽ സർവ്വീസിലാണെന്ന് വ്യാജ മായി നടിക്കുന്നതുവഴി ഉദ്ദേശപൂർവ്വം

യ യെ കബളിപ്പിക്കുകയും അങ്ങനെ ക വിലകൊടുക്കുവാൻ ഉദ്ദേശിക്കാത്ത സാധനങ്ങൾ കടമായി കൊടുക്കുവാൻ യ യെ നേരുകേടായി പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നു. ക ചതിക്കുന്നു.

(ഖ) ക ഒരു സാധനത്തിന്റെ മേൽ ഒരു കപടാനുകരണം നടത്തിയുണ്ടാക്കിയ ചിഹ്നം ഇടുന്നതുവഴി ഈ സാധനം സുപ്രസിദ്ധനായ ഒരു നിർമ്മാതാവിനാൽ ഉണ്ടാക്കപ്പെട്ടതാണെന്ന് ഉദ്ദേശപൂർവ്വം കബളിപ്പിച്ച് യ യെ വിശ്വസിപ്പിക്കുകയും അങ്ങനെ സാധനം വിലയ്ക്ക് വാങ്ങുവാനും അതിന്റെ പണം കൊടുക്കുവാനും യ യെ നേരുകേടായി പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നു. ക ചതിക്കുന്നു.

(ഗ) ക ഒരു സാധനത്തിന്റെ വ്യാജമായ സാമ്പിൾ പ്രദർശിപ്പിച്ചുള്ള സാധനം സാമ്പിളിന് സദൃശമാണെന്ന ഉദ്ദേശപൂർവ്വം കബളിപ്പിച്ച് യ യെ വിശ്വസിപ്പിക്കുകയും അതുവഴി ആ സാധനം വിലയ്ക്ക് വാങ്ങുവാനും അതിന്റെ പണം കൊടുക്കുവാനും യ യെ നേരുകേടായി പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നു. ക ചതിക്കുന്നു.

(ഘ) ഒരു സാധനത്തിന്റെ വിലയ്ക്കായി ക, താൻ പണം നിക്ഷേപിച്ചിട്ടില്ലാത്ത ഒരു സ്ഥാപനത്തിലേക്ക് ബിൽ കൊടുക്കുകയും അങ്ങനെ ചെയ്യുന്നതുമൂലം ബിൽ അനാദരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നതുവഴി യ യെ ഉദ്ദേശപൂർവ്വം കബളിപ്പിക്കുകയും അതുവഴി, സാധനത്തിന് വിലകൊടുക്കാതിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി, ആ സാധനം കൊടുക്കുവാൻ നേരുകേടായി യ യെ പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നു.ക ചതിക്കുന്നു.

(ങ) ക വൈരക്കല്ലുകളല്ലെന്ന് തനിക്കറിയാവുന്ന സാധനങ്ങൾ വൈരക്കല്ലുകളാണെന്ന നിലയിൽ പണയം വയ്ക്കുന്നതുവഴി യ യെ ഉദ്ദേശപൂർവ്വം കബളിപ്പിക്കുകയും അതുവഴി പണം കടം കൊടുക്കുവാൻ യ യെ നേരുകേടായി പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നു. ക ചതിക്കുന്നു.

(ച) യ ക യ്ക്കു കടം കൊടുക്കുന്ന ഏതു തുകയും താൻ തിരിച്ചു കൊടുക്കാനുദ്ദേശിക്കുന്നുണ്ടെന്ന് ക യ യെ ഉദ്ദേശപൂർവ്വം കബളിപ്പിച്ച് വിശ്വസിപ്പിക്കുകയും അതുവഴി ക, തിരിച്ചുകൊടുക്കാനുദ്ദേശിക്കാതെ പണം കടം നല്കുവാൻ നേരുകേടായി യ യെ പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നു. ക ചതിക്കുന്നു.

(ഛ) ക കൊടുക്കുവാൻ ഉദ്ദേശിക്കാത്ത ഏതാനും അമരിച്ചെടി യ യ്ക്ക് കൊടുക്കുവാൻ താൻ ഉദ്ദേശിക്കുന്നുവെന്ന് ക യ യെ ഉദ്ദേശപൂർവ്വം കബളിപ്പിച്ച് വിശ്വസിപ്പിക്കുകയും അങ്ങനെ കൊടുക്കുമെന്നുള്ള വിശ്വാസത്തിൻമേൽ പണം മുൻകൂറായി കൊടുക്കുവാൻ അതുവഴി യ യെ നേരുകേടായി പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നു. ക ചതിക്കുന്നു. എന്നാൽ പണം ലഭിക്കുന്ന സമയത്ത് അമരിച്ചെടി ക കൊടുക്കണമെന്ന് ഉദ്ദേശിക്കുകയും പിന്നീട് അയാളുടെ കാൺട്രാക്റ്റ് ലംഘിക്കുകയും അത് കൊടുക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അയാൾ ചതിക്കുന്നില്ല. എന്നാൽ കാൺട്രാക്റ്റ് ലംഘനത്തിനുള്ള സിവിൽ നടപടിക്കുമാത്രം അയാൾ വിധേയനാകുന്നതാണ്.

(ജ) ക യ യു മായി ഏർപ്പെട്ടിട്ടുള്ള ഒരു കാൺട്രാക്റ്റിൽ നിറവേറ്റിയിട്ടില്ലാത്ത തന്റെ ഭാഗം നിറവേറ്റിയിട്ടുള്ളതായി ക ഉദ്ദേശപൂർവ്വം യ യെ കബളിപ്പിച്ച് വിശ്വസിപ്പിക്കുകയും അതുവഴി പണം കൊടുക്കുവാൻ നേരുകേടായി യ യെ പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നു. ക ചതിക്കുന്നു.'

(ഝ) ക ഒരു എസ്റ്റേറ്റ് ഖ യ്ക്ക് വില്ക്കുകയും കൈമാറുകയും ചെയ്യുന്നു. അങ്ങനെയുള്ള വില്പനയുടെ അനന്തരഫലമായി ആ വസ്തുവിൽ തനിക്ക് യാതൊരു അവകാശവുമില്ലെന്ന

റിഞ്ഞുകൊണ്ട് ക മുൻപ് ഖ യ്ക്ക് വില്ക്കുകയും കൈമാറുകയും ചെയ്തത് വെളിപ്പെടുത്താതെ, അത് യ യ്ക്ക് വില്ക്കുകയോ പണയം കൊടുക്കുകയോ ചെയ്യുകയും യ യിൽ നിന്ന് ക്രയ വിലയോ പണയത്തുകയോ സ്വീകരിക്കുകയും ചെയ്യുന്നു. ക ചതിക്കുന്നു.'

9. ഈ വിഷയം വിശദമായി പരിഗണിച്ച ശേഷം അപ്പീൽവാദികൾക്കു വേണ്ടി ഹാജരായ അഭിഭാഷകന്റെ വാദങ്ങളിൽ കഴമ്പുണ്ടെന്ന് കാണുന്നു. അപ്പീൽവാദികൾ അവളുമായി ബന്ധത്തിലായിരുന്ന ആൺ കുട്ടിയുടെ മാതാപിതാക്കളാണെന്നും ഒരിക്കൽ, അവൾ അപ്പീൽവാദികളുടെ മകനോടൊപ്പം അവരെ കണ്ടിരുന്നുവെന്നും മാത്രമായിരുന്നു അപ്പീൽവാദികൾക്കെതിരെ പരാതിക്കാരിയുടെ ഒരേയൊരു പരാമർശം എന്ന് പരാതി മുഴുവനായും വായിച്ചതിൽ നിന്ന് വ്യക്തമാകുന്നത്. അപ്പീൽവാദികൾ കുറച്ചു ദിവസത്തേക്ക് പോലും അവരോടൊപ്പം താമസിക്കാൻ അവരുടെ മകൻ ആഗ്രഹിച്ചില്ലെന്നും, ഉടൻ തന്നെ അവിടെ നിന്നും അവരെ പറഞ്ഞയച്ചതായും പരാതിയിൽ തന്നെ പറയുന്നു. ഞങ്ങളുടെ അഭിപ്രായത്തിൽ, അവരുടെ മകന്റെയും പരാതിക്കാരിയുടെയും ഇടയിൽ എന്താണ് നടക്കുന്നത് എന്നതിൽ അപ്പീൽവാദികൾ തീർത്തും അജ്ഞരായിരുന്നു എന്നതിന്റെ സൂചന കൂടിയാണിത്. അല്ലാത്തപക്ഷം പരാതിയിൽ തന്നെ ആരോപിക്കപ്പെട്ടിട്ടുള്ളതിൽ നിന്ന് അപ്പീൽവാദികളുടെ ഭാഗത്ത് നിന്ന് കുറ്റകരമെന്നോ നിയമ വിരുദ്ധമെന്നോ വിശേഷിപ്പിക്കാവുന്ന എന്തെങ്കിലും പ്രവൃത്തിയോ പെരുമാറ്റമോ ഉണ്ടായതായി ഞങ്ങൾക്ക് കണ്ടെത്താനായില്ല. ഐ.പി.സി. പ്രകാരമുള്ള ഏതെങ്കിലും കുറ്റകൃത്യത്തിന്റെ ഘടകങ്ങൾ വരുന്നതായി കാണുന്നില്ല. അതിനാൽ, നിലവിലെ അപ്പീൽവാദികൾക്കെതിരെ ഐ.പി.സി.യുടെ 415-ാം വകുപ്പിന്റെ കീഴിൽ വരുന്ന ഏതെങ്കിലും കുറ്റകൃത്യം നിലനിൽക്കുന്നതായി ഞങ്ങൾക്ക് കണ്ടെത്താൻ കഴിയില്ല.

10. കൂടാതെ, പരാതി നൽകുമ്പോൾ പരാതിക്കാരിക്ക് 29-ഉം, അപ്പീൽവാദികളുടെ മകന് 32-ഉം വയസ്സായിരുന്നു. പരാതിക്കാരി ബിരുദാനന്തര ബിരുദധാരിയാണെന്നും അപ്പീൽവാദികളുടെ തുണിക്കടയിൽ ജോലി ചെയ്തു വന്നതിന് ശേഷം പിന്നീട് സ്വന്തമായി ഒരു സൗന്ദര്യവർദ്ധക-വസ്തുക്കളുടെ കട തുടങ്ങിയതായും പറയപ്പെടുന്നു. പരാതിക്കാരിയുടെ പ്രായവും വിദ്യാഭ്യാസ യോഗ്യതയും കണക്കിലെടുക്കുമ്പോൾ അപ്പീൽ വാദികളുടെ ഏതെങ്കിലും പ്രസ്താവനയോ പെരുമാറ്റമോ പരാതിക്കാരിയെ അവരുടെ മകനുമായി അടുപ്പത്തിലേക്ക് നയിച്ചു എന്ന വാദം ഞങ്ങൾ അംഗീകരിക്കുന്നില്ല. എന്തുതന്നെ ആയാലും, പരാതി ഒറ്റ നോട്ടത്തിൽ വീക്ഷിക്കുമ്പോൾ പ്രധാന ആരോപണങ്ങൾ അപ്പീൽവാദികളുടെ മകനെതിരെയാണെന്ന് വ്യക്തമാണ്. ചോദ്യം ചെയ്യപ്പെട്ട വിധി ന്യായത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, ക്രിമിനൽ നടപടി നിയമസംഹിതയുടെ 482-ാം വകുപ്പ് പ്രകാരം അവരുടെ മകൻ ഒരു ഹർജി ഫയൽ ചെയ്തിരുന്നുവെങ്കിലും, പിന്നീട് അത് പിൻവലിക്കുകയായിരുന്നു. 16/2022 നമ്പരായി പ്രാഥമികമായി രജിസ്റ്റർ ചെയ്ത കേസിൽ അപ്പീൽവാദികളുടെ മകനെതിരായി സ്വതന്ത്രമായി നടപടിതുടരാൻ കഴിയുന്നിടത്തോളം അവർക്ക് (അപ്പീൽവാദികൾക്ക്) ആശ്വാസം നൽകുന്നത് വഴി അവരുടെ മകനെതിരായ കേസിനെ പ്രതികൂലമായി ബാധിക്കില്ല.

11. വിഷ്ണു കുമാർ ശുക്ല v. സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ്, (2023) 15 SCC 502, എന്ന കേസിൽ, കോടതി ഇപ്രകാരം പ്രസ്താവിച്ചു:

"22. മുമ്പ് പറഞ്ഞ വസ്തുതകളെയും ഗുണദോഷങ്ങളെയും (merits) കുറിച്ചുള്ള ഞങ്ങളുടെ വീക്ഷണവുമായി സംയോജിപ്പിച്ച് നിയമപരമായ

വശങ്ങളെ ശ്രദ്ധാപൂർവ്വം പരിശോധിക്കുമ്പോൾ അപ്പീൽവാദികൾ കുറ്റക്കാരാണെന്ന് കാണിക്കുന്ന ശക്തമായതോ ഗൗരവമുള്ളതോ ആയ തെളിവ് പോയിട്ട് സംശയം പോലും ഇല്ലെന്ന് ഞങ്ങൾക്ക് ബോധ്യപെട്ടു. ഈ പശ്ചാത്തലത്തിൽ സമ്പൂർണ്ണമായ ക്രിമിനൽ വിചാരണ നേരിടാൻ അപ്പീൽവാദികളെ നിർബന്ധിക്കുന്നത് നീതീകരിക്കാനാവില്ല. സി.ആർ.പി.സി.യുടെ 482-ാം വകുപ്പിൻ കീഴിൽ എഫ്.ഐ.ആർ. റദ്ദാക്കാൻ ഹൈക്കോടതി വിസമ്മതിച്ചതിനെതിരെയുള്ള ഒരു അപ്പീലിൽ, അതിൽ ചോദ്യം ചെയ്യപ്പെട്ട വിധിയെയും [പുഷ്പേന്ദ്ര മിശ്ര v. സ്റ്റേറ്റ് ഓഫ് എം.പി., 2019 SCC Online MP 7164] ആ എഫ്.ഐ.ആറിനെയും റദ്ദാക്കുകയും ചെയ്തുകൊണ്ട്, ഈ കോടതി ഇനിപ്പറയുന്ന വീക്ഷണം സ്വീകരിച്ചു :

'24. ... ശല്യമുണ്ടാക്കുന്നതും അനാവശ്യവുമായ ക്രിമിനൽ പ്രോസിക്യൂഷനിൽ നിന്നും, അതിനെത്തുടർന്നുണ്ടാകുന്ന അനാവശ്യമായ വിചാരണയുടെ കാഠിന്യത്തിലേക്ക് തള്ളിവിടുന്നതിൽ നിന്നും അപ്പീൽവാദികളെ സംരക്ഷിക്കണം.' [പ്രിയങ്ക മിശ്ര v. സ്റ്റേറ്റ് ഓഫ് എം.പി., (2023) 15 SCC 480, SSC ഖണ്ഡിക 24]

ശല്യമുണ്ടാക്കുന്നതും അനാവശ്യവുമായ പ്രോസിക്യൂഷനിൽ നിന്നുള്ള സംരക്ഷണവും, അനാവശ്യമായി വിചാരണയിലേയ്ക്ക് വലിച്ചിഴക്കുന്നതിൽ നിന്നുള്ള സംരക്ഷണവും നൽകേണ്ടത് ഹൈക്കോടതികളുടെ കടമയാണ്. അത് അർഹമായിട്ടുള്ള ഒരു കേസിൽ സാഹചര്യങ്ങൾക്കനുസരിച്ച് എഫ്.ഐ.ആർ. / പരാതി റദ്ദാക്കുന്നതിലൂടെയോ, ഡിസ്ചാർജ് നിരസിച്ച ഉത്തരവിനെതിരെയുള്ള അപ്പീൽ അനുവദിക്കുന്നതിലൂടെയോ അല്ലെങ്കിൽ നിയമപരമായി അനുവദനീയമായ മറ്റേതെങ്കിലും മാർഗത്തിലൂടെയോ ക്രിമിനൽ നടപടി അപ്രത്യക്ഷമാക്കാം. ഹൈക്കോടതി ഇടപെട്ട് അപ്പീൽവാദികളെ വെറുതെ വിടണമായിരുന്നു. എന്നാൽ ഈ കോടതി മൗലികാവകാശങ്ങളുടെ ജാഗ്രതയുള്ള സംരക്ഷകനെന്ന നിലയിൽ ഇടപെടും. *(ഊന്നിപ്പറഞ്ഞു)*

12. മുകളിൽ പറഞ്ഞ കാര്യങ്ങൾ കണക്കിലെടുക്കുമ്പോൾ, അപ്പീൽവാദികളെ വിചാരണയ്ക്ക് വിധേയമാക്കുന്നത് കോടതി നടപടിക്രമങ്ങളുടെ ദുരുപയോഗമാകുമെന്നും, അത് മുളയിലേ നുള്ളിക്കളയേണ്ടതുണ്ടെന്നും ഞങ്ങൾ കാണുന്നു. മുകളിൽ സൂചിപ്പിച്ച കാരണങ്ങളാൽ അപ്പീൽ അനുവദിക്കുന്നു. ചോദ്യം ചെയ്യപ്പെട്ട വിധി റദ്ദാക്കുന്നു. അപ്പീൽവാദികളുമായി ബന്ധപ്പെട്ടിടത്തോളം പി.ആർ.സി. നമ്പർ 16/2022 ലെ നടപടികൾ റദ്ദാക്കിയിരിക്കുന്നു. അവരുടെ ജാമ്യ ബോണ്ടുകളുടെയും ജാമ്യക്കാരുടെയും ബാധ്യതകളിൽ നിന്ന് അവരെ ഒഴിവാക്കുന്നു.

13. ഞങ്ങളുടെ നിരീക്ഷണങ്ങൾ അപ്പീൽവാദികളുടെ മകനെതിരായ നടപടികൾ തുടരുന്നതിന് സംസ്ഥാനത്തെയോ പരാതിക്കാരിയെയോ ഒരു തരത്തിലും ദോഷകരമായി ബാധിക്കരുത്.

14. 73962/2023 [ചോദ്യം ചെയ്യപ്പെട്ട വിധിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഫയൽ ചെയ്യുന്നതിൽ നിന്നുള്ള ഇളവ്], 73963/2023 [ഔദ്യോഗിക വിവർത്തനങ്ങൾ ഫയൽ ചെയ്യുന്നതിൽ നിന്നുള്ള ഇളവ്] എന്നീ നമ്പറുകളിലുള്ള ഇടക്കാല അപേക്ഷകൾ (interlocutory application) ഔപചാരികമായി അനുവദിക്കുന്നു.

**ഉപസംഹാര കുറിപ്പ്** : (Parting Note)

15. ഗുണദോഷങ്ങളുടെ അടിസ്ഥാനത്തിൽ ഈ വിഷയം കൈകാര്യം ചെയ്ത ശേഷം, അടുത്തതായി ഞങ്ങൾ അല്പം അസ്വസ്ഥജനകമായ ഒരു കാര്യം കൈകാര്യം ചെയ്യുന്നു. ഹൈക്കോടതിക്ക് മുമ്പാകെയുള്ള ഹർജിയിലെ കക്ഷികൾ ഇവരായിരുന്നു: (i) അപ്പീൽവാദികൾ (യഥാർത്ഥ ഹർജിക്കാർ); (ii) സംസ്ഥാനം, (iii) പരാതിക്കാരി. അങ്ങനെയിരിക്കെ, ചോദ്യം ചെയ്യപ്പെട്ട വിധിന്യായത്തിൽ ഹൈക്കോടതി

നടത്തിയ താഴെപ്പറയുന്ന നിരീക്ഷണം തീർത്തും അനാവശ്യമായിരുന്നു, അതിനോട് ഞങ്ങൾ അതൃപ്തി പ്രകടിപ്പിക്കുന്നു:

"10. ... ഈ ഹർജി അനുവദിച്ചാൽ, ഹർജിക്കാരുടെ മകൻ വിവാഹപ്രായമായ സ്ത്രീകളെ ഇതേ രീതിയിൽ നശിപ്പിക്കും...."

16. ഹൈക്കോടതിയുടെ മുമ്പാകെ ഉണ്ടായിരുന്ന ഹർജിയിൽ അപ്പീൽവാദികളുടെ മകൻ കക്ഷി അല്ലായിരുന്നു എന്ന കാര്യം ഹൈക്കോടതി മനസ്സിലാക്കേണ്ടതായിരുന്നു എന്ന് ഞങ്ങൾ പ്രതീക്ഷിച്ചു. അനു കുമാർ v. സംസ്ഥാനം (2021 SCC Online SC 3454) എന്ന കേസിലും ഏകദേശം സമാനമായ ഒരു സാഹചര്യം ഉയർന്നുവന്നിരുന്നു. അതിൽ കോടതി ഇപ്രകാരം വിധിച്ചു:

"4. നമ്മുടെ മുന്നിലുള്ള കാതലായ പ്രശ്നം, കേസിൽ പേരു എടുത്ത് പറഞ്ഞിരിക്കുന്ന പ്രതി സമർപ്പിച്ച കേസ് റദ്ദാക്കുന്നതിനുള്ള ഹർജിയിൽ ക്രിമിനൽ നടപടി നിയമസംഹിതയുടെ 482-ാം വകുപ്പ് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ച് ആരോപിക്കപ്പെട്ട കുറ്റകൃത്യത്തിൽ മൂന്നാം കക്ഷിക്ക് (അപ്പീൽവാദിക്ക്) പങ്കുണ്ടെന്ന് സൂചിപ്പിക്കുന്ന ഏതെങ്കിലും പ്രത്യേക വസ്തുത കുറ്റപത്രത്തിൽ പരാമർശിക്കുന്നത് പോയിട്ട് കോടതി മുമ്പാകെ ഹാജരല്ലാത്തതോ ചോദ്യം ചെയ്യപ്പെട്ട വിധി പുറപ്പെടുവിക്കുന്നതിനുമുമ്പ് ഒരു അവസരവും നൽകാത്തതോ ആയ ഒരാൾക്ക് എതിരെ അത്തരമൊരു നിർദ്ദേശം പുറപ്പെടുവിക്കാനും നിരീക്ഷണങ്ങൾ നടത്താനും ഹൈക്കോടതിക്ക് കഴിയുമോ എന്നതാണ്.

5. ഞങ്ങളുടെ അഭിപ്രായത്തിൽ, ഒരിക്കലും 'കഴിയില്ല' എന്നതാണ് ഉത്തരം. ഹൈക്കോടതിയുടെ ഇടപെടലിന് ആവശ്യമായതും വിശ്വസനീയവുമായ വസ്തുതകൾ പരാമർശിക്കാത്തിടത്തോളം ഒരു മൂന്നാം കക്ഷിയെ പ്രതികൂലമായി ബാധിക്കുന്ന ഒരു വിഷയത്തിലേക്ക് ഹൈക്കോടതി കടക്കാൻ പാടില്ലാത്തതായിരുന്നു.

6. തെളിവ് രേഖപ്പെടുത്തിയ ശേഷം, കൂടുതൽ പേർ കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വിചാരണ കോടതി കണ്ടെത്തിയാൽ, ക്രിമിനൽ നടപടി നിയമസംഹിതയുടെ 319-ാം വകുപ്പ് പ്രകാരം അവർക്കെതിരെ നടപടിയെടുക്കണമെന്ന് ഹൈക്കോടതി നിരീക്ഷിച്ചിരുന്നെങ്കിൽ ഈ വിഷയം ഉണ്ടാകുമായിരുന്നില്ല. പറഞ്ഞിട്ടുള്ള കുറ്റകൃത്യവുമായി ബന്ധപ്പെട്ട് അപ്പീൽവാദിക്കെതിരെ നടപടിയെടുക്കാൻ നിർദ്ദേശം നൽകിയതും, അദ്ദേഹത്തിനെതിരെ അപകീർത്തികരമായ നിരീക്ഷണങ്ങൾ രേഖപ്പെടുത്തിയതും അംഗീകരിക്കാൻ കഴിയില്ലെന്ന് നിരീക്ഷിക്കുന്നു. അത് രേഖയിൽ നിന്ന് നീക്കം ചെയ്യുന്നു."

(ഊന്നിപ്പറഞ്ഞു)

17. അപ്പീൽവാദികളുടെ മകന് ഒരു അറിയിപ്പോ/ അവസരമോ നൽകാതെയും, അവന് പറയാനുള്ള അവസരം നൽകാതെയുമാണ് ഹൈക്കോടതി നിരീക്ഷണം നടത്തിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ, മുകളിൽ സൂചിപ്പിച്ച അനു കുമാർ കേസിൽ എടുത്ത നടപടിക്ക് സമാനമായ ഒരു നടപടി സ്വീകരിക്കാൻ ഞങ്ങൾ ഉദ്ദേശിക്കുന്നു. അതനുസരിച്ച്, മുകളിൽ ഉദ്ധരിച്ച ചോദ്യംചെയ്യപ്പെട്ട വിധിന്യായത്തിന്റെ ഖണ്ഡിക 10-ൽ നിന്നുമുള്ള ആ ഭാഗം ഹൈക്കോടതിയുടെ രേഖകളിൽ നിന്ന് നീക്കം ചെയ്യുന്നു. ഈ വിഷയത്തിൽ ഞങ്ങളുടെ ഇടപെടൽ ഈ ഉത്തരവിന്റെ ഖണ്ഡിക 11-ൽ പറഞ്ഞിരിക്കുന്ന നിരീക്ഷണങ്ങളെ ലഘൂകരിക്കുന്നില്ല.

18. ഈ ഉത്തരവിന്റെ ഒരു പകർപ്പ് മദ്രാസ് ഹൈക്കോടതിയിലെ മധുര ബെഞ്ചിലെ രജിസ്ട്രാർ (ജുഡീഷ്യൽ) ന് അയയ്ക്കണം.

**സുപ്രീം കോടതി മുമ്പാകെ**

സിവിൽ അപ്പീൽ അധികാരപരിധി

**ബഹു. ജസ്റ്റിസ് ബി. വി. നാഗരത്ന**

&

**ബഹു. ജസ്റ്റിസ് സതീഷ് ചന്ദ്ര ശർമ്മ**

സിവിൽ അപ്പീൽ നം. _____ / 2025

[എസ്.എൽ.പി. (സിവിൽ) നം. 13060/2020-ൽ നിന്നുത്ഭവിച്ചത്]

**ശ്രീ ബിനോദ് കുമാർ സിംഗ് – അപ്പീൽവാദി**

v.

**നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് – എതിർകക്ഷി**

( 07.02.2025- ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

ട്രക്ക് ബീഹാർ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതിനാൽ, അത് ബീഹാർ സംസ്ഥാനത്തിന് പുറത്തേക്ക് പോകുമ്പോൾ മാത്രമേ ഓതറൈസേഷൻ ഫീസ് നൽകേണ്ടതുള്ളൂ. 08-06-2014-ന് ബീഹാർ സംസ്ഥാനത്തുവെച്ച് ഷോർട്ട് സർക്യൂട്ട് മൂലം ട്രക്ക് തീപിടിച്ചിട്ടുള്ളതിനാൽ, അങ്ങനെയുള്ള നിസ്സാരമായ കാരണത്താൽ എതിർകക്ഷിയായ കമ്പനി അപ്പീൽവാദിയുടെ അവകാശവാദം നിരസിക്കാൻ പാടില്ലാത്തതായിരുന്നു. പ്രസ്തുത പെർമിറ്റ് നൽകിയത് ബീഹാറിലെ ക്ഷമതയുള്ള അധികാരിയായതിനാൽ, ബീഹാർ സംസ്ഥാനത്തിനകത്ത് ട്രക്ക് ഓടിക്കുമ്പോൾ ഓതറൈസേഷൻ ഫീസ് നൽകേണ്ടതില്ലായിരുന്നു. കൂടാതെ നാഷണൽ പെർമിറ്റിന്റെ നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച്, ട്രക്ക് ബീഹാർ സംസ്ഥാനത്തിന് പുറത്തേക്ക് പോകുമ്പോൾ മാത്രമേ ഓതറൈസേഷൻ ഫീസ് നൽകേണ്ടതുള്ളൂ. അതിനാൽ, ഈ കോടതിയുടെ അഭിപ്രായത്തിൽ, സംസ്ഥാന കമ്മീഷൻ വിധിച്ചതുപോലെ, അപ്പീൽവാദിക്ക് തീർച്ചയായും ഇൻഷ്വറൻസ് പരിരക്ഷ അവകാശപ്പെടാൻ അർഹതയുണ്ടായിരുന്നതിനാൽ, ദേശീയ കമ്മീഷൻ പാസാക്കിയ 19-08-2020-ലെ ഉത്തരവ് റദ്ദാക്കപ്പെടേണ്ടതിനാൽ അപ്രകാരം റദ്ദാക്കുന്നു.

**വിധിന്യായം**

**ജസ്റ്റിസ് സതീഷ് ചന്ദ്ര ശർമ്മ**

1.അനുമതി നൽകി.

2.ന്യൂ ഡൽഹിയിലെ ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ (ചുരുക്കത്തിൽ ''ദേശീയ കമ്മീഷൻ'') 2017-ലെ 1778-ാം നമ്പർ ഒന്നാം അപ്പീലിൽ പാസാക്കിയ 19-08-2020-ലെ ഉത്തരവിനെതിരെയാണ് നിലവിലെ അപ്പീൽ ഫയൽ ചെയ്തിരിക്കുന്നത്.

3. BR-02-Q9220 എന്ന രജിസ്ട്രേഷൻ നമ്പറോട് കൂടിയ TATA-251625. 0LPKTC എന്ന മേക്ക് നമ്പറുള്ള ട്രക്കിന്റെ ഉടമയാണ് ഈ കോടതി മുമ്പാകെയുള്ള അപ്പീൽവാദി എന്ന് കേസിന്റെ വസ്തുതകളിൽ നിന്നും കാണാവുന്നതാണ്. എതിർകക്ഷിയായ നാഷണൽ ഇൻഷ്വറൻസ് കമ്പനിയിൽ നിന്ന് 18-09-2013 മുതൽ 17-09-2014 അർദ്ധരാത്രി വരെ ഒരു വർഷത്തേക്ക് ഇൻഷ്വർ ചെയ്തിരുന്ന ഈ ട്രക്ക്, നിർഭാഗ്യവശാൽ, ഇൻഷ്വറൻസ് പരിരക്ഷയുള്ള സമയമായ 08-06-2014-ന് ഷോർട്ട് സർക്യൂട്ട് മൂലം തീപിടിച്ചു.

4. ബീഹാറിലെ പട്നയിലെ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് (ചുരുക്കത്തിൽ ''സംസ്ഥാന കമ്മീഷൻ'') മുമ്പാകെ അപ്പീൽവാദി പരാതി നൽകുകയും, നാഷണൽ ഇൻഷ്വറൻസ് കമ്പനി v. നിതിൻ ഖണ്ഡേൽവാൾ (8463/2014 നമ്പർ ക്രിമിനൽ അപ്പീൽ) കേസിൽ പുറപ്പെടുവിച്ച വിധിന്യായത്തെ ആശ്രയിച്ച് സംസ്ഥാന കമ്മീഷൻ എതിർകക്ഷിയായ ഇൻഷ്വറൻസ് കമ്പനിയോട് അപ്പീൽവാദി മറ്റ് വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെങ്കിൽ, മൂന്ന് മാസത്തിനുള്ളിൽ നോൺ-സ്റ്റാൻഡേർഡ് അടിസ്ഥാനത്തിൽ അവകാശവാദം തീർപ്പാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

5. സംസ്ഥാന കമ്മീഷൻ പാസാക്കിയ 07-07-2017-ലെ ഉത്തരവിൽ സങ്കടപ്പെട്ട എതിർകക്ഷിയായ നാഷണൽ ഇൻഷ്വറൻസ് കമ്പനി ദേശീയ കമ്മീഷന് മുമ്പാകെ അപ്പീൽ നൽകുകയും, മുകളിൽ സൂചിപ്പിച്ച 'നിതിൻ ഖണ്ഡേൽവാളിന്റെ' കേസ് മോഷണ കേസായതിനാലും, നിലവിലെ കേസ് തീപിടുത്തം മൂലമുള്ള നാശനഷ്ടങ്ങളുമായി ബന്ധപ്പെട്ടതായതിനാലും, ഈ കോടതി പുറപ്പെടുവിച്ച വിധി അപ്പീൽവാദിയെ സഹായിക്കില്ലെന്ന് ചൂണ്ടികാണിച്ചുകൊണ്ട് ദേശീയ കമ്മീഷൻ അപ്പീൽ അനുവദിക്കുകയും ചെയ്തു. അമൃത് പോൾ സിംഗും മറ്റൊരാളും v. ടാറ്റ എ.ഐ.ജി. ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡും മറ്റുള്ളവരും (2018) 7 SCC 558 എന്ന കേസിൽ പുറപ്പെടുവിച്ച വിധിന്യായത്തെ ആശ്രയിച്ചുകൊണ്ട് ദേശീയ കമ്മീഷൻ അപ്പീൽ അനുവദിക്കുകയും ഏതെങ്കിലും സാധുതയുള്ള പെർമിറ്റിന്റെ അഭാവത്തിൽ ഇൻഷ്വറൻസ് അവകാശവാദം അനുവദിക്കാൻ കഴിയില്ലെന്ന് വിധിക്കുകയും, അതുവഴി സംസ്ഥാന കമ്മീഷൻ പാസാക്കിയ ഉത്തരവ് റദ്ദാക്കുകയും ചെയ്തു.

6. 14-10-2012 മുതൽ 13-10-2017 വരെ സാധുതയുള്ള ഓൾ ഇന്ത്യ പെർമിറ്റ് (ദേശീയ പെർമിറ്റ്) ട്രക്കിന് ഉണ്ടായിരുന്നു എന്നും, ബീഹാർ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പെർമിറ്റിന് 13-10-2012 മുതൽ 13-10-2013 വരെ സാധുതയുണ്ടായിരുന്നു എന്നും, അത് അർത്ഥമാക്കുന്നത് 08-06-2014 ന് ട്രക്ക് തീപിടിച്ച തീയതിയിൽ സാധുതയുള്ള ഒരു ദേശീയ പെർമിറ്റ് നിലവിലുണ്ടായിരുന്നു എന്നും അപ്പീൽവാദിക്ക് വേണ്ടി ഹാജരായ അഭിഭാഷകൻ ഈ കോടതിയിൽ ശക്തമായി വാദിച്ചു.

7. പെർമിറ്റിന്റെ നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച്, 13-10-2012 മുതൽ 13-10-2017 വരെയുള്ള കാലയളവിലേക്ക് ഫീസ് ഒടുക്കിയിട്ടുള്ളതിനെ തുടർന്ന് 14-10-2013 ന് ശേഷം ഓതറൈസേഷൻ ഫീസ് ഒടുക്കിയിട്ടില്ല എന്ന് എതിർകക്ഷിയായ നാഷണൽ ഇൻഷ്വറൻസ് കമ്പനിയുടെ അഭിഭാഷകൻ ഈ കോടതിയിൽ ശക്തമായി വാദിച്ചു. അതിനാൽ ഓതറൈസേഷൻ ഫീസ്

ഒടുക്കിയിട്ടില്ലാത്തതിനാൽ, നാഷണൽ പെർമിറ്റിനെ സാധുതയുള്ള പെർമിറ്റായി കണക്കാക്കാനാവില്ല എന്നും അദ്ദേഹം വാദിച്ചു.

8. ഹാജരാക്കിയിട്ടുള്ള പെർമിറ്റ് ഈ കോടതി ശ്രദ്ധാപൂർവ്വം പരിശോധിക്കുകയും, നാഷണൽ പെർമിറ്റ് 13-10-2017 വരെ തീർത്തും സാധുതയുള്ളതാണെന്ന് കണ്ടെത്തുകയും ചെയ്തു. ട്രക്ക് ബീഹാർ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതിനാൽ, അത് ബീഹാർ സംസ്ഥാനത്തിന് പുറത്തേക്ക് പോകുമ്പോൾ മാത്രമേ ഓതറൈസേഷൻ ഫീസ് നൽകേണ്ടതുള്ളൂ. 08-06-2014-ന് ബീഹാർ സംസ്ഥാനത്ത്വെച്ച് തന്നെ ഷോർട്ട് സർക്യൂട്ട് മൂലം ട്രക്ക് തീപിടിച്ചിട്ടുള്ളതിനാൽ, അങ്ങനെയുള്ള നിസ്സാരമായ കാരണത്താൽ എതിർകക്ഷിയായ കമ്പനി അപ്പീൽവാദിയുടെ അവകാശവാദം നിരസിക്കാൻ പാടില്ലാത്തതായിരുന്നു. പ്രസ്തുത പെർമിറ്റ് നൽകിയത് ബീഹാറിലെ ക്ഷമതയുള്ള അധികാരിയായതിനാൽ, ബീഹാർ സംസ്ഥാനത്തിനകത്ത് ട്രക്ക് ഓടിക്കുമ്പോൾ ഓതറൈസേഷൻ ഫീസ് നൽകേണ്ടതില്ലായിരുന്നു. കൂടാതെ നാഷണൽ പെർമിറ്റിന്റെ നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച്, ട്രക്ക് ബീഹാർ സംസ്ഥാനത്തിന് പുറത്തേക്ക് പോകുമ്പോൾ മാത്രമേ ഓതറൈസേഷൻ ഫീസ് നൽകേണ്ടതുള്ളൂ. അതിനാൽ, ഈ കോടതി യുടെ അഭിപ്രായത്തിൽ, സംസ്ഥാന കമ്മീഷൻ വിധിച്ചതുപോലെ,അപ്പീൽവാദിക്ക്തീർച്ചയായും ഇൻഷ്വറൻസ് പരിരക്ഷ അവകാശപ്പെടാൻ അർഹതയുണ്ടായിരുന്നതിനാൽ, ദേശീയ കമ്മീഷൻ പാസാക്കിയ 19-08-2020-ലെ ഉത്തരവ് റദ്ദാക്കപ്പെടേണ്ടതിനാൽ അപ്രകാരം റദ്ദാക്കുന്നു. അപ്പീൽവാദിയുടെ അവകാശവാദത്തിന്മേൽ നടപടി സ്വീകരിക്കാനും, ഇന്നു മുതൽ 60 ദിവസത്തിനുള്ളിൽ അപ്പീൽവാദിക്ക് തുക നൽകാനും എതിർകക്ഷിയായ നാഷണൽ ഇൻഷ്വറൻസ് കമ്പനിയോട് നിർദ്ദേശിക്കുന്നു. 2014 വർഷത്തിൽ ലഭിക്കേണ്ടതായ ഈ അവകാശം എതിർകക്ഷിയായ നാഷണൽ ഇൻഷ്വറൻസ് കമ്പനി 2014 വർഷത്തിൽ തന്നെ നിരസിച്ചിട്ടുണ്ടായിരുന്നുവെന്നും പ്രത്യേകം പറയേണ്ടതില്ലല്ലോ. 2017-ൽ അവകാശവാദം അനുവദിച്ചുകൊണ്ട് സംസ്ഥാന കമ്മീഷൻ പാസാക്കിയ ഉത്തരവിന് വിപരീതമായി ദേശീയ കമ്മീഷൻ 2020-ൽ ഉത്തരവിട്ടു. അതിനാൽ, ഈ കോടതിയുടെ അഭിപ്രായത്തിൽ, തുക ലഭിക്കേണ്ടതായിരുന്ന തീയതി മുതൽ അപ്പീൽവാദിക്ക് മുഴുവൻ തുകയും ലഭിക്കാൻ അർഹതയുണ്ടെന്ന് മാത്രമല്ല, സംസ്ഥാന കമ്മീഷന് മുമ്പാകെ പരാതി ന ൽകിയ തീയതി മുതൽ തുക യഥാർത്ഥത്തിൽ അദ്ദേഹത്തിന് നൽകുന്ന തീയതി വരെ പ ലിശയ്ക്കും അദ്ദേഹത്തിന് അർഹതയുണ്ട്. അപ്പീൽവാദിക്ക് പ്രതിവർഷം 9% നിരക്കിൽ പലിശ ലഭിക്കാൻ അർഹതയുള്ളതും ടി പ ലിശ നിർദ്ദിഷ്ട തുകയ്ക്കൊപ്പം ഇന്ന് മുതൽ 60 ദിവസത്തിനുള്ളിൽ അദ്ദേഹത്തിന് നൽകുകയും വേണം.

9. മുകളിൽ പറഞ്ഞ കാര്യങ്ങൾ പരിഗണിച്ച്, അപ്പീൽ അനുവദിച്ചിരിക്കുന്നു. ചെലവുകൾ സംബന്ധിച്ച് ഒരു ഉത്തരവും പാസാക്കുന്നില്ല. തീർപ്പാക്കാത്ത അപേക്ഷകൾ ഉണ്ടെങ്കിൽ അവ തീർപ്പാക്കുന്നു.


IN THE HIGH COURT OF KERALA AT ERNAKULAM
PRESENT
THE HONOURABLE THE CHIEF JUSTICE MR.S.MANIKUMAR
&
THE HONOURABLE MR. JUSTICE SHAJI P.CHALY
TUESDAY, THE 08TH DAY OF SEPTEMBER 2020 / 17TH BHADRA, 1942
WP(C).No.35220 OF 2017(B)
SATYAMEVA JAYATHE
HIGH COURT OF KERALA
കേരള ഹൈക്കോടതി
HIGH COURT OF KERALA
SATYAMEVA JAYATE
ഹൈക്കോടതി
വിധിന്യായങ്ങൾ

# കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് സിയാദ് റഹ്മാൻ എ. എ.**

**&**

**ബഹു. ജസ്റ്റിസ് പി. വി. ബാലകൃഷ്ണൻ**

റിട്ട് അപ്പീൽ നം. 2153 / 2024

[റിട്ട് ഹർജി (സിവിൽ) നമ്പർ 45877/2024-ലെ 19.12.2024-ലെ

ഉത്തരവിൽ നിന്നും ഉത്ഭവിച്ചത്]

**അലൻ ബന്നി – അപ്പീൽവാദി/ഹർജിക്കാരൻ**

v.

**കേരള ബാർ കൗൺസിലും മറ്റുള്ളവരും – എതിർകക്ഷികൾ**

(2024 ഡിസംബർ 31-ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

ബഹു. സുപ്രീംകോടതിയുടെ അനുബന്ധം പി 8 ഉത്തരവിന്റെ വെളിച്ചത്തിൽ സർവ്വകലാശാലകൾക്കും പരീക്ഷാബോർഡുകൾക്കും പരിശോധനയുടെ ആവശ്യത്തിലേക്കായി യാതൊരു ഫീസും ഈടാക്കാതെ വിദ്യാഭ്യാസയോഗ്യത സംബന്ധിച്ച സർട്ടിഫിക്കറ്റിന്റെ ആധികാരികത പരിശോധിക്കുവാൻ ബാധ്യതയുണ്ട്. പരിശോധനയ്ക്കുള്ള അഭ്യർത്ഥനകൾ സമർപ്പിക്കേണ്ടത് ബാർ കൗൺസിൽ മാത്രമാണ് എന്നാണ് നിരീക്ഷണത്തിൽ നിന്നും വ്യക്തമാകുന്നത്. അതിനാൽ അപേക്ഷകന്റെ സർട്ടിഫിക്കറ്റുകളുടെ ആധികാരികത യാതൊരു ഫീസും ഈടാക്കാതെ തന്നെ ബന്ധപ്പെട്ട ബോർഡുകളും സർവ്വകലാശാലകളും മുഖേന പരിശോധിപ്പിക്കേണ്ടത് ബാർ കൗൺസിലിൽ നിക്ഷിപ്തമായ കർത്തവ്യമാണ്. അതിനാൽ പരിശോധനയ്ക്കായി 2500 രൂപ ഈടാക്കേണ്ടതാണ് എന്ന അനുബന്ധം ആർ 1(എ) യിലെ വ്യവസ്ഥ നടപ്പാക്കാൻ കഴിയില്ല.

**വിധിന്യായം**

**ജസ്റ്റിസ് സിയാദ് റഹ്മാൻ എ. എ.**

1. അപ്പീൽവാദിയെ എതിർകക്ഷികൾ അഭിഭാഷകനായി എൻറോൾ ചെയ്യുന്നതിനുവേണ്ടി ഫയൽ ചെയ്ത റിട്ട് ഹർജിയിൽ ഹർജിക്കാരന്റെ എസ്. എസ്. എൽ. സി., പ്ലസ് 2, ബിരുദം,നിയമബിരുദ സർട്ടിഫിക്കറ്റുകൾ പരിശോധന ചെയ്ത് കിട്ടുന്നതിനുവേണ്ടിയുള്ള ഫീസ് ബന്ധപ്പെട്ട അധികാരികൾക്കും സർവ്വകലാശാലക്കും ഒടുക്കിയതിനുള്ള രസീത് ഹർജിക്കാരൻ ഹാജരാക്കുന്നതിന് വിധേയമായി ഒന്നാം എതിർകക്ഷിയായ കേരള ബാർ കൗൺസിൽ നടത്തുന്ന അടുത്ത എൻറോൾമെന്റിൽ ഹർജിക്കാരന് എൻറോൾമെന്റ് അനുവദിച്ചുകൊണ്ട് ഈ

കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് ചോദ്യം ചെയ്തുകൊണ്ടാണ് ഈ റിട്ട് അപ്പീൽ ഫയൽ ചെയ്തിട്ടുള്ളത്.

2. മുകളിൽ പരാമർശിച്ച സർട്ടിഫിക്കറ്റുകളുടെ പരിശോധനക്കായി ഒടുക്കിയ ഫീസിന്റെ രസീത് ഹർജിക്കാരൻ ഹാജരാക്കണമെന്ന ഇടക്കാല ഉത്തരവിലെ നിബന്ധന മാത്രമാണ് അപ്പീൽവാദി ചോദ്യം ചെയ്തിട്ടുള്ളത്. ബഹു. സുപ്രീംകോടതി 82/2023-ാം നമ്പർ റിട്ട് ഹർജിയിൽ പുറപ്പെടുവിച്ച അനുബന്ധം പി 8 ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഹർജിക്കാരൻ ഈ വാദം ഉന്നയിച്ചത്.

3. മേൽപ്പറഞ്ഞ ഉത്തരവ് പരിശോധിച്ചപ്പോൾ, അതിൽ എല്ലാ സർവ്വകലാശാലകളും പരീക്ഷ ബോർഡുകളും വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധന ഈ ആവശ്യത്തിലേക്ക് ഫീസ് ഒന്നും ഈടാക്കാതെ തന്നെ നടത്തിക്കൊടുക്കണം എന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടുള്ളതായി കാണുന്നു. ബാർ കൗൺസിൽ നടത്തുന്ന അഭ്യർത്ഥനകൾ അനാവശ്യമായ കാലതാമസം കൂടാതെ നടത്തിക്കൊടുക്കണമെന്നും പരിശോധന റിപ്പോർട്ടുകൾ വേഗത്തിൽ സമർപ്പിക്കണം എന്നും കൂടി നിർദ്ദേശിച്ചിട്ടുണ്ട്.

4. മറുവശത്ത് ഒന്നാം എതിർകക്ഷിക്കുവേണ്ടി ഹാജരായ സ്റ്റാന്റിംഗ് കൗൺസൽ 2-ാം എതിർകക്ഷിയായ ഇന്ത്യൻ ബാർ കൗൺസിൽ, 28/01/2017-ൽ പുറപ്പെടുവിച്ച അനുബന്ധം ആർ1(എ) നോട്ടീസിനെ ആശ്രയിച്ചു. അതിൽ എൻറോൾമെന്റിനുവേണ്ടി ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് തന്നെ പറഞ്ഞിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ പരിശോധനയ്ക്കായി സംസ്ഥാന ബാർ കൗൺസിൽ 2500 രൂപ ഈടാക്കേണ്ടതാണെന്ന് പറഞ്ഞിട്ടുമുണ്ട്.

5. എന്നിരുന്നാലും ബഹു. സുപ്രീംകോടതിയുടെ അനുബന്ധം പി 8 ഉത്തരവിന്റെ വെളിച്ചത്തിൽ സർവ്വകലാശാലകൾക്കും പരീക്ഷാ ബോർഡുകൾക്കും പരിശോധനയുടെ ആവശ്യത്തിലേക്കായി യാതൊരു ഫീസും ഈടാക്കാതെ വിദ്യാഭ്യാസയോഗ്യത സംബന്ധിച്ച സർട്ടിഫിക്കറ്റിന്റെ ആധികാരികത പരിശോധിക്കുവാൻ ബാധ്യതയുണ്ട്. പരിശോധനയ്ക്കുള്ള അഭ്യർത്ഥനകൾ സമർപ്പിക്കേണ്ടത് ബാർ കൗൺസിൽ മാത്രമാണ് എന്നാണ് നിരീക്ഷണത്തിൽ നിന്നും വ്യക്തമാകുന്നത്. അതിനാൽ അപേക്ഷകന്റെ സർട്ടിഫിക്കറ്റുകളുടെ ആധികാരികത യാതൊരു ഫീസും ഈടാക്കാതെ തന്നെ ബന്ധപ്പെട്ട ബോർഡുകളും സർവ്വകലാശാലകളും മുഖേന പരിശോധിപ്പിക്കേണ്ടത് ബാർ കൗൺസിലിൽ നിക്ഷിപ്തമായ കർത്തവ്യമാണ്. അതിനാൽ പരിശോധനയ്ക്കായി 2500 രൂപ ഈടാക്കേണ്ടതാണ് എന്ന അനുബന്ധം ആർ 1 (എ) യിലെ വ്യവസ്ഥ നടപ്പാക്കാൻ കഴിയില്ല.

6. മുകളിൽ പറഞ്ഞിട്ടുള്ള നിലപാട് റിട്ട് ഹർജിയിലെ അനുബന്ധം പി 3 വിധിന്യായത്തിൽ ബഹു. സുപ്രീംകോടതി നടത്തിയിട്ടുള്ള നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമാണ്. അതിനകത്ത് അനുബന്ധം ആർ 1 (എ) ഉം അതിൽ പ്രമാണങ്ങളുടെ പരിശോധനയ്ക്കായി പറഞ്ഞിട്ടുള്ള ഫീസുകളും പ്രത്യേകമായി പരാമർശിച്ച

ശേഷം സംസ്ഥാന ബാർ കൗൺസിലുകൾ 1961-ലെ അഡ്വക്കേറ്റ്സ് ആക്റ്റിന്റെ 24 (1) (എഫ്) വകുപ്പിൽ “എൻറോൾമെന്റ് ഫീസായി” വ്യവസ്ഥ ചെയ്തതിലും അധികമായ തുക നിലവിൽ ഈടാക്കുവാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

7. അതിനാൽ ബഹു. സുപ്രീംകോടതി നടത്തിയ നിരീക്ഷണങ്ങളുടെ വെളിച്ചത്തിലും ഒന്നാം എതിർകക്ഷിക്ക് പരിശോധനക്കായി ഫീസ് ഈടാക്കുവാൻ യാതൊരു അർഹത ഉള്ളതായി ഞങ്ങൾ കാണുന്നില്ല.

8. അതിനാൽ, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷ പ്രോസസ് ചെയ്യേണ്ടതാണ് എന്നും യാതൊരു ഫീസും ഈടാക്കാതെതന്നെ 1-ാം എതിർകക്ഷി ഹർജിക്കാരന്റെ സർട്ടിഫിക്കറ്റുകളുടെ പരിശോധന ബന്ധപ്പെട്ട ബോർഡുകൾ/ സർവ്വകലാശാലകൾ മുഖേന നടത്തിപ്പിക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചുകൊണ്ട് സിംഗിൾ ജഡ്ജി പാസാക്കിയ ഇടക്കാല ഉത്തരവ് ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവാകുന്നു.

9. ഈ ഘട്ടത്തിൽ 1-ാം എതിർകക്ഷിയുടെ സ്റ്റാന്റിംഗ് കൗൺസൽ അടുത്ത എൻറോൾമെന്റ് 05/01/2025-ന് നടത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്നും, അതുകൊണ്ട് അവർക്ക് ആ തീയതിക്കു മുമ്പ് ഹർജിക്കാരന്റെ സർട്ടിഫിക്കറ്റുകൾ പരിശോധന നടത്തി കിട്ടുവാൻ സാധിക്കില്ല എന്നും അറിയിച്ചു.

10. അതിനാൽ എൻറോൾമെന്റിനായി ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷ ഒന്നാം എതിർകക്ഷി പ്രോസ്സസ് ചെയ്യേണ്ടതാണ് എന്നും ഹർജിക്കാരന്റെ സർട്ടിഫിക്കറ്റുകൾ ഉടൻ തന്നെ പരിശോധനയ്ക്കായി അയയ്ക്കേണ്ടതാണ് എന്നും നിർദ്ദേശിക്കുന്നു. എന്നാൽ അപേക്ഷകന്റെ സർട്ടിഫിക്കറ്റുകളുടെ പരിശോധന എൻറോൾമെന്റ് തീയതിക്ക് മുമ്പ് പൂർത്തിയായില്ലെങ്കിൽ പോലും അപേക്ഷകന്റെ സർട്ടിഫിക്കറ്റുകൾ യാഥാർത്ഥ്യമല്ലാത്തതോ അല്ലെങ്കിൽ മറ്റുവിധത്തിൽ ശരിയല്ലെന്നോ കണ്ടെത്തിയാൽ എൻറോൾമെന്റ് റദ്ദാക്കുന്നതിന് ഒന്നാം എതിർകക്ഷിക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ അധികാരം ഉണ്ടെന്ന വ്യവസ്ഥക്കു വിധേയമായി അപേക്ഷകനെ എൻറോൾമെന്റ് ചെയ്യിക്കേണ്ടതാണെന്നും ഉത്തരവാകുന്നു.

ഈ റിട്ട് അപ്പീൽ അപ്രകാരം തീർപ്പാക്കുന്നു.

## കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് സിയാദ് റഹ്മാൻ. എ.എ**

റിട്ട് ഹർജി (സിവിൽ) നം. 29266 / 2024

**ഡോ. കോശി ഫിലിപ്പ് - ഹർജിക്കാരൻ**

**v.**

**റവന്യൂ ഡിവിഷണൽ ഓഫീസറും മറ്റുള്ളവരും - എതിർകക്ഷികൾ**

( 06.02.2025- ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

ഹർജിക്കാരന്റെ വസ്തുവിനെ കരഭൂമിയായി വിവരിച്ചുകൊണ്ട് ഡാറ്റാബാങ്കിൽ ചേർത്തിട്ടുള്ളതുതന്നെ അനാവശ്യമായിട്ടുള്ള രേഖപ്പെടുത്തലായതിനാൽ അത് നീക്കം ചെയ്യപ്പെടേണ്ടതാണ്. കാരണം, ആക്റ്റിൻ കീഴിൽ നെൽവയൽ അഥവാ തണ്ണീർത്തടം എന്ന നിർവ്വചനത്തിൽപ്പെടാത്ത മറ്റ് വസ്തുക്കളുടെ വിശദാംശങ്ങൾ ഡാറ്റാബാങ്കിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടില്ല. നെൽവയൽ അല്ലെങ്കിൽ തണ്ണീർത്തടം ആയിട്ടുള്ള വസ്തുക്കളുടെ വിശദാംശങ്ങൾ മാത്രമേ ഡാറ്റാബാങ്കിൽ ഉൾപ്പെടുത്താവൂ എന്നത് സംബന്ധിച്ച് സലിം സി. കെ. v. കേരള സംസ്ഥാനവും മറ്റുള്ളവരും 2017(1) KLT 392 എന്ന കേസിൽ കോടതി നടത്തിയിട്ടുള്ള നിരീക്ഷണങ്ങൾ ഈ കോടതിയുടെ വീക്ഷണത്തെ ബലപ്പെടുത്തുന്നതാണ്.

**വിധിന്യായം**

**ജസ്റ്റിസ് സിയാദ് റഹ്മാൻ. എ.എ**

ഹർജിക്കാരൻ അടൂർ താലൂക്കിലെ ഏഴംകുളം വില്ലേജിലെ റീ-സർവ്വേ നമ്പർ 82/8-2-ൽ ഉൾപ്പെട്ട 16.20 ആർ വിസ്തൃതിയുള്ള വസ്തുവിന്റെ ഉടമയാണ്. 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് (ഇനിമുതൽ നെൽവയൽ ആക്റ്റ് എന്ന് വിളിക്കുന്നു) നിലവിൽവരുന്നതിന് മുമ്പായി, രൂപാന്തരപ്പെടുത്തിയിട്ടുള്ള വസ്തു, നെൽവയൽ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കിയ ഡാറ്റാബാങ്കിൽ "കരഭൂമി" എന്ന് വിശേഷിപ്പിച്ച് ഉൾപ്പെടുത്തിയെന്നതാണ് ഹർജിക്കാരന്റെ കേസ്. അങ്ങനെയുള്ള സാഹചര്യത്തിൽ, ഹർജിക്കാരന്റെ വസ്തു ഡാറ്റാബാങ്കിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതിനാൽ, അദ്ദേഹം ഫോം 5-ൽ അപേക്ഷ സമർപ്പിക്കുകയും, അത് അനുബന്ധം പി-5 പ്രകാരം നിരസിക്കുകയും ചെയ്തു. അതിനെ, ചോദ്യം ചെയ്ത് കൊണ്ട്, ഹർജിക്കാരൻ WP(C) No. 26666/2023 ഹർജി ഫയൽ ചെയ്തു. അത് അനുബന്ധം പി-5 റദ്ദാക്കിയ, അനുബന്ധം പി-6 വിധിന്യായത്തിൽ കലാശിക്കുകയും ചെയ്തു. കൂടാതെ, കെ. എസ്. ആർ. ഇ. സി-യിൽ (KSREC) നിന്ന് റിപ്പോർട്ട് ലഭിച്ച ശേഷം ഇക്കാര്യം പുന:പരിശോധിക്കാൻ നിർദ്ദേശിച്ച് കേസ് ഒന്നാം എതിർകക്ഷിക്ക് കൈമാറുകയും ചെയ്തു.

2. പ്രസ്തുത നിർദ്ദേശങ്ങൾക്കനുസൃതമായി, അനുബന്ധം പി-7 റിപ്പോർട്ട് വാങ്ങുകയും, ഫോം-5-ൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷ നിരസിച്ചുകൊണ്ട്, ഒന്നാം എതിർകക്ഷി അനുബന്ധം പി-8 ഉത്തരവ് പാസ്സാക്കി. അനുബന്ധം പി-8 ഉത്തരവിനെ ചോദ്യം ചെയ്ത് കൊണ്ടാണ്, ഈ ഹർജി ഫയൽ ചെയ്തിരിക്കുന്നത്.

3. റിട്ട് ഹർജിയിലെ വാദങ്ങൾക്ക് മറുപടിയായി ഒന്നാം എതിർകക്ഷി ഒരു പ്രസ്താവന സമർപ്പിക്കുകയും, അതിൽ അനുബന്ധം പി-8 ഉത്തരവിൽ ഒന്നാം എതിർകക്ഷി എടുത്തിട്ടുള്ള വീക്ഷണത്തെ അവർ ന്യായീകരിക്കുകയും ചെയ്തു.

4. ഹർജിക്കാരന് വേണ്ടി അഭിഭാഷകനായ ശ്രീ. സി. കെ. ഷെറിൻ, എതിർകക്ഷികൾക്കുവേണ്ടി ഗവൺമെന്റ് പ്ലീഡർ ശ്രീമതി. ദീപ വി. എന്നിവരുടെ വാദം കേട്ടു.

5. ഹർജിക്കാരന്റെ അഭിഭാഷകൻ ഉന്നയിച്ച പ്രധാന വാദം, അനുബന്ധം പി-4 ഡാറ്റാ ബാങ്കിൽ തന്നെ, വസ്തുവിനെ "കരഭൂമി" എന്ന് വിശേഷിപ്പിച്ചിരിക്കുന്നു എന്നതാണ്. അതിനാൽ, ഫോം 5-ലെ ഹർജിക്കാരന്റെ അപേക്ഷ ഒന്നാം എതിർകക്ഷി നിരസിക്കാൻ പാടില്ലാത്തതായിരുന്നു.

6. അനുബന്ധം പി-4 പരിശോധിക്കുമ്പോൾ, എനിക്ക് പ്രസ്തുത വാദത്തിൽ കഴമ്പുള്ളതായി കാണുന്നു. അതിനകത്ത് ഹർജിക്കാരന്റെ വസ്തു ക്രമ നമ്പർ-322 ആയും "കരഭൂമി" ആയും വിവരിച്ചിരിക്കുന്നു. വസ്തുവിൽ, കെട്ടിടങ്ങളും, തെങ്ങ്, വാഴ എന്നീ വിളകളും നിലവിലുണ്ടെന്നും അനുബന്ധം പി-4ൽ സൂചിപ്പിച്ചിട്ടുണ്ട്. അതിനാൽ, അനുബന്ധം പി-4 ഡാറ്റാബാങ്കിൽ വസ്തുവിന്റെ വിവരണം "കരഭൂമി" എന്നാണെന്നുള്ള വസ്തുത വ്യക്തമായി സൂചിപ്പിക്കുന്നത്, ഡാറ്റാബാങ്ക് തയ്യാറാക്കുന്ന തീയതിയിൽ ബന്ധപ്പെട്ട അധികാരികൾ വസ്തുവിനെ "കരഭൂമി" ആയി കണ്ടെത്തി എന്നതാണ്. നെൽവയൽ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനു മുമ്പ്, വസ്തുവിന്റെ ഭൗതിക സ്വഭാവം ഉറപ്പുവരുത്തിയ ശേഷം, ശേഖരിച്ച വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, ക്ഷമതയുള്ള അധികാരികൾ പ്രസ്തുത രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ളതിനാൽ, ഫോം-5 -ലെ അപേക്ഷ പരിഗണിക്കുമ്പോൾ അത് അവഗണിക്കാൻ കഴിയില്ല.

7. നെൽവയൽ ആക്റ്റിൽ അടങ്ങിയിരിക്കുന്ന നിയമപരമായ വ്യവസ്ഥകൾ/നിയന്ത്രണങ്ങളെ സംബന്ധിച്ചിടത്തോളം, അവ നെൽവയൽ ആക്റ്റിലെ 2 (xii)ഉം 2 (xvii)ഉം വകുപ്പുകളിൽ യഥാക്രമം "നെൽവയൽ" അല്ലെങ്കിൽ "തണ്ണീർത്തടം"ആയി നിർവ്വചിച്ചിരിക്കുന്നവയ്ക്ക്, മാത്രമേ ബാധകമാകൂ. 2(xii) (2xvii) വകുപ്പുകൾ പ്രകാരം "നെൽവയൽ-തണ്ണീർത്തടം" എന്നിവയ്ക്ക് പ്രത്യേക നിർവ്വചനങ്ങൾ നൽകിയിട്ടുണ്ട്. ഒരു വസ്തുവിനെ നെൽവയൽ അല്ലെങ്കിൽ തണ്ണീർത്തടമായി തരംതിരിക്കുന്നതിന് ആവശ്യമായ സവിശേഷതകൾ പ്രസ്തുത നിർവ്വചനത്തിൽ അടങ്ങിയിട്ടുണ്ട്. ഈ കേസിൽ അനുബന്ധം പി 4-ൽ വസ്തുവിനെ കരഭൂമി എന്ന് വിവരിച്ചിട്ടുള്ളതിനാൽ, ആക്റ്റിലെ 2(xii ) അല്ലെങ്കിൽ 2 (xvii) വകുപ്പിൽ വിഭാവനം ചെയ്തിരിക്കുന്ന മാനദണ്ഡങ്ങൾ ക്ഷമതയുള്ള അധികാരികൾ പ്രയോഗിച്ചിട്ടുണ്ടെന്നും, നെൽവയലോ തണ്ണീർത്തടമോ അല്ലെന്നും ബോധ്യപ്പെട്ടതിനു ശേഷം മാത്രമാണ് ഹർജിക്കാരന്റെ വസ്തുവിനെ "കരഭൂമി" എന്ന് വിവരിച്ചുകൊണ്ട് ഡാറ്റാബാങ്കിൽ പ്രസക്തമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ളത് എന്നതാണ് സാധ്യമായ ഏക നിഗമനം. നെൽവയൽ ആക്റ്റിൽ വിഭാവനം ചെയ്തിട്ടുള്ള വ്യവസ്ഥകൾ/നിയന്ത്രണങ്ങളെ സംബന്ധിച്ചിടത്തോളം, "നെൽവയൽ" അല്ലെങ്കിൽ "തണ്ണീർത്തടം" ആയി രേഖപ്പെടുത്തിയിട്ടില്ലാത്ത വസ്തുവിനെ, ഡാറ്റാബാങ്കിൽ ഉൾപ്പെടുത്തിയെന്ന കാരണത്താൽ പ്രസ്തുത വകുപ്പുകളിൻ കീഴിൽ നിർവ്വചിച്ചിട്ടുള്ള "നെൽവയൽ" അല്ലെങ്കിൽ "തണ്ണീർത്തടം" എന്ന നിർവ്വചനത്തിൽപ്പെടാത്ത ഒരു വസ്തുവിന് അവ ബാധകമാക്കാൻ കഴിയില്ല. ഈ കേസിൽ ഡാറ്റാബാങ്കിൽ തന്നെ ഹർജിക്കാരന്റെ വസ്തുവിനെ 'കരഭൂമി' എന്നു വിവരിച്ചുകൊണ്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അങ്ങനെയുള്ള രേഖപ്പെടുത്തലിന്റെ ആവശ്യമേയില്ലായിരുന്നു.

കാരണം നെൽവയൽ ആക്റ്റിൽ "നെൽവയൽ" അല്ലെങ്കിൽ "തണ്ണീർത്തടം" ആയി നിർവ്വചിച്ചിട്ടുള്ള വസ്തുക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതിന് വേണ്ടിയാണ് ഡാറ്റാബാങ്ക് ഉണ്ടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച്, നെൽവയൽ ആക്റ്റിലെ 5(4)(i) വകുപ്പിൽ താഴെപ്പറയും പ്രകാരം പരാമർശിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്;

"സമിതി താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്-

(i) സമിതിക്ക് അധികാരിതയുള്ള പ്രദേശത്തെ കൃഷിയോഗ്യമായ നെൽവയലിന്റെയും തണ്ണീർത്തടത്തിന്റെയും വിശദവിവരം ഉപഗ്രഹചിത്രത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഭൂവിനിയോഗ ബോർഡോ കേന്ദ്ര സംസ്ഥാന ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളോ തയ്യാറാക്കിയിട്ടുള്ളതോ തയ്യാറാക്കുന്നതോ ആയ ഭൂപടങ്ങളുടെ സഹായത്തോടെ ഡാറ്റാബാങ്ക് തയ്യാറാക്കുകയും സർവ്വേ നമ്പരും വിസ്തൃതി രേഖപ്പെടുത്തിയിട്ടുള്ള ഡാറ്റാബാങ്ക് അതതു പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ മുഖേന നിർണ്ണയിക്കപ്പെടുന്ന രീതിയിൽ വിജ്ഞാപനം ചെയ്യിച്ചശേഷം അത് പൊതുജനങ്ങളുടെ അറിവിലേക്ക് ബന്ധപ്പെട്ട പഞ്ചായത്ത്/ മുനിസിപ്പാലിറ്റി / കോർപ്പറേഷൻ ആഫീസിലും വില്ലേജ് ഓഫീസിലും / ഓഫീസുകളിലും പ്രദർശിപ്പിക്കുകയും ചെയ്യുക."

8. പ്രസ്തുത നടപടിക്രമങ്ങൾ എല്ലാം പാലിച്ചതിന് ശേഷമാണ് അനുബന്ധം പി 4 പ്രസിദ്ധീകരിച്ചിട്ടുള്ളത്. അതിനാൽ ഹർജിക്കാരന്റെ വസ്തുവിനെ അതിൽ കരഭൂമിയായി വിവരിച്ചുകൊണ്ട് രേഖപ്പെടുത്തിയിട്ടുള്ളത് ക്ഷമതയുള്ള അധികാരികൾ മേൽപറഞ്ഞ നടപടിക്രമങ്ങൾ പാലിച്ചപ്പോൾ ഹർജിക്കാരന്റെ വസ്തു 'നെൽവയൽ' അല്ലെങ്കിൽ 'തണ്ണീർത്തടം' എന്ന നിർവ്വചനത്തിൽ വരാത്തതായി കണ്ടെത്തിയതുകൊണ്ടാണെന്നുള്ള അനിഷേധ്യമായ നിഗമനത്തിലേക്ക് നയിക്കും. അതിനാൽ ഹർജിക്കാരന്റെ വസ്തുവിനെ കരഭൂമിയായി വിവരിച്ചുകൊണ്ട് ഡാറ്റാബാങ്കിൽ ചേർത്തിട്ടുള്ളതുതന്നെ അനാവശ്യമായിട്ടുള്ള രേഖപ്പെടുത്തലായതിനാൽ അത് നീക്കം ചെയ്യപ്പെടേണ്ടതാണ്. കാരണം, ആക്റ്റിൻ കീഴിൽ നെൽവയൽ അഥവാ തണ്ണീർത്തടം എന്ന നിർവ്വചനത്തിൽപ്പെടാത്ത മറ്റ് വസ്തുക്കളുടെ വിശദാംശങ്ങൾ ഡാറ്റാബാങ്കിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടില്ല. നെൽവയൽ അല്ലെങ്കിൽ തണ്ണീർത്തടം ആയിട്ടുള്ള വസ്തുക്കളുടെ വിശദാംശങ്ങൾ മാത്രമേ ഡാറ്റാബാങ്കിൽ ഉൾപ്പെടുത്താവൂ എന്നത് സംബന്ധിച്ച് സലിം സി. കെ. V. കേരള സംസ്ഥാനവും മറ്റുള്ളവരും 2017(1) KLT 392 എന്ന കേസിൽ കോടതി നടത്തിയിട്ടുള്ള നിരീക്ഷണങ്ങൾ ഈ കോടതിയുടെ വീക്ഷണത്തെ ബലപ്പെടുത്തുന്നതാണ്.

ഈ സാഹചര്യത്തിൽ, അനുബന്ധം പി 4 ഡാറ്റാബാങ്കിൽ ഹർജിക്കാരന്റെ വസ്തുവിനെ കരഭൂമി എന്ന് വിവരിച്ചിട്ടുണ്ടെന്ന കാരണത്താൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ വ്യവസ്ഥകളുടെ ഉദ്ദേശത്തിലേയ്ക്കായി 'നെൽവയൽ' അല്ലെങ്കിൽ 'തണ്ണീർത്തടം' ആയി ഹർജിക്കാരന്റെ വസ്തുവിനെ കണക്കാക്കാൻ കഴിയില്ലെന്നും അത് ഒരു തെറ്റായ രേഖപ്പെടുത്തലായതിനാൽ അത് നീക്കം ചെയ്യപ്പെടേണ്ടതാണെന്നും പ്രഖ്യാപിച്ച് അനുബന്ധം പി8 ഉത്തരവ് റദ്ദാക്കിക്കൊണ്ട് റിട്ട് ഹർജി തീർപ്പാക്കുന്നു. അതനുസരിച്ച്, നെൽവയൽ ആക്റ്റിലെ 2 (XV) വകുപ്പിൻ കീഴിൽ ഹർജിക്കാരന്റെ വസ്തുവിനെ ഡാറ്റാബാങ്കിൽ നിന്ന് നീക്കം ചെയ്തുകൊണ്ട് ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കാനും ഇത് സംബന്ധിച്ച് ഉചിതമായ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും ഒന്നാം എതിർകക്ഷിയോടും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോടും നിർദ്ദേശിക്കുന്നു. ഈ വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതാണ്.

# കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് അനിൽ കെ. നരേന്ദ്രൻ**

**&**

**ബഹു. ജസ്റ്റിസ് മുരളീകൃഷ്ണ എസ്.**

റിട്ട് അപ്പീൽ നം. 77 / 2025

( റിട്ട് ഹർജി നം. 29931/2023-ലെ 12.12.2024 ലെ ഉത്തരവിനെതിരെ )

**കേരള സംസ്ഥാനവും മറ്റുള്ളവരും - അപ്പീൽവാദികൾ**

**vs**

**പ്രദീപ് കുമാർ എ. വി. യും മറ്റൊരാളും - എതിർകക്ഷികൾ**

(2025 ജനുവരി 29-ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

നിലവിലെ റിട്ട് ഹർജിയിൽ ഇടക്കാല ആശ്വാസമായി ആവശ്യപ്പെട്ടിരിക്കുന്നത് അന്തിമ ആശ്വാസമല്ലാതെ മറ്റൊന്നുമല്ല. അതിനാൽ, 12.12.2024-ലെ ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുന്നതിനുപകരം, സിംഗിൾ ജഡ്ജി വാദപ്രതിവാദങ്ങൾ പരിഗണിച്ചതിന് ശേഷം റിട്ട് ഹർജിയിൽ ആവശ്യപ്പെട്ടതുപോലെ, ഹർജിക്കാരന് മാൻഡമസ് റിട്ടിന് അർഹതയുണ്ടോ എന്ന കാര്യത്തിൽ തീരുമാനമെടുക്കേണ്ടതായിരുന്നു. എങ്ങനെയായാലും ഇടക്കാല ഉത്തരവ് വഴി അപ്പീൽവാദികളായ റിട്ട് ഹർജിയിലെ 1 മുതൽ 3 വരെയുള്ള എതിർകക്ഷികളോട് റിട്ട് ഹർജി അടുത്ത വാദത്തിനായി എടുക്കുന്നതിനു മുൻപ് 16-2-2021-ലെ അനുബന്ധം പി 9 കത്തിലെ ബഹു. ചീഫ് ജസ്റ്റിസിന്റെ ശിപാർശ നടപ്പിലാക്കണമെന്നും അതിൽ വീഴ്ച വരുത്തുന്നപക്ഷം 10-1-2025-ന് ചീഫ് സെക്രട്ടറി കോടതിയിൽ ഹാജരാകേണ്ടതാണെന്നും നിർദ്ദേശിക്കാൻ കഴിയില്ല.

**വിധിന്യായം**

**ജസ്റ്റിസ് അനിൽ കെ. നരേന്ദ്രൻ**

29931/2023 നമ്പർ റിട്ട് ഹർജിയിലെ 1 മുതൽ 3 വരെയുള്ള എതിർകക്ഷികളായ സംസ്ഥാനവും ഔദ്യോഗിക സ്ഥാനങ്ങൾ വഹിക്കുന്ന എതിർകക്ഷികളും ആ റിട്ട് ഹർജിയിലെ 12.12.2024-ലെ സിംഗിൾ ജഡ്ജിയുടെ ഇടക്കാല ഉത്തരവ് ചോദ്യം ചെയ്തുകൊണ്ടാണ് ഈ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. പ്രസ്തുത ഇടക്കാല ഉത്തരവ് ഇപ്രകാരമാണ്;

"ഈ വിഷയം 10.01.2025-ന് പോസ്റ്റ് ചെയ്യുക. ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെ

16.02.2021-ലെ ശിപാർശ ഈ റിട്ട് ഹർജി പോസ്റ്റ് ചെയ്യുന്ന അടുത്ത തീയതിക്ക് മുമ്പ് നടപ്പിലാക്കിയില്ലെങ്കിൽ, സംസ്ഥാന ചീഫ് സെക്രട്ടറി ആ ദിവസം തന്നെ ഈ കോടതിയിൽ ഹാജരാകേണ്ടതാണ് .''

2. 08.01.2025 ന്, ഈ റിട്ട് അപ്പീൽ എടുത്തപ്പോൾ, ഒന്നാം എതിർകക്ഷി (റിട്ട് ഹർജിക്കാരൻ) അഭിഭാഷകൻ മുഖേന ഹാജരായി. കോടതിയിൽ ഉന്നയിച്ചിട്ടുള്ള വാദങ്ങളും സമർപ്പിച്ചിട്ടുള്ള രേഖകളും പരിഗണിച്ച ശേഷം, 29931/2023 നമ്പർ റിട്ട് ഹർജിയിലെ 12.12.2024 ലെ സിംഗിൾ ജഡ്ജിയുടെ ഇടക്കാല ഉത്തരവിന്റെ നടത്തിപ്പ് ഒരു മാസത്തേക്ക് നിർത്തിവയ്ക്കാൻ ഈ കോടതി ഉത്തരവിട്ടു.

3. അപ്പീൽവാദികൾക്ക്/റിട്ട് ഹർജിയിലെ 1 മുതൽ 3 വരെയുള്ള എതിർകക്ഷികൾക്കു വേണ്ടി മുതിർന്ന ഗവൺമെന്റ് പ്ലീഡറെയും, ഒന്നാം എതിർകക്ഷിയുടെ (റിട്ട് ഹർജിക്കാരന്റെ) അഭിഭാഷകനെയും, രണ്ടാം എതിർകക്ഷിക്ക് (റിട്ട് ഹർജിയിലെ നാലാം എതിർകക്ഷിക്ക്) വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകനെയും കേട്ടു.

4. 16.02.2021 ലെ (അനുബന്ധം പി 9) കത്തിൽ അടങ്ങിയിട്ടുള്ള ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെ ശിപാർശ 10.01.2025 ന് മുമ്പ് നടപ്പിലാക്കുവാനും, അല്ലാത്തപക്ഷം ചീഫ് സെക്രട്ടറി 10.01.2025 ന് കോടതിയിൽ നേരിട്ട് ഹാജരാകേണ്ടതാണെന്നും അപ്പീൽവാദികളോട് ഇടക്കാല ഉത്തരവ് വഴി നിർദ്ദേശിച്ചതിൽ സിംഗിൾ ജഡ്ജിക്ക് തെറ്റ് പറ്റിയിട്ടുള്ളതായി മുതിർന്ന ഗവൺമെന്റ് പ്ലീഡർ വാദിച്ചു.

5. 16.02.2021-ലെ കത്തിൽ (അനുബന്ധം പി 9) അടങ്ങിയിരിക്കുന്ന ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെ ശിപാർശയിലും പതിനൊന്നാം ശമ്പളപരിഷ്ക്കരണ കമ്മീഷന്റെ (അനുബന്ധം പി 8) റിപ്പോർട്ടിലും (ഭാഗം 2 ഫെബ്രുവരി 2021) ശിപാർശ ചെയ്യുന്ന പ്രകാരം ഹൈക്കോടതിയിലെ സേവനത്തിൽ നിന്നും സ്ഥാനക്കയറ്റം വഴി നിയമിക്കപ്പെടുന്ന ഏറ്റവും മുതിർന്ന രജിസ്ട്രാർക്ക് സ്പെഷ്യൽ സെക്രട്ടറിയുടെ ശമ്പള സ്കെയിലായ 129300-166800/- രൂപയുടെ ഉയർന്ന ഗ്രേഡിന് 1-4-2021 മുതൽ അർഹതയുണ്ടെന്ന് പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടാണ് ഇതിലെ ഒന്നാം എതിർകക്ഷിയായ റിട്ട് ഹർജിക്കാരൻ ഹർജി സമർപ്പിച്ചിട്ടുള്ളത്. കൂടാതെ ഇതിലെ രണ്ടാം അപ്പീൽവാദിയായ റിട്ട് ഹർജിയിലെ രണ്ടാം എതിർകക്ഷിയോട് 16-2-2021-ലെ കത്തിൽ (അനുബന്ധം പി 9) അടങ്ങിയിരിക്കുന്ന ബഹു. ചീഫ് ജസ്റ്റിസിന്റെ ശിപാർശ അംഗീകരിച്ച് ഹൈക്കോടതി സേവനത്തിൽ നിന്ന് സ്ഥാനക്കയറ്റം വഴി നിയമിക്കപ്പെടുന്ന ഏറ്റവും മുതിർന്ന രജിസ്ട്രാർക്ക് 1-4-2021 മുതൽ പ്രാബല്യത്തിൽ സർക്കാരിലെ സ്പെഷ്യൽ സെക്രട്ടറിക്ക് സമാനമായ 129300-166800/- ശമ്പള സ്കെയിലിലെ ഉയർന്ന ഗ്രേഡ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാനുള്ള മാൻഡമസ് റിട്ടിനും അഭ്യർത്ഥിച്ചിട്ടുണ്ട്.

റിട്ട് ഹർജിയിൽ ആവശ്യപ്പെട്ട ഇടക്കാല ആശ്വാസം ഇപ്രകാരമാണ്,

"റിട്ട് ഹർജിയിലും അതോടൊപ്പം സമർപ്പിച്ച സത്യാവാങ്മൂലത്തിലും പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ, ഹർജി തീർപ്പാക്കുന്നതു വരെ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസ് അനുബന്ധം പി 9 ലും 11-ാം ശമ്പള പരിഷ്കരണ കമ്മീഷൻ അനുബന്ധം പി 8 ലും ശിപാർശ ചെയ്തത് അനുസരിച്ച് ഹൈക്കോടതി സർവ്വീസിൽ നിന്ന് സ്ഥാനക്കയറ്റം വഴി നിയമിതനായ ഏറ്റവും മുതിർന്ന രജിസ്ട്രാർക്ക് 129300-166800/- രൂപ ശമ്പള സ്കെയിലിൽ 1.04.2021 മുതൽ ഉയർന്ന ഗ്രേഡ് അനുവദിക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കാൻ ഈ ബഹുമാനപ്പെട്ട കോടതി രണ്ടാം എതിർകക്ഷിയോട് നിർദ്ദേശിക്കണമെന്ന് അപേക്ഷിക്കുന്നു''.

6. 11.09.2023-ന് ഫയൽ ചെയ്ത റിട്ട് ഹർജിയിൽ, രണ്ടാം അപ്പീൽവാദിക്ക് (ഹർജിയിലെ രണ്ടാം എതിർകക്ഷിക്ക്) വേണ്ടി സമർപ്പിച്ചിട്ടുള്ള 07-01-2024-ലെ എതിർസത്യവാങ്മൂലത്തിൽ 09-06-2021-ലെ സർക്കാർ ഉത്തരവ് (അനുബന്ധം ആർ 2എ) ഹാജരാക്കി ക്കൊണ്ട് ഹർജിയിൽ ആവശ്യപ്പെട്ടിരുന്ന ആശ്വാസങ്ങളെ (Relief) എതിർത്തിരുന്നു. 26-11-2024-ന് ഇതിലെ ഒന്നാം എതിർകക്ഷിയായ റിട്ട് ഹർജിക്കാരൻ രണ്ടാം എതിർകക്ഷിക്കുവേണ്ടി സമർപ്പിച്ച സത്യവാങ്മൂലത്തിന്മേലുള്ള മറുപടി സത്യവാങ്മൂലം സമർപ്പിച്ചിരുന്നു. ഇതിലെ രണ്ടാം എതിർകക്ഷിക്ക് (ഹർജിയിലെ നാലാം എതിർകക്ഷിക്ക്) വേണ്ടി 03-01-2024 തീയതിയിൽ ഒരു എതിർസത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. അതിനാൽ റിട്ട് ഹർജിയിലെ വാദങ്ങൾ കേൾക്കാവുന്നതാണ്.

7. നിലവിലെ റിട്ട് ഹർജിയിൽ ഇടക്കാല ആശ്വാസമായി ആവശ്യപ്പെട്ടിരിക്കുന്നത് അന്തിമ ആശ്വാസമല്ലാതെ മറ്റൊന്നുമല്ല. അതിനാൽ, 12.12.2024-ലെ ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുന്നതിനുപകരം, സിംഗിൾ ജഡ്ജി വാദപ്രതിവാദങ്ങൾ പരിഗണിച്ചതിന് ശേഷം റിട്ട് ഹർജിയിൽ ആവശ്യപ്പെട്ടതുപോലെ, ഹർജിക്കാരന് മാൻഡമസ് റിട്ടിന് അർഹതയുണ്ടോ എന്ന കാര്യത്തിൽ തീരുമാനമെടുക്കേണ്ടതായിരുന്നു. എങ്ങനെയായാലും ഇടക്കാല ഉത്തരവ് വഴി അപ്പീൽവാദികളായ റിട്ട് ഹർജിയിലെ 1 മുതൽ 3 വരെയുള്ള എതിർകക്ഷികളോട് റിട്ട് ഹർജി അടുത്ത വാദത്തിനായി എടുക്കുന്നതിനു മുൻപ് 16-2-2021-ലെ അനുബന്ധം പി 9 കത്തിലെ ബഹു. ചീഫ് ജസ്റ്റിസിന്റെ ശിപാർശ നടപ്പിലാക്കണമെന്നും അതിൽ വീഴ്ച വരുത്തുന്നപക്ഷം 10-1-2025-നു തന്നെ ചീഫ് സെക്രട്ടറി കോടതിയിൽ ഹാജരാകേണ്ടതാണെന്നും നിർദ്ദേശിക്കാൻ കഴിയില്ല.

8. കോടതിയുടെ പരിഗണനയിലുള്ള റിട്ട് ഹർജിയിൽ സിംഗിൾ ജഡ്ജി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിനെതിരെയുള്ള 1958-ലെ കേരള ഹൈക്കോടതി ആക്റ്റിന്റെ 5(i) വകുപ്പ് പ്രകാരം റിട്ട് അപ്പീലിന്റെ നിലനിൽപ്പ് സംബന്ധിച്ച ചോദ്യത്തിൻമേൽ ഈ കോടതിയുടെ വിശാല ബെഞ്ച് കെ. എസ്. ദാസ് v കേരള സംസ്ഥാനം [1992 (2) KLT 358)] എന്ന കേസിൽ ഇപ്രകാരം വിധിച്ചു. വകുപ്പ് 5(i) ലെ 'ഉത്തരവ്' എന്ന വാക്കിൽ, മറ്റ് ഉത്തരവുകൾക്ക് പുറമെ, റിട്ട് ഹർജിയിൽ ഫയൽ ചെയ്തിട്ടുള്ള പലവക ഹർജികളിൽ ഹൈക്കോടതി പാസ്സാക്കിയിട്ടുള്ള ഉത്തരവുകളിൽ റിട്ട് ഹർജി തീർപ്പാക്കുന്നതുവരെ, പ്രാബല്യം ഉണ്ടായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള ഉത്തരവുകളും ഉൾപ്പെടുന്നു എന്ന് വിധിച്ചു. കക്ഷികളുടെ സാരവത്തായ അവകാശങ്ങളെയോ സാരവത്തായ ബാധ്യത കളെയോ കാര്യമായി ബാധിക്കുന്നതോ സ്പർശിക്കുന്നതോ അല്ലെങ്കിൽ പ്രാധാന്യ മുള്ളതും കക്ഷികൾക്ക് സാരമായി ദോഷം വരുത്തുന്നതും ആയ ഉത്തരവുകൾക്കെ തിരായി മാത്രമേ അപ്പീൽ നിലനിൽക്കു കയുള്ളു. അപ്പീൽ നൽകാവുന്ന 'ഉത്തരവിന്റെ' സ്വഭാവം, മധു ലിമായെ v. മഹാരാഷ്ട്ര സംസ്ഥാനം [(1977) 4 SCC 551] എന്ന കേസിൽ സുപ്രീം കോടതി പരാമർശിച്ചിരിക്കുന്ന 'ഇടക്കാല ഉത്തരവുകൾ' എന്ന വിഭാഗത്തിൽ പെടുന്നു. 'ഉത്തരവ്' എന്ന വാക്ക് റിട്ട് ഹർജി തീർപ്പാക്കുന്ന 'അന്തിമ ഉത്തരവ്' എന്നതിൽ ഒതുങ്ങുന്നില്ല. എന്നിരുന്നാലും, 'ഉത്തരവുകൾ' പലവക ഹർജി തീർപ്പാക്കുന്നതുവരെ പ്രാബല്യത്തിലുള്ള ഇടക്കാല ഉത്തരവുകളോ കേവലം നടപടിക്രമ സ്വഭാവമുള്ള ഉത്തര വുകളോ ആയിരിക്കരുത്.

9. ഒരു റിട്ട് ഹർജിയിൽ നൽകിയി ട്ടുള്ള ഇടക്കാല ഉത്തരവി നെതിരെ അപ്പീൽ ഫയൽ ചെയ്യാൻ കഴിയുമെങ്കിലും ആ ഉത്തരവിനെ

അപ്പീലിൽ ചോദ്യം ചെയ്യണമെങ്കിൽ ആ ഉത്തരവ് കക്ഷികളുടെ സാരവത്തായ അവകാശങ്ങളെയോ സാരവത്തായ ബാധ്യതകളെയോ കാര്യമായി ബാധിക്കുന്നതോ സ്പർശിക്കുന്നതോ അല്ലെങ്കിൽ പ്രാധാന്യമുള്ളതും കക്ഷികൾക്ക് സാരമായ ദോഷം വരുത്തുന്നതുമായ ഉത്തരവായിരിക്കണമെന്ന് കെ.എസ്. ദാസ് [1992 (2) KLT 358] എന്ന കേസിലെ വിശാല ബെഞ്ചിന്റെ വീക്ഷണത്തെ ഈ കോടതിയുടെ ഡിവിഷൻ ബെഞ്ച് തോമസ്. പി. റ്റി യും മറ്റൊരാളും v ബിജോ തോമസ് മറ്റുള്ളവരും [2021 (6) KLT 196] എന്ന കേസിൽ ശ്രദ്ധിച്ചിരുന്നു. അപ്പീൽ നൽകാവുന്ന ഉത്തരവിന്റെ സ്വഭാവം മധു ലിമായെ v മഹാരാഷ്ട്ര സംസ്ഥാനം [(1977) 4 SCC 551] എന്ന കേസിൽ സുപ്രീം കോടതി പരാമർശിച്ചിരിക്കുന്ന 'ഇടക്കാല ഉത്തരവുകൾ' എന്ന വിഭാഗത്തിൽ പെടുന്നു. 'ഉത്തരവ് ' എന്ന വാക്ക് റിട്ട് ഹർജി തീർപ്പാക്കുന്ന 'അന്തിമ ഉത്തരവ്' എന്നതിൽ ഒതുങ്ങുന്നില്ല. എന്നിരുന്നാലും 'ഉത്തരവുകൾ' പലവക ഹർജികൾ തീർപ്പാക്കുന്നതുവരെ പ്രാബല്യത്തിലുള്ള ഇടക്കാല ഉത്തരവുകളോ കേവലം നടപടിക്രമസ്വഭാവമുള്ള ഉത്തരവുകളോ ആയിരിക്കരുത്.

10. ഇതിനകം തന്നെ ശ്രദ്ധയിൽപെട്ടതു പോലെ, നിലവിലെ കേസിൽ, റിട്ട് ഹർജിയിൽ ആവശ്യപ്പെടുന്ന ഇടക്കാല ആശ്വാസം അന്തിമ ആശ്വാസമല്ലാതെ മറ്റൊന്നുമല്ല. ഇടക്കാല ഉത്തരവ് വഴി അപ്പീൽവാദികളായ റിട്ട് ഹർജിയിലെ 1 മുതൽ 3 വരെയുള്ള എതിർകക്ഷികളോട് റിട്ട് ഹർജി അടുത്ത വാദത്തിനായി എടുക്കുന്നതിനു മുൻപ് 16-2-2021-ലെ അനുബന്ധം പി 9 കത്തിലെ ബഹു. ചീഫ് ജസ്റ്റിസിന്റെ ശിപാർശ നടപ്പിലാക്കണമെന്നും അതിൽ വീഴ്ച വരുത്തുന്നപക്ഷം 10-1-2025-നു തന്നെ ചീഫ് സെക്രട്ടറി കോടതിയിൽ ഹാജരാകേണ്ടതാണെന്നും നിർദ്ദേശിക്കാൻ കഴിയില്ല.

11. സിംഗിൾ ജഡ്ജിയുടെ ചോദ്യം ചെയ്യപ്പെട്ട ഇടക്കാല ഉത്തരവ് കേവലം നടപടിക്രമ സ്വഭാവമുള്ള ഒരു ഉത്തരവല്ല. കക്ഷികളുടെ സാരവത്തായ അവകാശങ്ങളെയും ബാധ്യതകളെയും സ്പർശിക്കുന്നതും അപ്പീൽവാദികൾക്ക് കാര്യമായ ദോഷം വരുത്തുന്നതുമായ അത്തരമൊരു ഉത്തരവ്, കേരള ഹൈക്കോടതി ആക്റ്റിലെ 5(i) വകുപ്പിൻ കീഴിൽ ഫയൽ ചെയ്ത ഒരു അപ്പീലിൽ ചോദ്യം ചെയ്യാവുന്ന ഒരു ഇടക്കാല ഉത്തരവാണ്.

12. ഈ സാഹചര്യങ്ങളിൽ, 2023 ലെ W.P.(C) No.29931 ലെ സിംഗിൾ ജഡ്ജിയുടെ 12.12.2024 ലെ ചോദ്യം ചെയ്യപ്പെട്ട ഇടക്കാല ഉത്തരവ് നിലനിർത്താൻ ഞങ്ങൾ യാതൊരു കാരണവും കാണുന്നില്ല, അതിനാൽ അത് അപ്രകാരം റദ്ദാക്കുന്നു. മേൽ പറഞ്ഞ പ്രകാരം റിട്ട് അപ്പീൽ അനുവദിച്ചിരിക്കുന്നു. റിട്ട് ഹർജിയിലെ വാദങ്ങൾ പൂർത്തിയായതിനാലും റിട്ട് ഹർജി വാദം കേൾക്കാൻ പര്യാപ്തമായതിനാലും, അന്തിമ തീർപ്പാക്കലിനായി ഇതിലെ ഒന്നാം എതിർകക്ഷിയായ റിട്ട് ഹർജിക്കാരൻ സിംഗിൾ ജഡ്ജിയുടെ മുമ്പാകെ വിഷയം അവതരിപ്പിക്കണം.




# സുപ്രീംകോടതി വിധി

## സംക്ഷിപ്തം



## സുപ്രീം കോടതി മുമ്പാകെ

സിവിൽ അപ്പീൽ അധികാരപരിധി

**ബഹു. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന,**
**ബഹു. ജസ്റ്റിസ് സഞ്ജയ് കുമാർ**

&

**ബഹു. ജസ്റ്റിസ് ആർ മഹാദേവൻ**
സിവിൽ അപ്പീൽ നം. 10212 / 2014

**ഉത്തർപ്രദേശ് സംസ്ഥാനവും മറ്റൊരാളും – അപ്പീൽവാദികൾ**

v.

**ആർ. കെ. പാണ്ഡേയും മറ്റൊരാളും – എതിർകക്ഷികൾ**

( 09.01.2025- ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

ആർബിട്രേഷൻ സംബന്ധിച്ച എല്ലാ സംഗതികളിലും തീരുമാനമെടുക്കാനുള്ള കക്ഷികളുടെ സ്വയംനിർണ്ണയാവകാശത്തെ ആർബിട്രേഷൻ ആക്ട് അംഗീകരിക്കുകയാണെങ്കിലും, ആർബിട്രേറ്റർമാരെ നിയമിക്കുന്ന ഘട്ടത്തിൽ ധാർമ്മികനീതി (Equity) ബാധകമാണെന്ന് സെൻട്രൽ ഓർഗനൈസേഷൻ ഓഫ് റെയിൽവേ ഇലക്ട്രിഫിക്കേഷൻ v. ഇ.സി.ഐ. പി.ഐ.സി. എസ്.എം.ഒ. എം.സി.പി.എൽ. (ജെ.വി.) എന്ന കേസിൽ ഈ കോടതിയുടെ ഭരണഘടനാ ബെഞ്ച് നിരീക്ഷിച്ചിരുന്നു. ഇത് ഇതര തർക്ക പരിഹാര സംവിധാനത്തിന്റെയും (Alternate Dispute Redressal Mechanism) ആർബിട്രേഷൻ ആക്ടിലെ 18-ാം വകുപ്പിന്റെയും കാതലാണ്. കൂടാതെ അത് ഒരു നിർബന്ധിത വ്യവസ്ഥയാണ്. എങ്കിൽ മാത്രമേ ആർബിട്രേറ്റർമാർക്ക് നിയമപ്രകാരം തർക്കം പരിഹരിക്കാനുള്ള അധികാരം ലഭിക്കുകയുള്ളൂ. ആർബിട്രേറ്റർമാരെ ഏകപക്ഷീയമായി നിയമിക്കുന്നത് ആർബിട്രേഷൻ നടപടികളെ നേരിട്ട് സ്വാധീനിക്കുമെന്നും ഈ വിധിന്യായത്തിൽ നിരീക്ഷിച്ചിരുന്നു. അർദ്ധ-ജുഡീഷ്യൽ സ്വഭാവമുള്ള ആർബിട്രേഷൻ ജഡ്ജിമാരിൽ നിന്ന് ആവശ്യപ്പെടുന്നത്ര നിഷ്പക്ഷവും സ്വതന്ത്രവുമായ പെരുമാറ്റം ആർബിട്രേറ്റർമാരിൽ നിന്ന് പ്രതീക്ഷിക്കുന്നു. കോടതി പുറപ്പെടുവിക്കുന്ന വിധിന്യായങ്ങളിൻമേൽ അപ്പീലുകൾ ഉള്ളതിനാലും, ആർബിട്രേഷൻ അവാർഡുകൾക്ക് സാധാരണയായി കൂടുതൽ സ്വീകാര്യതയും അംഗീകാരവും ലഭിക്കുന്നതിനാലും, അത് എളുപ്പത്തിൽ നടപ്പാക്കാവുന്നതിനാലും ആർബിട്രേറ്റർമാർ ഉയർന്ന നിലവാരം പുലർത്തേണ്ടതാണ്.

## വിധിന്യായം

ഒന്നാം എതിർകക്ഷിയായ ശ്രീ. ആർ. കെ. പാണ്ഡെയെ കാൺപൂർ മുനിസിപ്പൽ ബോർഡ് സ്ഥാപിച്ച ദിന നാഥ് പർബതി ബംഗ്ലാ പകർച്ചവ്യാധി (ഡി.എൻ.പി.ബി.ഐ.ഡി.) ആശുപത്രിയിലെ ടി.ബി. വിഭാഗത്തിൽ ലാബ് അസിസ്റ്റന്റ്/ടെക്നീഷ്യൻ ആയി നിയമി ച്ചിരുന്നു. കാൺപൂരിൽ ഒരു പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിലേയ്ക്കായി 17.07.1956-ന് ഉത്തർപ്രദേശ് സർക്കാർ പ്രസ്തുത ആശുപത്രി ഏറ്റെടുത്തിരുന്നു. ഇത് സംബന്ധിച്ച ഒരു കരാറിൽ 20-06-1961-ന് കാൺപൂർ നഗരത്തിന്റെ നഗര മഹാപാലികയും ഉത്തർപ്രദേശ് സംസ്ഥാനത്തിന്റെ ഗവർണറും ഏർപ്പെട്ടിരുന്നു.

29-03-1957-ലെ സർക്കാർ ഉത്തരവ് പ്രകാരം, കരാറിൽ ചേർത്തിട്ടുള്ള പട്ടികയിലുള്ള ഡി. എൻ.പി.ബി.ഐ.ഡി. ആശുപത്രിയിലെ മുഴുവൻ മുനിസിപ്പൽ ജീവനക്കാരെയും സംസ്ഥാന സർക്കാർ സർവീസിലേക്ക് മാറ്റിയിട്ടുള്ളതായി പ്രസ്തുത കരാറിൽ പറയുന്നു. മുനിസിപ്പൽ ബോർഡിന്റെ സേവന നിബന്ധനകളുമായി താരതമ്യപ്പെടുത്തുമ്പോൾ ശമ്പളം, അവധി, വിരമിക്കൽ പ്രായം, മറ്റ് ആനുകൂല്യങ്ങൾ എന്നിവയുടെ കാര്യത്തിൽ ടി ആശുപത്രിയിലെ ജീവനക്കാർക്ക് ബുദ്ധിമുട്ടുണ്ടാകില്ല എന്നും കരാറിൽ പറയുന്നു.

സെറ്റിൽമെന്റിൽ ഏർപ്പെട്ടതിനുശേഷം, പ്രസ്തുത ആശുപത്രി കാൺപൂരിലെ ഗണേഷ് ശങ്കർ വിദ്യാർത്ഥി മെമ്മോറിയൽ (ജി.എസ്.വി.എം) മെഡിക്കൽ കോളേജിന്റെ ഒരു യൂണിറ്റായി മാറി. തുടർന്ന്, ഡി.എൻ.പി.ബി.ഐ.ഡി. ആശുപത്രിയിൽ ജോലി ചെയ്തിരുന്ന ജീവനക്കാർ സംസ്ഥാന സർക്കാരിനു കീഴിലുള്ള സേവനം തിരഞ്ഞെടുത്ത് അവരുടെ സമ്മതം അറിയിച്ചിരുന്നുവെന്നും അത് അംഗീകരിക്കപ്പെട്ടുവെന്നും വ്യക്തമാണ്. അതിനുശേഷം, അവരുടെ സർവീസ് രേഖകൾ സംസ്ഥാന സർക്കാരിന് അയച്ചിട്ടുണ്ടായിരുന്നു. സംസ്ഥാന സർക്കാർ ആശുപത്രിയായ ഡി. എൻ.പി.ബി.ഐ.ഡി. ആശുപത്രിയുടെ ചീഫ് മെഡിക്കൽ സൂപ്രണ്ട് ഒന്നാം എതിർകക്ഷിയായ ആർ. കെ. പാണ്ഡെ 1997 മാർച്ച് 31-ന് വിരമിക്കുമെന്ന് 09-01-1997-ലെ കത്തിലൂടെ അദ്ദേഹത്തെ അറിയിച്ചു. അതിന്റെ നടപടിക്രമങ്ങൾ തുടങ്ങുന്നതിനായി പെൻഷൻ രേഖകൾ സഹിതം ഓഫീസുമായി ബന്ധപ്പെടാനും ഒരാഴ്ചയ്ക്കു ള്ളിൽ അവ സമർപ്പിക്കാനും അദ്ദേഹത്തോട് അഭ്യർത്ഥിച്ചു.

കാൺപൂർ മുനിസിപ്പൽ ബോർഡിലെ ജീവനക്കാർക്ക് ബാധകമായ സേവന ചട്ടങ്ങൾ അനുസരിച്ച് 58 വയസ്സിന് പകരം 60 വയസ്സിലാണ് വിരമിക്കേ ണ്ടതെന്ന് അവകാശപ്പെട്ടുകൊണ്ട് 1997 മാർച്ചിൽ ഒന്നാം എതിർകക്ഷിയായ ആർ. കെ. പാണ്ഡെ അലഹബാദ് ഹൈക്കോടതിയിൽ ഒരു റിട്ട് ഹർജി ഫയൽ ചെയ്തു. അതിനെ തുടർന്ന്, ഒന്നാം എതിർകക്ഷിയായ ആർ.കെ പാണ്ഡെയോട് ഒരു നിവേദനം നൽകാൻ നിർദ്ദേശിക്കുകയും അങ്ങനെ ഒരു നിവേദനം നൽകിയിരുന്നെങ്കിലും പിന്നീട് അത് നിരസിക്കപ്പെടുകയുമായിരുന്നു.

സർക്കാർ സർവീസിൽ പ്രവേശിക്കാനുള്ള ഏറ്റവും കുറഞ്ഞ പ്രായം 18 വയസ്സാണെന്നും, ഒരു സർക്കാർ ഉദ്യോഗസ്ഥൻ 58 വയസ്സിൽ വിരമിച്ചാൽ അയാൾ 40 വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുണ്ടാകുമെന്നും, ഈ കേസിൽ ആർ. കെ പാണ്ഡെ 42 വർഷത്തെ സർവീസ് പൂർത്തിയാക്കിയാക്കിയിട്ടുള്ളതാണെ ന്നും, അതുകൊണ്ട് അദ്ദേഹത്തിന് 60 വയസ്സ് ആയിട്ടുള്ളതാണെന്നും പ്രസ്താവിച്ചുകൊണ്ട് റിട്ട് ഹർജിയെ എതിർത്ത് സംസ്ഥാന സർക്കാർ സത്യവാങ്മൂലം സമർപ്പിച്ചിരുന്നു. എന്നാൽ ടി റിട്ട് ഹർജി 2009 ഏപ്രിൽ 22-ന് ആർ കെ പാണ്ഡെ പിൻവലിക്കുകയായിരുന്നു.

റിട്ട് ഹർജി ഹൈക്കോടതിയുടെ പരിഗണ നയിലിരിക്കുമ്പോൾ തന്നെ മുൻ ആശുപത്രി അഡ്മിനിസ്ട്രേറ്ററും ഉത്തർ പ്രദേശ് ഗവർണറും തമ്മിലുണ്ടെന്ന് പറയപ്പെടുന്ന 01-04-1957-ലെ ആർബിട്രേഷൻ കരാറിന്റെ അടിസ്ഥാനത്തിൽ 11-01-2008-ന് ഒന്നാം എതിർകക്ഷി കാൺപൂർ ജില്ലാ കോടതിയിൽ ഒരു ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിരുന്നു. ഒന്നാം എതിർകക്ഷിയായ ആർ.കെ. പാണ്ഡെയുടെ വിരമിക്കൽ പ്രായം സംബന്ധിച്ച തർക്കവും, 03-04-1997-ന് ജി. എസ്.വി.എം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ അദ്ദേഹത്തിന്റെ നിവേദനം നിരസിച്ചതും ആർബിട്രേഷനു വിടണമെന്നായിരുന്നു

ആവശ്യം. എന്നിരുന്നാലും, റിട്ട് ഹർജിയിലോ അത് പിൻവലിക്കാനുള്ള അപേക്ഷയിലോ ആർബിട്രേഷൻ കരാറിനെ സംബന്ധിച്ചുള്ള ഒരു കാര്യവും പരാമർശിച്ചിട്ടില്ലായിരുന്നു. തുടർന്ന്, തർക്കങ്ങൾ ആർബിട്രേഷന് വിടണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ജില്ലാ കോടതി മുമ്പാകെ ഉണ്ടായിരുന്ന കേസ് ഒന്നാം എതിർകക്ഷി 15-02-2008-ന് പിൻവലിക്കുകയായിരുന്നു.

അഭിഭാഷകരായ പവൻ കുമാർ തിവാരിയും ഇന്ദിവർ വാജ്പേയിയും 15-02-2008-നും 25-06-2008-നും പുറപ്പെടുവിച്ച രണ്ട് പ്രത്യേക എക്സ് പാർട്ടെ അവാർഡുകൾ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് ഒന്നാം എതിർകക്ഷിയായ ആർ.കെ. പാണ്ഡെ, കാൺപൂരിലെ ജില്ലാ കോടതി മുമ്പാകെ 2008 നവംബർ 29-ന് രണ്ട് വിധി നടപ്പാക്കൽ (execution) ഹർജികൾ ഫയൽ ചെയ്തു.

15-02-2008-ലെ ആദ്യത്തെ എക്സ്-പാർട്ടെ അവാർഡിൽ 26,42,116/- രൂപയും അതിന് 21-01-2008 മുതൽ 18% നിരക്കിൽ വാർഷിക പലിശയും ഉത്തർപ്രദേശ് സംസ്ഥാനവും കാൺപൂരിലെ ജി.എസ്.വി.എം. മെഡിക്കൽ കോളേജ് പ്രിൻസിപ്പലും ഒന്നാം എതിർകക്ഷിക്ക് നൽകണമെന്ന് ഉത്തരവായിട്ടുണ്ടായിരുന്നു. ഒന്നാം എതിർകക്ഷിയാണ് ആർബിട്രേറ്ററെ നിയമിച്ചത്/നാമനിർദ്ദേശം ചെയ്തത് എന്നും മറുഭാഗത്ത് നിന്ന് ആർബിട്രേറ്ററുടെ നിയമനം ഉണ്ടായിട്ടില്ലായിരുന്നു എന്നും അതിനാൽ അഭിഭാഷകനായ പവൻ കുമാർ തിവാരി ഏക ആർബിട്രേറ്ററായി പ്രവർത്തിച്ചുവെന്നും അവാർഡിൽ പറഞ്ഞിരിക്കുന്നു.

ഇന്ദിവർ വാജ്പേയി പാസാക്കിയ 25-06-2008 ലെ രണ്ടാമത്തെ എക്സ്-പാർട്ടെ അവാർഡിൽ 20,00,000/- രൂപയും അതിന് 11-02-2008 മുതൽ 9% നിരക്കിൽ വാർഷിക പലിശയും ഉത്തർപ്രദേശ് സംസ്ഥാനവും കാൺപൂരിലെ ജി.എസ്.വി.എം. മെഡിക്കൽ കോളേജ് പ്രിൻസിപ്പലും ഒന്നാം എതിർകക്ഷിക്ക് നൽകണമെന്ന് ഉത്തരവായിട്ടുണ്ടായിരുന്നു. ഒന്നാം എതിർകക്ഷി 25-06-2008-ന് ഇൻദിവർ വാജ്പേയിയെ ഒരു ആർബിട്രേറ്ററായി നിയമിച്ചുവെന്നും, മറുഭാഗം ആർബിട്രേറ്ററെ നിയമിച്ചിട്ടുണ്ടായിരുന്നില്ലെന്നും അതിനാൽ ഇന്ദിവർ വാജ്പേയി ഏക ആർബിട്രേറ്ററായി പ്രവർത്തിച്ചുവെന്നും അവാഡിൽ പറഞ്ഞിരിക്കുന്നു.

ഇന്ദിവർ വാജ്പേയി നൽകിയ അവാർഡുമായി ബന്ധപ്പെട്ട് സമർപ്പിച്ച വിധി നടപ്പാക്കൽ (execution) ഹർജിയിൽ നോട്ടീസ് ലഭിച്ചതിനെ തുടർന്ന് അപ്പീൽവാദി 1996-ലെ ആർബിട്രേഷൻ ആക്റ്റിലെ 34-ാം വകുപ്പ് പ്രകാരം രണ്ട് അവാർഡുകൾക്കെതിരെയും ആക്ഷേപങ്ങൾ (objections) ഫയൽ ചെയ്തു. 1957 ഏപ്രിൽ 1-ലെ എന്ന് പറയപ്പെടുന്ന ആർബിട്രേഷൻ കരാർ തന്നെ ഉണ്ടായിരുന്നോ എന്നതിനെക്കുറിച്ചായിരുന്നു വിധിനടപ്പാക്കൽ കോടതി (executing court) മുമ്പാകെ ഉന്നയിച്ച പ്രശ്നങ്ങളിലൊന്ന്. ഈ കരാർ മുനിസിപ്പൽ ബോർഡിന്റെ അഡ്മിനിസ്ട്രേറ്ററുടെയും ഉത്തർപ്രദേശ് സർക്കാരിന്റെ അഡീഷണൽ സെക്രട്ടറിയുടെയും പേരിൽ ഒപ്പുവച്ചതാണെന്ന് അവകാശപ്പെട്ടുന്നു.

ഈ രേഖയുടെ ആധികാരികത നിഷേധിക്കപ്പെട്ടു. ഈ രേഖയോ ആർബിട്രേഷൻ കരാറോ 20-06-1961-ൽ ഏർപ്പെട്ട കരാറിൽ പ്രതിഫലിച്ചിട്ടില്ല എന്നത് ശ്രദ്ധേയമാണ്. കൂടാതെ, 1997 മാർച്ചിൽ ആർ.കെ. പാണ്ഡെ സമർപ്പിച്ച റിട്ട് ഹർജിയിലോ, ആർബിട്രേഷൻ ആക്റ്റിലെ 11-ാം വകുപ്പ് പ്രകാരം ആർബിട്രേറ്ററെ നിയമിക്കുന്നതിനായി 11-01-2008-ന് ഒരു ഹർജി ഫയൽ ചെയ്യുന്നതുവരെ നടത്തിയിട്ടുള്ള ഏതെങ്കിലും കത്തിടപാടുകളിലോ, അനുബന്ധ രേഖകളിലോ, പറയപ്പെടുന്ന ആർബിട്രേഷൻ കരാറിനെക്കുറിച്ച് പരാമർശിച്ചിരുന്നില്ല. മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ, പ്രസ്തുത റിട്ട് ഹർജി പിൻവലിച്ചതായി ചൂണ്ടിക്കാണിച്ച് 15-02-2008-ന് അത് തള്ളുകയായിരുന്നു. അഭിഭാഷകനായ പവൻ കുമാർ തിവാരി ആദ്യ അവാർഡ് പുറപ്പെടുവിച്ചതും അതേ തീയതിയിലായിരുന്നു.

ആർബിട്രേഷൻ ആക്റ്റിലെ 34-ാം വകുപ്പ് പ്രകാരം അപ്പീൽവാദികൾ സമർപ്പിച്ച ആക്ഷേപങ്ങൾ കാലഹരണപ്പെട്ടതാണെന്നും മാപ്പ് നൽകാവുന്ന കാലയളവ് കഴിഞ്ഞാണ് അവ ഫയൽ ചെയ്തിട്ടുള്ളത് എന്നും ചൂണ്ടിക്കാണിച്ച് ആക്ഷേപങ്ങളെ വിചാരണ കോടതി തള്ളുകയായിരുന്നു. പ്രസ്തുത ആക്ഷേപങ്ങൾ പരിഗണനയിലിരിക്കെ,

01-04-1957-ലെ ആർബിട്രേഷൻ കരാർ തന്നെ ഉണ്ടോ എന്ന ചോദ്യം ഉന്നയിച്ചിരുന്നു. കാൺപൂർ നഗറിലെ ജില്ലാ ഗവൺമെന്റ് കൗൺസൽ (സിവിൽ) നിയമിച്ച അഭിഭാഷകന് മുനിസിപ്പൽ കോർപ്പറേഷൻ/മഹാനഗര പാലിക നൽകിയ മറുപടിയിൽ, കരാറിന്റെ ഹാജരാക്കിയ ഫോട്ടോകോപ്പി വ്യക്തമല്ലെന്നും രേഖകളിൽ അത്തരമൊരു കരാർ ലഭ്യമല്ലെന്നും പ്രസ്താവിച്ചു. അതിനാൽ, പ്രസ്തുത രേഖ പരിശോധിക്കാൻ കഴിഞ്ഞില്ല. 01-04-1957 തീയതിയിലുള്ള പറയപ്പെടുന്ന കരാറിൽ ഒന്നാം എതിർകക്ഷി ഒപ്പിട്ടിട്ടില്ലെന്ന് മാത്രമല്ല, കരാറിന്റെ ഒരു പകർപ്പ് പോലും അദ്ദേഹത്തിന് അടയാളപ്പെടുത്തിയിട്ടുമില്ല. മുനിസിപ്പൽ ബോർഡിന്റെ രേഖകളിൽ പ്രസ്തുത കരാർ ലഭ്യമല്ലാത്തതിനാൽ അതിന്റെ ആധികാരികത സ്ഥാപിക്കാൻ കഴിയില്ല. അത്തരമൊരു കരാർ ഉണ്ടായിരുന്നു എന്ന വസ്തുത സംസ്ഥാന സർക്കാർ വ്യക്തമായി നിഷേധിച്ചിട്ടുണ്ട്.

ആക്ഷേപങ്ങൾ കാലഹരണപ്പെട്ടതാണെന്നും മാപ്പ് നൽകാവുന്ന കാലയളവ് കഴിഞ്ഞാണ് അവ ഫയൽ ചെയ്തിട്ടുള്ളതും എന്നുള്ള കാരണങ്ങളാൽ അലഹബാദ് ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് ചോദ്യം ചെയ്യപ്പെട്ട വിധിയിലൂടെ അപ്പീൽ തള്ളുകയായിരുന്നു. ടി വിധി ചോദ്യം ചെയ്തു കൊണ്ടാണ് സംസ്ഥാന സർക്കാർ സുപ്രീം കോടതിയെ സമീപിച്ചിട്ടുള്ളത്.

വഞ്ചനയും നീതിയും ഒരിക്കലും ഒരുമിച്ച് നിലനിൽക്കില്ലെന്നും, നിയമവിരുദ്ധമായ ആനുകൂല്യം നേടുക എന്ന ഉദ്ദേശ്യത്തോടെ നടത്തുന്ന വഞ്ചനയിൽ നിന്ന് ഏതൊരു കക്ഷിക്കും യാതൊരു ആനുകൂല്യവും ലഭിക്കരുതെന്നും ഈ കോടതി ബിൽക്കീസ് യാക്കൂബ് റസൂൽ v. യൂണിയൻ ഓഫ് ഇന്ത്യ എന്ന കേസിൽ നിരീക്ഷിച്ചു. നിലവിലെ കേസിൽ, മുനിസിപ്പൽ കോർപ്പറേഷന്റെയോ ഉത്തർപ്രദേശ് സംസ്ഥാനത്തിന്റെയോ രേഖകളിൽ എവിടെയും ഈ പറയപ്പെടുന്ന ആർബിട്രേഷൻ കരാർ ലഭ്യമല്ല. ഒന്നാം എതിർകക്ഷിയുടെ കൈവശം യഥാർത്ഥ കരാർ ഇല്ലാത്തതിനാലും, അദ്ദേഹം ആർബിട്രേഷൻ കരാറിൽ ഒപ്പു വച്ചയാളോ കക്ഷിയോ അല്ലാത്തതിനാലും അദ്ദേഹം അത് ഫയൽ ചെയ്തിട്ടില്ല. ആർബിട്രേഷൻ നടപടിക്രമങ്ങൾക്ക് ഒരു ആർബിട്രേഷൻ കരാർ അനിവാര്യമാണ്, കാരണം കക്ഷികളുടെ സ്വയംനിർണ്ണയാവകാശ തത്വത്തെയാണ് (principle of party autonomy) ആർബിട്രേഷൻ അടിസ്ഥാനപരമായി ആശ്രയിച്ചിരിക്കുന്നത്. ഇത് അർത്ഥമാക്കുന്നത്, ഒരു അവാർഡ് നിയമപരമായി നടപ്പിലാക്കാൻ കഴിയണമെങ്കിൽ, ഒരു ആർബിട്രേഷൻ കരാർ അനിവാര്യമാണ്. ആർബിട്രേഷൻ കരാർ നിലവിലുണ്ടെന്ന് തെളിയിക്കുന്ന യാതൊരു തെളിവും ഇല്ല. ഔദ്യോഗിക രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ ആധികാരിക പകർപ്പോ പോലുമല്ലാത്ത ഒരു കടലാസ് കഷണം മാത്രമാണ് നിലവിലുള്ളത്. സർവ്വീസിൽ നിന്ന് വിരമിച്ച് ഏകദേശം 10 വർഷങ്ങൾക്ക് ശേഷം ഒന്നാം എതിർകക്ഷിയായ ആർ.കെ. പാണ്ഡെയ്ക്ക് കരാറിന്റെ പകർപ്പ് എങ്ങനെ, എവിടെ നിന്ന് ലഭിച്ചു എന്ന് അറിയില്ല.പറയപ്പെടുന്ന കരാർ പ്രകാരം ഇരു കക്ഷികൾക്കും, അതായത് കാൺപൂരിലെ മുനിസിപ്പൽ ആൻഡ് ഡെവലപ്മെന്റ് ബോർഡിനും ഉത്തർപ്രദേശ് ഗവർണർക്കും, മറുഭാഗത്തിന് രേഖാമൂലമുള്ള അറിയിപ്പ് നൽകി നഷ്ടപരിഹാരത്തിനായി ഒരു ആർബിട്രേറ്ററെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. പത്ത് ദിവസത്തിനുള്ളിൽ മറുഭാഗം ഒരു ആർബിട്രേറ്ററെ നാമനിർദ്ദേശം ചെയ്യുന്നതിൽ പരാജയപ്പെട്ടാൽ, ആദ്യ കക്ഷി നാമനിർദ്ദേശം ചെയ്യുന്ന ആർബിട്രേറ്റർ ഏക ആർബിട്രേറ്ററായി പ്രവർത്തിക്കും. അതുകൊണ്ട്, ഒന്നാം എതിർകക്ഷിയായ ആർ.കെ. പാണ്ഡെ ഏകപക്ഷീയമായി ആർബിട്രേറ്ററെ നിയമിച്ചത് അദ്ദേഹം മുന്നോട്ടുവച്ച ആർബിട്രേഷൻ വ്യവസ്ഥയ്ക്ക് വിരുദ്ധമാണ്.

ആർബിട്രേഷൻ കരാറിനെ അടിസ്ഥാനമാക്കി ആർബിട്രേഷൻ നടപടികൾ ആരംഭിക്കുന്നതിൽ ഉണ്ടായ കാലതാമസമാണ് ഈ കേസിലെ മറ്റൊരു കൗതുകകരമായ കാര്യം. ഇതേ തർക്കത്തെക്കുറിച്ച് 1997-ൽ ഒന്നാം എതിർകക്ഷിയായ ആർ.കെ. പാണ്ഡെ തന്നെയായിരുന്നു റിട്ട് ഹർജി ഫയൽ ചെയ്തിരുന്നത്. 22-04-2009 വരെ തീർപ്പാകാതെ കിടന്നിരുന്ന റിട്ട് ഹർജി പിന്നീട് പിൻവലിക്കുകയായിരുന്നു. ഹർജി തീർപ്പാകാതെ ഹൈക്കോടതിയുടെ പരിഗ

ണനയിലിരിക്കെയാണ് ആർബിട്രേഷൻ ആക്ടിലെ 11-ാം വകുപ്പ്പ്രകാരം റഫറൻസിനായി ഒരു കേസ് ഫയൽ ചെയ്തുകൊണ്ട് ആർ.കെ. പാണ്ഡെ 11-01-2008-ന് ആർബിട്രേഷൻ നടപടികൾ ആരംഭിച്ചത്. എന്നിരുന്നാലും, ടിയാൻ കേസ് പിന്നീട് പിൻവലിക്കുകയും, ആർബിട്രേഷൻ നടപടികൾ നടത്തുന്നതിനായി ഒന്നാം എതിർകക്ഷി രണ്ട് ഏക ആർബിട്രേറ്റർമാരെ സ്വമേധയാ നിയമിക്കുകയും, അപ്പീൽവാദികളായ ഉത്തർ പ്രദേശ് സംസ്ഥാനം കാൺപൂരിലെ ജി. എസ്. വി. എം. മെഡിക്കൽ കോളേജിന്റെ പ്രിൻസിപ്പൽ എന്നിവർക്കെതിരെ അവർ അവാർഡുകൾ പ്രഖ്യാപിക്കയും ചെയ്യുകയായിരുന്നു. 1963-ലെ കാലഹരണ ആക്ടിലെ (Limitation Act) 3-ാം വകുപ്പും, ആർബിട്രേഷൻ ആക്ടിലെ 43-ാം വകുപ്പും പ്രകാരം ഒന്നാം എതിർകക്ഷി ഉന്നയിച്ച അവകാശവാദങ്ങൾ പ്രഥമദൃഷ്ട്യാ കാലഹരണപ്പെട്ടതായിരുന്നുവെങ്കിലും, അവ അനുവദിച്ചിട്ടുള്ളതായി കാണുന്നു.

ആർബിട്രേഷന്റെ എല്ലാ സംഗതികളിലും തീരുമാനമെടുക്കാനുള്ള കക്ഷികളുടെ സ്വയം നിർണ്ണയാവകാശത്തെ ആർബിട്രേഷൻ ആക്ട് അംഗീകരിക്കുകയാണെങ്കിലും, ആർബിട്രേറ്ററെ നിയമിക്കുന്ന ഘട്ടത്തിൽ ധാർമ്മികനീതി (Equity) ബാധകമാണെന്ന് സെൻട്രൽ ഓർഗനൈസേഷൻ ഓഫ് റെയിൽവേ ഇലക്ട്രിഫിക്കേഷൻ v. ഇ.സി.ഐ. പി.ഐ.സി. എസ്.എം.ഒ. എം.സി.പി.എൽ. (ജെ.വി.) എന്ന കേസിൽ ഈ കോടതിയുടെ ഭരണഘടനാ ബെഞ്ച് നിരീക്ഷിച്ചിരുന്നു. ഇത് ഇതര തർക്ക പരിഹാര സംവിധാനത്തിന്റെയും (Alternate Dispute Redressal Mechanism) ആർബിട്രേഷൻ ആക്ടിലെ 18-ാം വകുപ്പിന്റെയും കാതലാണ്. കൂടാതെ, അത് ഒരു നിർബന്ധിത വ്യവസ്ഥയാണ്. എങ്കിൽ മാത്രമേ ആർബിട്രേറ്റർമാർക്ക് നിയമപ്രകാരം തർക്കം പരിഹരിക്കാനുള്ള അധികാരം ലഭിക്കുകയുള്ളൂ. ആർബിട്രേറ്റർമാരെ ഏകപക്ഷീയമായി നിയമിക്കുന്നത് ആർബിട്രേഷൻ നടപടികളെ നേരിട്ട് സ്വാധീനിക്കുമെന്നും ഈ വിധിന്യായത്തിൽ നിരീക്ഷിച്ചിരുന്നു. അർദ്ധ-ജുഡീഷ്യൽ സ്വഭാവമുള്ള ആർബിട്രേഷൻ ജഡ്ജിമാരിൽ നിന്ന് ആവശ്യപ്പെടുന്നത്ര നിഷ്പക്ഷവും സ്വതന്ത്രവുമായ പെരുമാറ്റം ആർബിട്രേറ്റർമാരിൽ നിന്ന് പ്രതീക്ഷിക്കുന്നു. കോടതി പുറപ്പെടുവിക്കുന്ന വിധിന്യായങ്ങളിൻമേൽ അപ്പീലുകൾ ഉള്ളതിനാലും ആർബിട്രേഷൻ അവാർഡുകൾക്ക് സാധാരണയായി കൂടുതൽ സ്വീകാര്യതയും അംഗീകാരവും ലഭിക്കുന്നതിനാലും, അത് എളുപ്പത്തിൽ നടപ്പാക്കാവുന്നതിനാലും ആർബിട്രേറ്റർമാർ ഉയർന്ന നിലവാരം പുലർത്തേണ്ടതാണ്.

1908-ലെ സിവിൽ നടപടി നിയമസംഹിതയുടെ 47-ാം വകുപ്പിൻ കീഴിൽ വിധിനടപ്പാക്കൽ ഘട്ടത്തിൽ പോലും, വഞ്ചന അല്ലെങ്കിൽ വിഷയവുമായി ബന്ധപ്പെട്ട ആധികാരികത ഇല്ലെന്നതിന്റെ അടിസ്ഥാനത്തിൽ ഒരു കക്ഷിക്ക് വിധിന്യായത്തെ എതിർക്കാൻ അവകാശമുണ്ട്. ആർബിട്രേഷൻ നടപടികൾ ഒന്നാം എതിർകക്ഷിയായ ആർ.കെ. പാണ്ഡെ സ്വമേധയാ ആർബിട്രേറ്ററെ നിയമിച്ചുകൊണ്ട് നടത്തിയ വെറും കപടനാടകവും വഞ്ചനയുമാണെന്ന് വ്യക്തമാണ്. പറയപ്പെടുന്ന ആർബിട്രേഷൻ കരാറിൽ ഒന്നാം എതിർകക്ഷി ഒപ്പുവച്ചിട്ടില്ലെന്ന് ഞങ്ങൾ വീണ്ടും പറയുന്നു. മാത്രമല്ല, അതിലെ കക്ഷികളെന്ന് പറയപ്പെടുന്ന ഡി.എൻ.പി.ബി.ഐ.ഡി. ആശുപത്രിയും ഉത്തർപ്രദേശ് ഗവർണറും അത്തരമൊരു കരാറിനെ അംഗീകരിക്കുന്നതുമില്ല. മുകളിൽ വ്യക്തമാക്കിയ വസ്തുതകളും കാരണങ്ങളും ചേർത്ത് വായിക്കുമ്പോൾ, വിഷയവുമായി ബന്ധപ്പെട്ട അധികാരിത ഇല്ലെന്നതിന്റെ വ്യക്തമായ ഒരു ഉദാഹരണമാണിത്.

അതനുസരിച്ച്, ഞങ്ങൾ നിലവിലെ അപ്പീൽ അനുവദിക്കുകയും, 15.02.2008, 25.06.2008 തീയതികളിലെ രണ്ട് എക്സ്-പാർട്ടെ അവാർഡുകൾ റദ്ദാക്കുകയും ചെയ്യുന്നു. രണ്ട് അവാർഡുകളും അസാധുവായും നിയമപ്രകാരം നടപ്പിലാക്കാൻ കഴിയാത്തതുമായി കണക്കാക്കപ്പെടേണ്ടതാണ്. തൽഫലമായി, പാസ്സാക്കിയ വിധിന്യായവും അപ്പീലിന്റെ വിഷയവും അസാധുവായി കണക്കാക്കപ്പെടേണ്ടതാണ്. അപ്പീൽവാദികൾക്ക് മുഴുവൻ നടപടിക്രമങ്ങൾക്കുമുള്ള നിയമപ്രകാരമുള്ള ചെലവുകൾക്ക് അർഹതയുണ്ടായിരിക്കും.




# ഹൈക്കോടതി വിധി

## സംക്ഷിപ്തം

## കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് എ. മുഹമ്മദ് മുസ്താഖ്**

**&**

**ബഹു. ജസ്റ്റിസ് പി. കൃഷ്ണ കുമാർ**

റിട്ട് അപ്പീൽ നം. 158 / 2025
[37369/2024 നം. റിട്ട് ഹർജിയിലെ 19.12.2024-ലെ വിധിക്കെതിരെ]

**ദിവ്യ കെ. എസ്.-ഉം മറ്റുള്ളവരും - അപ്പീൽവാദികൾ**

**v.**

**കേരള സംസ്ഥാനവും മറ്റുള്ളവരും - എതിർകക്ഷികൾ**

(29.01.2025-ന് വിധി പ്രസ്താവിച്ചത്)

### വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ

നിയമവാഴ്ച നിയന്ത്രിക്കുന്ന ബന്ധങ്ങളിൽ ഏർപ്പെടുന്ന വ്യക്തികളെ അത്തരം ബന്ധം സ്ഥാപിക്കപ്പെടുന്ന സമയത്ത് വിഭാവനം ചെയ്യാത്ത അപ്രതീക്ഷിത ബാധ്യതകൾക്ക് വിധേയരാക്കരുത് എന്നത് നിയമത്തിലെ ഒരു അടിസ്ഥാന തത്വമാണ്. നിർബന്ധിത സേവനം നടപ്പിലാക്കാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണെന്ന് പ്രോസ്പെക്ടസിൽ പറഞ്ഞിരുന്നു. എന്നിരുന്നാലും, ഇത് സർക്കാരിന് ഏകപക്ഷീയമായി പ്രവർത്തിക്കാനോ സ്വന്തം ഇഷ്ടപ്രകാരം ആ അധികാരം പ്രയോഗിക്കാനോ ഉള്ള അവകാശം നൽകുന്നില്ല. വിദ്യാർത്ഥികളെ പ്രോഗ്രാമിലേക്ക് പ്രവേശിപ്പിക്കുന്നതിന് മുമ്പായി അത്തരം നിർബന്ധിത സേവന കരാറുകളിൽ ഏർപ്പെടാൻ സർക്കാരിന് ആവശ്യപ്പെടാമായിരുന്നു. അധികാരം കൈവശം വയ്ക്കുന്നതും അത് വിനിയോഗിക്കുന്നതും രണ്ട് വ്യത്യസ്ത ആശയങ്ങളാണ്, അവയെ കൂട്ടിക്കുഴയ്ക്കാൻ പാടില്ലാത്തതാണ്. അധികാരം നിയമാനുസൃതമാണെങ്കിലും, അതിന്റെ പ്രയോഗം യാന്ത്രികമായി ന്യായീകരിക്കാൻ കഴിയില്ല. എല്ലാ അധികാരവും യാന്ത്രികമല്ലാതെയും ഉത്തരവാദിത്വത്തോടുകൂടിയും ശ്രദ്ധാപൂർവ്വമായി പരിഗണിച്ചതിനുശേഷം വിനിയോഗിക്കപ്പെടേണ്ടതാണ്. അധികാര വിനിയോഗം മറ്റുള്ളവരുടെ അവകാശങ്ങളെ ബഹുമാനിക്കുന്നതും നീതിയുക്തവും സുതാര്യവുമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടുമായിരിക്കണം. അല്ലാത്തപക്ഷം, അങ്ങനെയുള്ള അധികാരത്തിന്റെ വിനിയോഗം ചോദ്യം ചെയ്യപ്പെടാൻ ഇടയുണ്ട്. നിർവ്വചിക്കപ്പെട്ട മാനദണ്ഡങ്ങളാൽ മുൻകൂട്ടി സ്ഥാപിച്ച ബന്ധങ്ങളെ അപ്രതീക്ഷിതമായ ഏതെങ്കിലും തലത്തിലേക്ക് അധികാരത്തിന്റെ വിനിയോഗം നയിക്കുന്ന സന്ദർഭത്തിൽ അത് ഏകപക്ഷീയമാകും.

**വിധിന്യായം**

2022-23, 2023-24 അധ്യയന വർഷങ്ങളിൽ സംസ്ഥാനത്തെ വിവിധ സർക്കാർ നഴ്സിംഗ് കോളേജുകളിൽ എം.എസ്.സി. നഴ്സിംഗ് ഡിഗ്രി കോഴ്സിൽ ചേർന്ന ചില വിദ്യാർത്ഥികളാണ് ഈ റിട്ട് അപ്പീൽ സമർപ്പിച്ചത്. ഈ അപ്പീലിലേക്ക് നയിച്ച റിട്ട് ഹർജിയിൽ ബോണ്ട് മുഖേന ഒരു വർഷത്തെ നിർബന്ധിത അധ്യാപന പരിശീലന കാലം (ഇന്റേൺഷിപ്പ്) നിഷ്കർഷിച്ചിട്ടുള്ള 11-07-2024 ലെ സർക്കാർ ഉത്തരവിനെയാണ് ചോദ്യം ചെയ്തിരുന്നത്. പ്രസ്തുത ഉത്തരവ് പ്രകാരം, 2022-23 അധ്യയന വർഷം മുതൽ എം.എസ്.സി. നഴ്സിംഗ് കോഴ്സിൽ ചേരുകയും അത് വിജയകരമായി പൂർത്തിയാക്കുകയും ചെയ്ത വിദ്യാർത്ഥികളെ 25,000/- രൂപ സ്റ്റൈപ്പൻഡോടുകൂടി ബോണ്ടഡ് ലക്ചറർമാരായി നിയമിക്കാൻ സർക്കാർ തീരുമാനിച്ചു. ഇത് ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ നിർദ്ദേശങ്ങളുടെ ലംഘനമാണെന്ന് അവർ വാദിച്ചു.

2. എം.എസ്.സി. നഴ്സിംഗ് പ്രോഗ്രാമുമായി ബന്ധപ്പെട്ട ബോണ്ട് സംവിധാനത്തെക്കുറിച്ച് ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ പ്രസക്തമായ ഭാഗം പരാമർശിക്കുന്നത് ഉചിതമാണ്. അത് ഇപ്രകാരമാണ് :-

**"ബോണ്ട് സമ്പ്രദായം**

വിദ്യാർത്ഥികളിൽ നിന്ന് സേവന-ബോണ്ട് വാങ്ങുന്നതും അവരുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ (Original Certificates) പിടിച്ചുവയ്ക്കുന്നതും ഒരു അധാർമ്മിക നടപടിയായി ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ കാണുന്നു. അത്തരം എന്തെങ്കിലും പ്രവൃത്തി ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ലംഘനം നടത്തിയ സ്ഥാപനത്തിനെതിരെ 1947-ലെ ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ ആക്റ്റിലെ 14-ാം വകുപ്പ് പ്രകാരം ഉചിതമായ നടപടി സ്വീകരിക്കുന്നതായിരിക്കും."

3. അസോസിയേഷൻ ഓഫ് മെഡിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ആസ്പിരന്റ്സ് ആൻഡ് റസിഡന്റ്സ് v. യൂണിയൻ ഓഫ് ഇന്ത്യ [(2019) 8 SCC 607] എന്ന കേസിലെ സുപ്രീം കോടതിയുടെ വിധിയും, ഐഷ ബീഗം (ഡോക്ടർ) v. കേരള സംസ്ഥാനം [2018 (2) KLT 471] എന്ന കേസിലെ ഈ കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെ വിധിയും അടിസ്ഥാനമാക്കി സിംഗിൾ ജഡ്ജി അവരുടെ ഹർജി തള്ളി. സിംഗിൾ ജഡ്ജിയുടെ ഈ വിധിന്യായത്തെയാണ് റിട്ട് ഹർജിക്കാരിൽ ചിലർ നിലവിലെ അപ്പീലിൽ ചോദ്യം ചെയ്യുന്നത്.

4. ബോണ്ട് സമ്പ്രദായത്തെക്കുറിച്ചുള്ള നഴ്സിംഗ് കൗൺസിലിന്റെ നിർദ്ദേശങ്ങൾ ഈ കോടതിയിൽ സമർപ്പിച്ച എതിർ സത്യവാങ്മൂലത്തിൽ കൗൺസിൽ വിശദീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പിടിച്ചു വച്ചുകൊണ്ട് അവരെ നിർബന്ധിതമായി നഴ്സുമാരായി ജോലി ചെയ്യിക്കുന്ന ചില നഴ്സിംഗ് സ്ഥാപനങ്ങളുടെ സമ്പ്രദായം തടയുന്നതിനാണ് ഈ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതെന്ന് കൗൺസിൽ പറഞ്ഞു. ബോണ്ടഡ് സേവനത്തിന്റെ നിയമസാധുത വിവിധ ഹൈക്കോടതികൾ പരിഗണിച്ചിട്ടുണ്ടെന്നും, സർക്കാർ സ്ഥാപന ങ്ങളിലെ അത്തരം നിർബന്ധിത ബോണ്ടുകൾ പ്രാബല്യത്തിലുള്ള യാതൊരു നിയമത്തിന്റെയും ലംഘനമല്ലെന്ന് സുപ്രീം കോടതി (മുകളിൽ സൂചിപ്പിച്ച) അസോസിയേഷൻ ഓഫ് മെഡിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ആസ്പിരന്റ്സ് ആൻഡ് റസിഡന്റ്സ് കേസിൽ പ്രഖ്യാപിച്ചിട്ടുണ്ടെന്നും ഞങ്ങൾ ശ്രദ്ധിക്കുന്നു.

5. എന്നിരുന്നാലും, ഈ വിഷയത്തിൽ എൻറോൾമെന്റ് സമയത്ത് ബോണ്ടിൽ ഏർപ്പെടണമെന്ന് സർക്കാർ നിർബന്ധിക്കുകയോ മതിയായ സമയത്തിനുള്ളിൽ ബോണ്ടുകളിൽ ഏർപ്പെടാൻ വിദ്യാർത്ഥികളോട് ആവശ്യപ്പെടുകയോ ചെയ്തിട്ടില്ലെന്ന് ഞങ്ങൾ ശ്രദ്ധിക്കുന്നു.

6. എം.എസ്.സി. നഴ്സിംഗ് രണ്ട് വർഷത്തെ പ്രോഗ്രാമാണ്. നമ്മുടെ മുന്നിൽ രണ്ട് കൂട്ടം വിദ്യാർത്ഥികളുണ്ട് : 2022-23 അധ്യയന വർഷത്തിൽ ചേർന്നവരും, 2023-24 അധ്യയന വർഷത്തിൽ ചേർന്നവരും. 2022-23 ബാച്ചിലെ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം, അവർ 2024 നവംബർ മാസത്തിൽ കോഴ്സ് പൂർത്തിയാക്കി.

7. 2022-ലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമിലേക്ക് പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് 21/7/2022-ന് മാത്രമാണ് പുറപ്പെടുവിച്ചത്. നിർബന്ധിത സേവനം സംബന്ധിച്ച് പ്രോസ്പെക്ടസിൽ ഇപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്: "(എഫ്) നിർബന്ധിത സേവനം - ഗവൺമെന്റ് കോളേജ് ഓഫ് നഴ്സിംഗിൽ എം.എസ്.സി നഴ്സിംഗ് കോഴ്സിന് പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് നിർബന്ധിത സേവനം ഐച്ഛികമായിരിക്കും (optional). നിർബന്ധിത സേവനം നടപ്പിലാക്കാൻ സർക്കാർ ആഗ്രഹിക്കുന്നുവെങ്കിൽ, എല്ലാ വിദ്യാർത്ഥികളും അത് ചെയ്യാൻ ബാധ്യസ്ഥരാണ്."

2023-24 അധ്യയന വർഷത്തേക്കും സമാനമായ ഒരു പ്രോസ്പെക്ടസ് 30/5/2023-ന് പുറപ്പെടുവിച്ചിരുന്നു. അതിലും നിർബന്ധിത സേവനം സംബന്ധിച്ച നിബന്ധന സമാനമാണ്. പ്രോസ്പെക്ടസ് പുറപ്പെടുവിച്ച സമയത്ത് വിദ്യാർത്ഥികൾക്ക് നിർബന്ധിത സേവനം വേണമോ എന്ന് കാര്യത്തിൽ സർക്കാരിന് വ്യക്തത ഇല്ലായിരുന്നു. നിർബന്ധിത സേവനത്തിനായി വിദ്യാർത്ഥികളെ ബോണ്ടുകളിൽ ഏർപ്പെടാൻ നിർബന്ധിക്കുന്ന വ്യവസ്ഥ സർക്കാർ നിലനിർത്തി. വിദ്യാർത്ഥികളുടെ ഭാവി അനിശ്ചിതത്വത്തിലാക്കുന്ന ഏതെങ്കിലും സാഹചര്യം സൃഷ്ടിക്കുവാൻ സർക്കാരിന് കഴിയുമോ? നിർബന്ധിത ബോണ്ട് നിഷ്കർഷിച്ചിരിക്കുന്നതിന്റെ നിയമസാധുതയിൽ ഞങ്ങൾക്ക് സംശയമില്ല. ഏത് മേഖലയിലായാലും, 'നിയമപരമായ നിശ്ചിതത്വത്തിന്റെ' (Legal certainity) അടിസ്ഥാനത്തിലാണ് നിയമപരമായ എല്ലാ ബന്ധങ്ങളും രൂപപ്പെടുന്നത്. നിയമപരമായ നിശ്ചിതത്വം നിയമവാഴ്ചയുടെ ഒരു വശമാണ്. അതായത് നിയമം ലംഘിക്കുന്നതിന്റെ നിയമപരമായ അനന്തരഫലങ്ങളെക്കുറിച്ച് ഒരാൾക്ക് വ്യക്തത ഉണ്ടായിരിക്കണം.


9. നിയമവാഴ്ച നിയന്ത്രിക്കുന്ന ബന്ധങ്ങളിൽ ഏർപ്പെടുന്ന വ്യക്തികളെ അത്തരം ബന്ധം സ്ഥാപിക്കപ്പെടുന്ന സമയത്ത് വിഭാവനം ചെയ്യാത്ത അപ്രതീക്ഷിത ബാധ്യതകൾക്ക് വിധേയരാക്കരുത് എന്നത് നിയമത്തിലെ ഒരു അടിസ്ഥാന തത്വമാണ്. നിർബന്ധിത സേവനം നടപ്പിലാക്കാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണെന്ന് പ്രോസ്പെക്ടസിൽ പറഞ്ഞിരുന്നു. എന്നിരുന്നാലും, ഇത് സർക്കാരിന് ഏകപക്ഷീയമായി പ്രവർത്തിക്കാനോ സ്വന്തം ഇഷ്ടപ്രകാരം ആ അധികാരം പ്രയോഗിക്കാനോ ഉള്ള അവകാശം നൽകുന്നില്ല. വിദ്യാർത്ഥികളെ പ്രോഗ്രാമിലേക്ക് പ്രവേശിപ്പിക്കുന്നതിന് മുമ്പായി അത്തരം നിർബന്ധിത സേവന കരാറുകളിൽ ഏർപ്പെടാൻ സർക്കാരിന് ആവശ്യപ്പെടാമായിരുന്നു. അധികാരം കൈവശം വയ്ക്കുന്നതും അത് വിനിയോഗിക്കുന്നതും രണ്ട് വ്യത്യസ്ത ആശയങ്ങളാണ്, അവയെ കൂട്ടിക്കുഴയ്ക്കാൻ പാടില്ലാത്തതാണ്. അധികാരം നിയമാനുസൃതമാണെങ്കിലും, അതിന്റെ പ്രയോഗം യാന്ത്രികമായി ന്യായീകരിക്കാൻ കഴിയില്ല. എല്ലാ അധികാരവും യാന്ത്രികമല്ലാതെയും ഉത്തരവാദിത്വത്തോടുകൂടിയും ശ്രദ്ധാപൂർ

വ്വമായി പരിഗണിച്ചതിനുശേഷം വിനിയോഗിക്കപ്പെടേണ്ടതാണ്. അധികാര വിനിയോഗം മറ്റുള്ളവരുടെ അവകാശങ്ങളെ ബഹുമാനിക്കുന്നതും നീതിയുക്തവും സുതാര്യവുമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടുമായിരിക്കണം. അല്ലാത്തപക്ഷം, അങ്ങനെയുള്ള അധികാരത്തിന്റെ വിനിയോഗം ചോദ്യം ചെയ്യപ്പെടാൻ ഇടയുണ്ട്. നിർവ്വചിക്കപ്പെട്ട മാനദണ്ഡങ്ങളാൽ മുൻകൂട്ടി സ്ഥാപിച്ച ബന്ധങ്ങളെ അപ്രതീക്ഷിതമായ ഏതെങ്കിലും തലത്തിലേക്ക് അധികാരത്തിന്റെ വിനിയോഗം നയിക്കുന്ന സന്ദർഭത്തിൽ അത് ഏകപക്ഷീയമാകും.

11. ഈ കോടതിയിൽ അപ്പീൽ നൽകിയപ്പോഴും വിദ്യാർത്ഥികൾ അത്തരം ബോണ്ടുകൾ ലംഘിച്ചാൽ നൽകേണ്ട തുക സംബന്ധിച്ച് സർക്കാർ ഒരു കണക്കും നൽകിയിരുന്നില്ല എന്നത് എടുത്തുപറയേണ്ടതാണ്. നിർബന്ധിത സേവനം നടപ്പാക്കുന്നത് സംബന്ധിച്ചുള്ള ശരിയായ നയത്തിന്റെ അഭാവമാണ് ഇത് എടുത്തുകാണിക്കുന്നത്. നിർബന്ധിത സേവനം ബോണ്ടുകൾ മുഖേന നടപ്പിലാക്കുന്നതിനാൽ, അവയിൽ നിന്ന് ഉണ്ടാക്കുന്ന ബാധ്യതകൾ ലംഘിക്കുന്നതിന്റെ അനന്തരഫലങ്ങൾ സംബന്ധിച്ച് വ്യക്തവും സ്പഷ്ടവുമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടായിരിക്കണം. വിദ്യാർത്ഥികളുടെ പ്രവേശനത്തിന് മുൻപായി വ്യക്തമായി നിർവ്വചിക്കപ്പെട്ട ഒരു നയം ഇല്ലാതെ, കോഴ്സിനിടയിൽ ബോണ്ടുകളിൽ ഏർപ്പെടാൻ വിദ്യാർത്ഥികളോട് ആവശ്യപ്പെടാൻ സർക്കാരിന് കഴിയില്ല, പ്രത്യേകിച്ച് നിർബന്ധിത സേവനം നടപ്പിലാക്കുകയും ബോണ്ട് ലംഘനങ്ങൾക്ക് പിഴ ചുമത്തുകയും ചെയ്യുന്നിടത്ത്. സർക്കാർ കോളേജുകൾക്ക് പകരം സ്വകാര്യ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് ചേരാനുള്ള അവസരം ഉണ്ടെന്നുള്ളതും അംഗീകരിക്കേണ്ടതാണ്. നിർബന്ധിത സേവനം നടപ്പിലാക്കാനുള്ള ഉദ്ദേശ്യം വിദ്യാർത്ഥി പ്രവേശനത്തിന് മുമ്പ് വെളിപ്പെടുത്തുന്നതിൽ സർക്കാർ പരാജയപ്പെട്ടതിനാൽ, കോഴ്സിനിടയിൽ ബോണ്ടിൽ ഏർപ്പെടണമെന്ന സർക്കാരിന്റെ ആവശ്യം ഏകപക്ഷീയവും അന്യായവും നിയമപരമായ നിശ്ചിതത്വത്തിന് വിരുദ്ധവുമാണ്.

12. എന്നിരുന്നാലും, ഒരു ബോണ്ടിൽ ഏർപ്പെടണോ വേണ്ടയോ എന്നത് വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുക്കാവുന്ന കാര്യമാണ്. വിദ്യാർത്ഥികളെ ബോണ്ടിൽ ഏർപ്പെടാൻ നിർബന്ധിക്കാനാവില്ല. അപ്പീൽവാദികളിൽ ആരും ബോണ്ടിൽ ഏർപ്പെട്ടിട്ടില്ലെങ്കിലും അവർ ബോണ്ടിൽ ഏർപ്പെടാൻ തയ്യാറല്ലെങ്കിലും, മുകളിൽ പ്രഖ്യാപിച്ച നിയമത്തിന്റെ വെളിച്ചത്തിൽ ബോണ്ടിൽ ഏർപ്പെടാൻ അവരെ നിർബന്ധിക്കാൻ പാടില്ല.

അതിനാൽ, അപ്പീൽ അനുവദിച്ചിരിക്കുന്നു. ചോദ്യം ചെയ്യപ്പെട്ട വിധിന്യായം റദ്ദാക്കുന്നു. കോളേജുകൾ പിടിച്ചുവച്ചിരിക്കുന്ന സാക്ഷ്യപത്രങ്ങൾ കോഴ്സ് പൂർത്തിയാക്കിയിട്ടുള്ളതും നിർബന്ധിത സേവനത്തിനുള്ള ബോണ്ടിൽ ഏർപ്പെടാത്തതുമായ വിദ്യാർത്ഥികൾക്ക് ഉടൻ നൽകാൻ ഞങ്ങൾ ഉത്തരവിടുന്നു.




# സുപ്രധാനവിധികൾ ഒറ്റനോട്ടത്തിൽ

## സുപ്രധാനവിധികൾ ഒറ്റനോട്ടത്തിൽ

### മുക്താർ അലി
### v.
### കേരള സംസ്ഥാനം

2025 : KER : 10033

റിട്ട് അപ്പീൽ നമ്പർ 1061/2023, 992/2024 എന്നീ കേസുകളിൽ ബഹു. കേരള ഹൈക്കോടതി 12/09/2024-ൽ പുറപ്പെടുവിച്ച ഉത്തരവ് പുനഃ പരിശോധിക്കുന്നതിനു വേണ്ടിയാണ് ഈ റിവ്യൂ ഹർജി ഫയൽ ചെയ്തിട്ടുള്ളത്. ടി ഉത്തരവിൽ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിന്റെ 6-ാം ഖണ്ഡിക പ്രകാരം അനുമതി നൽകിയിട്ടുള്ള ഭൂമിക്ക് 30/12/2017 മുതൽ കേരള ഭൂനികുതി ആക്റ്റിന്റെ 6A വകുപ്പിൻ കീഴിൽ നികുതി നിർണ്ണയിക്കപ്പെടേണ്ടത് 2008- ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ആക്റ്റിന്റെ 27A വകുപ്പിൽ അനുശാസിക്കും പ്രകാരമായിരിക്കണമെന്ന് ഉത്തരവായിരുന്നു. 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിന്റെ 6-ാം ഖണ്ഡിക പ്രകാരം അനുമതി നേടിയിട്ടുള്ള ഭൂമിയുടെ കൈവശക്കാരെ 2008- ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ആക്റ്റിന്റെ 27A വകുപ്പ് പ്രകാരമുള്ള നികുതി നിർണ്ണയത്തിൽ നിന്നും ഒഴിവാക്കപ്പെടേണ്ടതുണ്ടോ എന്ന ചോദ്യമാണ് ഈ കേസിൽ ബഹു. ഹൈക്കോടതിയുടെ പരിഗണനക്കായി വന്നത്.

2008- ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ 12(17)-ാം ചട്ടം കോടതി പരിഗണിച്ചശേഷം, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിന്റെ 6-ാം ഖണ്ഡിക പ്രകാരം ഉത്തരവ് നേടിയിട്ടുള്ള ഭൂമിയുടെ കൈവശക്കാർ നികുതി നിർണ്ണയത്തിനായി വീണ്ടും 2008- ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ആക്റ്റിന്റെ 27A വകുപ്പ് പ്രകാരമുള്ള നടപടികൾ പാലിക്കുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം എന്ന് ഉത്തരവ് നൽകുവാൻ പാടില്ലായിരുന്നുവെന്ന് കോടതി നിരീക്ഷിച്ചു. 2008- ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ 12(17)-ാം ചട്ടം യഥാർത്ഥത്തിൽ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരം മറ്റ് ആവശ്യങ്ങൾക്കായി കളക്ടറുടെ അനുമതി നേടിയിട്ടുള്ള ഭൂമിയുടെ കൈവശക്കാരെ വീണ്ടും 2008- ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ആക്റ്റിന്റെ 27A വകുപ്പിൽ പറഞ്ഞിട്ടുള്ള നടപടികളിൽ നിന്നും ഒഴിവാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് എന്ന് കോടതി നിരീക്ഷിച്ചു.

### ശ്രീരാജ് കെ. സി.
### v.
### കേരള സംസ്ഥാനം

2025 : KER : 14551

തൃശ്ശൂർ ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 330/2023-ൽ നിന്ന് ഉത്ഭവിച്ച ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതി - II മുമ്പാകെ നിലവിൽ എസ്.സി. നമ്പർ 1071/2023 ലെ അനുബന്ധം എ 2 അന്തിമ റിപ്പോർട്ടും എല്ലാ തുടർനടപടികളും റദ്ദാക്കുന്നതിനായി ഈ കേസിലെ ഏക പ്രതിയാണ് 1973 ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 482-ാാ വകുപ്പ് പ്രകാരം ക്രിമിനൽ മിസലെനിയസ് കേസ് ഫയൽ ചെയ്തത്.

കേസിലെ വസ്തുതകൾ ചുരുക്കത്തിൽ പറഞ്ഞാൽ, പോലീസ് ഉദ്യോഗസ്ഥനായ പ്രതി വിവാഹ വാഗ്ദാനം നൽകി 24.4.2022 ന് പരാതിക്കാരിയെ ലൈംഗികമായി പീഡിപ്പിച്ചുവെന്നും, തുടർന്ന് 2022 ഒക്ടോബർ മാസം വരെ തൃശൂർ, ഗുരുവായൂർ തുടങ്ങിയ സ്ഥലങ്ങളിൽ വെച്ച് ലൈംഗികബ ന്ധത്തിന് വിധേയയാക്കി എന്നുമാണ് പ്രോസിക്യൂഷൻ കേസ്. ഈ കാലയളവിൽ, പ്രതി പരാതിക്കാരിയിൽ നിന്ന് 9,30,000/- രൂപ (ഒമ്പത് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം)

കൈക്കലാക്കിയതിനുശേഷം വിവാഹത്തിൽ നിന്ന് പിന്മാറുകയായിരുന്നു. ഈ കേസിലെ, പരാതിക്കാരി വിവാഹിതയും രണ്ട് കുട്ടികളുടെ അമ്മയുമാണ്. 2022 ഒക്ടോബറിലാണ് അവസാന മായി ലൈംഗിക ബന്ധത്തിന് വിധേയമാക്കി എന്ന് ആരോപിക്കുന്നുവെങ്കിലും 3.2.2023 വരെ ഒരു പരാതിയും നല്കിയിട്ടുള്ളതായി കാണുന്നില്ല. കൂടാതെ, ആ വിവാഹബന്ധം നിലനിൽക്കുമ്പോഴാണ് ടി വിവാഹ വാഗ്ദാനം ഇവർക്ക് നൽകിയതെന്ന് പറയപ്പെടുന്നു. ഈ കേസിലെ വസ്തുതകൾ പരിഗ ണിക്കുമ്പോൾ ഹർജിക്കാരനും പരാതി ക്കാരിയും തമ്മിലുള്ള ലൈംഗികബന്ധം നടന്നിട്ടുള്ളത് ഉഭയസമ്മത പ്രകാരമാണെന്ന് കണക്കാക്കേണ്ടതാണ്. ലൈംഗികബന്ധ ത്തിനുള്ള സമ്മതം നേടിയിട്ടുള്ളത് വസ്തുത കളെ തെറ്റിദ്ധരിപ്പിച്ചതുകൊണ്ടാണെന്ന് പ്രഥമദൃഷ്ട്യാ കാണുന്നിടത്ത് മാത്രമേ അങ്ങനെ യുള്ള ചെയ്തികൾ കുറ്റകരമാകുകയുള്ളൂ.

വിവാഹ വാഗ്ദാനം നൽകി സ്ത്രീയെ ലൈംഗിക ബന്ധത്തിന് വിധേയമാക്കുന്നത് വസ്തുത കളെ തെറ്റിദ്ധരിപ്പിച്ച് സമ്മതം നേടു ന്നതിന് തുല്യമാണ്. എന്നാൽ വിവാഹ വാഗ്ദാനത്തിന്റെ പേരിൽ ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ട സ്ത്രീ, വിവാഹിത യും വിവാഹമോചനം നേടാതെ ആ ബന്ധം തുടരുകയുമാണെങ്കിൽ, സാഹചര്യം തികച്ചും വ്യത്യസ്തമാണ്. അത്തരം സന്ദർഭങ്ങളിൽ, വിവാഹ വാഗ്ദാനം തന്നെ അസാധ്യമാണ്, അതിനാൽ തെറ്റിദ്ധരിപ്പിച്ചു എന്ന വാദത്തിന് പ്രസക്തിയില്ല. തൽഫലമായി, ഈ ഹർജി അനുവദിക്കുന്നു.

## കൃഷ്ണൻകുട്ടി മേനോൻ
## v.
## ജില്ലാ കളക്ടർ

2025 : KER : 2113

നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിൻ കീഴിൽ "തണ്ണീർത്തടം" എന്നതിന്റെ നിർവചനം പരിഗണിക്കുമ്പോൾ, ഒരു പ്രദേശത്ത് വെള്ളം കെട്ടിനിൽക്കുന്നതു കൊണ്ട് മാത്രം ആ പ്രദേശത്തെ "തണ്ണീർത്തടമായി" കണക്കാക്കാൻ കഴിയില്ലെന്ന് വ്യക്തമാണ്. മുകളിൽ സൂചിപ്പിച്ച നിർവചനത്തിൽ വ്യക്തമാക്കിയ എല്ലാ സവിശേഷതകളും ആ പ്രദേശത്തിനുണ്ടായിരിക്കണം. നെൽവ യൽ ആക്റ്റിന്റെ 2 (xviii)-ാം വകുപ്പിൽ അടങ്ങിയിരിക്കുന്ന തണ്ണീർത്തടത്തിന്റെ നിർവചനത്തിൽ പരാമർശിച്ചിരിക്കുന്ന സ്വഭാവസവിശേഷതകൾ ഹർജിക്കാരുടെ വസ്തുക്കൾക്ക് ഉണ്ടോ എന്നത് ഈ കേസിൽ അധികാരികൾ പരിശോധിച്ചിട്ടുള്ളതായി കാണുന്നില്ല. മാഥേർ നഗർ റസിഡന്റ്സ് അസോസിയേഷനുകൾ [2020 (2) KLT 192] എന്ന കേസിൽ ഈ കോടതിയുടെ ഡിവിഷൻ ബെഞ്ച് നടത്തിയ നിരീക്ഷണങ്ങൾ മുകളിൽ സ്വീകരിച്ച വീക്ഷണത്തെ ബലപ്പെടുത്തുന്നതാണ്. ഏതെങ്കിലും പ്രദേശം താഴ്ന്ന് കിടക്കുന്നതുമൂലം മഴക്കാലത്ത് അവിടെ വെള്ളം കെട്ടിക്കിടക്കുന്നതുകൊണ്ട് ആ വസ്തുവിനെ 2008-ലെ ആക്റ്റ് പ്രകാരം തണ്ണീർത്തടമെന്നോ നെൽവയലെന്നോ വിശേഷിപ്പിക്കാൻ കഴിയില്ലെന്ന് ആ കേസിൽ ഈ കോടതിയുടെ ഡിവിഷൻ ബെഞ്ച് വിധിച്ചിരുന്നു എന്ന് കോടതി നിരീക്ഷിച്ചു. കൂടാതെ, ചേർന്ന് കിടക്കുന്ന വസ്തുക്ക ളുടെ സ്വഭാവത്തെക്കുറിച്ച് ഹർജിക്കാരുടെ അഭിഭാഷകൻ ഉന്നയിച്ച വാദവും പ്രസക്തമാണ്. ചേവായൂർ വില്ലേജിലെ റീ-സർവെ നമ്പർ 55/1 ൽ ഉൾപ്പെട്ട ചേർന്ന് കിടക്കുന്ന ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും എക്സിബിറ്റ് P16 ഉത്തരവ് പ്രകാരം പ്രസ്തുത വസ്തു റവന്യൂ രേഖകളിൽ കരഭൂമിയായി ട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ചൂണ്ടി ക്കാണിച്ചു. ഹർജിക്കാർക്ക് കോഴിക്കോട് ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.) നൽകിയ എക്സിബിറ്റ് P 14 മറുപടി പ്രകാരം, സർവെ നമ്പർ 231/1G യിൽ ഉൾപ്പെട്ട വസ്തുവിന്റെ ഒരു ഭാഗം ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും, അതേ സർവെ

നമ്പറിൽ ഉൾപ്പെട്ട ഹർജിക്കാരന്റെ വസ്തു ഡാറ്റാ ബാങ്കിൽ തണ്ണീർത്തടമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും അതിൽ പ്രസ്താവിച്ചിരിക്കുന്നു. ഹർജിക്കാർ ഫോം 5-ൽ സമർപ്പിച്ച അപേക്ഷ പരിഗണിക്കുമ്പോഴും ഹർജിക്കാരുടെ വസ്തുക്കളുടെ യഥാർത്ഥ സവിശേഷതകൾ നിർണ്ണയിക്കുമ്പോഴും അതിനോട് ചേർന്നുകിടക്കുന്ന വസ്തുക്കളുടെ സവിശേഷതകൾ പ്രസക്തമാണ്. ഹർജിക്കാരുടെ വസ്തുവിനോട് ചേർന്ന് കിടക്കുന്ന വസ്തുവിലൂടെയാണ് ഹൈവേ നിർമ്മിച്ചിട്ടുള്ളതിനാലും, അതും വെള്ളക്കെട്ടിന് കാരണമായിട്ടുള്ളതിനാലും, വസ്തുവിൽ വെള്ളം കെട്ടിനിൽക്കുന്നത് ഹർജിക്കാരുടെ വസ്തുവിനെ തണ്ണീർത്തടമായി തരം തിരിക്കുന്നതിന് അടിസ്ഥാനമാകില്ലെന്ന് ഹർജിക്കാരുടെ അഭിഭാഷകൻ ചൂണ്ടിക്കാട്ടി.

മുകളിൽ പരാമർശിച്ചിരിക്കുന്ന വസ്തുതകളൊന്നും പരിഗണിക്കാതെ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് മാത്രം പരിഗണിച്ചാണ് രണ്ടാം എതിർകക്ഷി എക്സിബിറ്റ്സ് P12, P13 ഉത്തരവുകൾ പാസാക്കിയതെന്നും, അതിനാൽ നെൽവയൽ ആക്റ്റിൽ വിഭാവനം ചെയ്തിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി പാസാക്കിയ ഉത്തരവായി ഇതിനെ കണക്കാക്കാനാവില്ലെന്നും വിധിച്ചു. ഫോം 5 അപേക്ഷ പരിഗണിക്കുന്നതിന്റെ ഉദ്ദേശ്യം നെൽവയൽ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതിയിലെ വസ്തുവിന്റെ സ്വഭാവം കണ്ടെത്തുക എന്നതായതിനാൽ, രണ്ടാമത്തെ എതിർകക്ഷി പ്രസക്തമായ എല്ലാ വസ്തുതകളും പരിഗണിച്ച് സ്വതന്ത്രമായ വിലയിരുത്തൽ നടത്താൻ ബാധ്യസ്ഥനാണ്. അങ്ങനെ പരിഗണിക്കേണ്ട രേഖകളിൽ ഒന്നു മാത്രമാണ് വില്ലേജ് ഓഫീസറുടെ റിപ്പോർട്ട്. വ്യത്യസ്തമായ ഒരു നിഗമനത്തിലേക്ക് നയിക്കുന്ന മറ്റ് വിശ്വസനീയമായ വസ്തുതകൾ ഉള്ളപ്പോൾ യാതൊരു സാഹചര്യത്തിലും വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് അന്തിമ തീരുമാനമായി അംഗീകരിക്കാൻ കഴിയില്ല എന്ന് കോടതി കണ്ടെത്തി.

## തൻവി ബെഹ്ൽ
## v.
## ശ്രേയ് ഗോയലും മറ്റുള്ളവരും

2025 INSC 125

ബിരുദാനന്തര മെഡിക്കൽ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിൽ, താമസ സ്ഥലത്തെ/ സ്ഥിരവാസസ്ഥലത്തെ അടിസ്ഥാനമാക്കിയുള്ള സംവരണം സംസ്ഥാനം ഏർപ്പെടുത്തുന്നതിലെ ഭരണഘടനാപരമായ സാധുത സംബന്ധിച്ചുള്ള വിഷയമാണ് ഈ കേസിൽ ബഹു. സുപ്രീംകോടതിയുടെ പരിഗണനയ്ക്കുവന്ന പ്രധാന നിയമപ്രശ്നം.

ചണ്ഡിഗഢിലെ സർക്കാർ മെഡിക്കൽ കോളേജിലെ ബിരുദാനന്തര മെഡിക്കൽ കോഴ്സുകളിൽ സംസ്ഥാന ക്വാട്ടയിലുള്ള 64 സീറ്റുകളിൽ 32 സീറ്റുകൾ അതത് സ്ഥാപനത്തിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് സംവരണം ചെയ്തുകൊണ്ടും ബാക്കിയുള്ള 32 സീറ്റുകൾ ചണ്ഡിഗഢിൽ 5 വർഷമായി പഠിച്ച വിദ്യാർത്ഥികൾക്കും, മാതാപിതാക്കൾ 5 വർഷമായി ചണ്ഡിഗഢിൽ താമസിച്ചിരുന്ന വിദ്യാർത്ഥികൾക്കും, 5 വർഷമായി ചണ്ഡിഗഢിൽ സ്ഥാവര സ്വത്തുക്കളുള്ള മാതാപിതാക്കളുടെ മക്കളായ വിദ്യാർത്ഥികൾക്കും ആയി സംവരണം ചെയ്തിരുന്നു.

ഈ പ്രവേശന നയം ചോദ്യം ചെയ്തുകൊണ്ട് സമർപ്പിച്ച റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതി താമസസ്ഥലത്തെ/ സ്ഥിരവാസസ്ഥലത്തെ അടിസ്ഥാനമാക്കിയുള്ള സംവരണം ഭരണഘടനാവിരുദ്ധമായി പ്രഖ്യാപിച്ചു. പ്രസ്തുത വിധിന്യായം ചോദ്യം ചെയ്തുകൊണ്ടാണ് ഈ റിട്ട് അപ്പീൽ ബഹു. സുപ്രീംകോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ളത്.

പി. ജി മെഡിക്കൽ കോഴ്സുകളിൽ താമസസ്ഥലം അല്ലെങ്കിൽ സ്ഥിരവാസസ്ഥലം അടിസ്ഥാന മാക്കി സംവരണം നൽകുന്നത് ഭരണഘടനാ പരമായി അനുവദനീയമല്ലെന്നും അതിനാൽ അത് ഏർപ്പെടുത്താൻ കഴിയില്ലെന്നും കോടതി പ്രഖ്യാപിച്ചു. അങ്ങനെയുള്ള സംവരണം അനുവദിക്കുകയാണെങ്കിൽ അത് രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് ഭരണഘടനയുടെ 14-ാം അനുച്ഛേദം ഉറപ്പ് നൽകുന്ന മൗലികാവകാശങ്ങളുടെ ലംഘന മായിരിക്കുമെന്ന് കോടതി കണ്ടെത്തി.

മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണത്തിനും അവയുടെ നടത്തിപ്പിനുമുള്ള ചെലവ് സംസ്ഥാനം വഹിക്കുന്നതിനാൽ അടിസ്ഥാന കോഴ്സായ M.B.B.S-ന്റെ പ്രവേശനത്തിൽ താമസസ്ഥലത്തെ അടിസ്ഥാനപ്പെടുത്തിയുള്ള സംവരണം അനുവദനീയമാണെന്നും കോടതി നിരീക്ഷിച്ചു.

## സുഖ്ദേവ് സിംഗ് v. സുഖ്ബീർ കൗർ


2025 INSC 197

1955-ലെ ഹിന്ദു വിവാഹ ആക്റ്റ് പ്രകാരം അസാധുവായി പ്രഖ്യാപിച്ച ഒരു വിവാഹത്തിൽ ജീവനാംശം അനുവദിക്കുന്നതിനെ അപ്പീൽവാദി ചോദ്യം ചെയ്തു. ഈ വിഷയത്തിൽ പരസ്പരവിരുദ്ധമായ ജുഡീഷ്യൽ മുൻകാല വിധികൾ കാരണം സുപ്രീംകോടതിയുടെ മൂന്നംഗ ബെഞ്ചിന് മുമ്പാകെ ഈ കേസ് പരിഗണനയ്ക്കായി വന്നു.

അസാധുവായി പ്രഖ്യാപിച്ച വിവാഹങ്ങളിൽ ജീവനാംശ അവകാശങ്ങൾ നിലനിൽക്കുമോ എന്ന കാര്യത്തിൽ നിരവധി ഹൈക്കോടതി കളും സുപ്രീം കോടതിയും വിവിധ കേസുകളിൽ വ്യത്യസ്തമായ വീക്ഷണങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും, ചില കേസുകളിൽ നിയമപരമായി നിലനിൽപ്പില്ലാത്ത വിവാഹ ത്തിൽ നിന്ന് ഒരു അവകാശവും ലഭിക്കില്ലെന്ന് വിധിച്ചു എന്നാൽ മറ്റ് ചില കേസുകളിൽ സാമ്പത്തിക സഹായം ആവശ്യമുള്ള ഇണകളുടെ താത്പര്യം സംരക്ഷിച്ചു കൊണ്ടും വിധിച്ചിരുന്നു.

1955-ലെ ഹിന്ദു വിവാഹ ആക്റ്റിലെ 11-ാം വകുപ്പ് പ്രകാരം ക്ഷമതയുള്ള കോടതി അസാധുവായി പ്രഖ്യാപിച്ച വിവാഹത്തിലെ പങ്കാളിക്ക് ഹിന്ദു വിവാഹ ആക്റ്റിലെ 25-ാം വകുപ്പ് പ്രകാരം സ്ഥിരമായ ജീവനാംശവും പരിപാലന ചെലവും അവകാശപ്പെടാൻ അർഹതയുണ്ടോ എന്നും 1955-ലെ ആക്റ്റിലെ 11-ാം വകുപ്പ് പ്ര കാരം ഒരു പ്രഖ്യാപനം ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജിയിൽ, 1955-ലെ ആക്റ്റിന്റെ 24-ാം വകുപ്പ് പ്രകാരം കേസ് നിലനിൽക്കുന്ന സാഹ ചര്യത്തിൽ ഒരു പങ്കാളിക്ക് ജീവനാംശം തേടാൻ അർഹതയുണ്ടോ എന്നതുമാണ് കോടതിയുടെ പരിഗണനയ്ക്കായി ഉയർന്നുവന്ന ചോദ്യങ്ങൾ.

1955-ലെ ഹിന്ദു വിവാഹ ആക്റ്റിലെ 11-ാം വകുപ്പ് പ്രകാരം വിവാഹം അസാധുവായി പ്രഖ്യാപിച്ച ഒരു പങ്കാളിക്ക് 1955-ലെ ആക്റ്റിലെ 25-ാം വകുപ്പ് പ്രകാരം എതിർകക്ഷിയിൽ നിന്ന് സ്ഥിരമായ ജീവനാംശമോ പരിപാലന ചെലവോ തേടാൻ അർഹതയുണ്ടെന്ന് സുപ്രീം കോടതി നിരീക്ഷിച്ചു. അത്തരമൊരു സ്ഥിരമായ ജീവനാംശം അനുവദിക്കാൻ കഴിയുമോ ഇല്ലയോ എന്നത് ഓരോ കേസിന്റെയും വസ്തുതകളെയും കക്ഷികളുടെ പെരുമാ റ്റത്തെയും ആശ്രയിച്ചിരിക്കും എന്നും കോടതി അഭിപ്രായപ്പെട്ടു. കൂടാതെ, 25-ാം വകുപ്പ് പ്രകാരം ഉള്ള നിവൃത്തി അനുവദിക്കുക എന്നത് എല്ലായ്പ്പോഴും കോടതിയുടെ വിവേചനാധികാരമാണെന്നും കോടതി നിരീക്ഷിച്ചു.




# ലേഖനങ്ങൾ




# പ്രോസിക്യൂഷൻ അനുമതി

## ഒരു വിശകലനം



**ശ്രീ. ബി. പ്രതാപചന്ദ്രൻ**
അഡീഷണൽ നിയമസെക്രട്ടറി.

ഒരു സർക്കാർ സംവിധാനത്തിന്റെ ക്ഷേമപദ്ധതികളും മുൻഗണനകളും ജനങ്ങളിലേക്ക് എത്തിക്കുന്നതും അതിനെ ചലനാത്മകമാക്കുന്നതും അതിന്റെ അടിസ്ഥാന ഘടകമായ ഉദ്യോഗസ്ഥസംവിധാനമാണ്. സംതൃപ്തമായ ഒരു സിവിൽ സർവ്വീസിനു മാത്രമേ മികച്ച രീതിയിൽ ചുമതല നിർവ്വഹിക്കുവാൻ കഴിയുകയുള്ളൂ. ഇത്തരം ചുമതല നിർവ്വഹിക്കുന്നവർക്ക് മതിയായ പരിരക്ഷയും സംരക്ഷണവും അനിവാര്യമാണ്.

ഉത്തമവിശ്വാസത്തോടെ ചെയ്യുന്ന പ്രവൃത്തികൾക്ക് സംരക്ഷണവും അതേ സമയം കുറ്റകരമായ പ്രവൃത്തികളെയും അഴിമതിയെയും നേരിടുക എന്നതാണ് പ്രോസിക്യൂഷൻ അനുമതി കൊണ്ട് പൊതുവായി വിവക്ഷിക്കുന്നത്. എങ്കിൽ മാത്രമേ ഒരു പൊതുസേവകന് തന്റെ ചുമതല നിർഭയമായും നിഷ്പക്ഷതയോടെയും ഉത്തമവിശ്വാസത്തോടെയും നിർവ്വഹിക്കുവാൻ കഴിയുകയുള്ളൂ. ഈ സാഹചര്യത്തിലാണ് പൊതുസേവകരുടെ പ്രോസിക്യൂഷൻ അനുമതി പ്രസക്തമാകുന്നത്.

1860-ലെ ഇന്ത്യൻ ശിക്ഷാനിയമ (1860-ലെ 45) ത്തിലെ 21-ാം വകുപ്പിലാണ് പൊതുസേവകനെ (public servant) കുറിച്ച് പ്രതിപാദിച്ചിരുന്നത്. ഇന്ത്യൻ ശിക്ഷാ നിയമം റദ്ദാക്കി പകരം വന്ന ഭാരതീയ ന്യായസംഹിതയിലും ഇന്ത്യൻ ശിക്ഷാ നിയമത്തിനു സമാനമായ വിധത്തിൽ 11 വിഭാഗങ്ങളിലായി സമഗ്രമായ ഒരു നിർവ്വചനമാണ് പൊതുസേവകന് നൽകിയിട്ടുള്ളത്. ക്രിമിനൽ നടപടി നിയമസംഹിതയിലെ 197-ാം വകുപ്പിലാണ് (നിലവിലെ ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയിലെ 218-ാം വകുപ്പ്,) ഒരു പൊതുസേവകനെ പ്രോസിക്യൂട്ട് ചെയ്യുന്നതിനുള്ള അനുമതി സംബന്ധിച്ച് പ്രതിപാദിക്കുന്നത്.

കൂടാതെ 1988-ലെ അഴിമതി നിരോധന നിയമത്തിലെ 19-ാം വകുപ്പും പ്രസ്തുത നിയമത്തിൻ കീഴിൽ വരുന്ന ഒരു കുറ്റത്തിന് ഒരു പൊതുസേവകനെ പ്രോസിക്യൂട്ട് ചെയ്യുന്നതിനുള്ള

അനുമതി സംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ട്. അതോടൊപ്പം കൂട്ടി വായിക്കേണ്ട മറ്റൊരു സംഗതിയാണ് പ്രസ്തുത നിയമത്തിൽ 2018-ൽ കൊണ്ടുവന്ന ഭേദഗതി വഴി ഉൾപ്പെടുത്തപ്പെട്ട 17A വകുപ്പ് പ്രകാരമുള്ള മുൻകൂർ അനുമതി. അതുപ്രകാരം ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി കൈക്കൊണ്ടിട്ടുള്ള ഒരു തീരുമാനത്തിന്റെയോ ശിപാർശയുടെയോ പേരിൽ ഒരു പൊതുസേവകനെതിരെ, ടിയാൻ സർക്കാർ ഉദ്യോഗസ്ഥനാണെങ്കിൽ അതത് സർക്കാരിന്റെയോ (കേന്ദ്രം/സംസ്ഥാനം) മറ്റുള്ളവരുടെ സംഗതിയിൽ പ്രസ്തുത ഉദ്യോഗസ്ഥനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള ക്ഷമതയുള്ള അധികാരി യുടെയോ മുൻകൂർ അനുമതിയില്ലാതെ ഒരു പോലീസ് ഉദ്യോഗസ്ഥനും യാതൊരു അന്വേഷണവും (inquiry, enquiry or investigation) നടത്തുവാൻ പാടുള്ളതല്ല. വളരെ വലിയ ക്യാൻവാസിലുള്ളതും ഒട്ടേറെ കോടതി വിധിന്യായങ്ങളാൽ സമ്പുഷ്ടമാക്കപ്പെട്ടിട്ടുള്ളതുമാണ് മേൽപ്പറഞ്ഞ വിഷയങ്ങളെങ്കിലും പല സംഗതികളിലും ഇപ്പോഴും അവ്യക്തത തുടരുന്നതും അവ വിധിന്യായങ്ങൾ വഴി വ്യക്തത വരുത്തി ക്കൊണ്ടിരിക്കുന്നതുമാകുന്നു. സങ്കീർണ്ണമായ ഈ വിഷയത്തെ പരിമിതമായ രീതിയിൽ മാത്രമാണ് ഈ കുറിപ്പിൽ ചർച്ച ചെയ്യുന്നത്.

**ക്രിമിനൽ നടപടി നിയമസംഹിത 197-ാം വകുപ്പ് (ഭാരതീയ നാഗരിക് സുരക്ഷാ സൻഹിത 218-ാം വകുപ്പ്)**

ഒരു പൊതുസേവകന്റെ ഔദ്യോഗിക കൃത്യനിർവ്വഹണവുമായി ബന്ധപ്പെട്ട ഒരു പ്രവൃത്തിയിന്മേൽ (അത് പരിധി ലംഘിച്ചുള്ളതാകയാൽ പോലും) ക്ഷമതയുള്ള കോടതിക്ക് cognizance എടുക്കണമെങ്കിൽ അയാളെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള അധികാരം സർക്കാരിനാണെങ്കിൽ സർക്കാർ അനുമതി ആവശ്യമാണ് [A. Srinivasulu v. The State represented by the Inspector of Police (2023 June)]. ക്രിമിനൽ നടപടി നിയമസംഹിതയിലെ പ്രസക്തഭാഗം ഇപ്രകാരമാണ്.

"197. Prosecution of Judges and public servants. - (1) When any person who is or was a Judge or Magistrate or a public servant not removable from his office save by or with the sanction of the Government is accused of any offence alleged to have been committed by him while acting or purporting to act in the discharge of his official duty, no Court shall take cognizance of such offence except with the previous sanction [save as otherwise provided in the Lokpal and Lokayuktas Act, 2013(1 of 2014)]-

(a) in the case of a person who is employed or, as the case may be, was at the time of commission of the alleged offence employed, in connection with the affairs of the Union, of the Central Government;

(b) in the case of a person who is employed or, as the case may be, was at the time of commission of the alleged offence employed, in connection with the affairs of a State, of the State Government:

xx xx xx xx xx xx"

2023-ലെ ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയിലും ചെറിയ ചില മാറ്റങ്ങളോടെ ഇത് അതേപടി തുടരുന്നുണ്ട്.

സർക്കാരല്ല കുറ്റാരോപിതനെ നീക്കം ചെയ്യേണ്ട അധികാരിയെങ്കിലും സായുധസേനയിലെ ഒരംഗത്തിന്റെ ഔദ്യോഗിക കൃത്യനിർവ്വഹ ണവുമായി ബന്ധപ്പെട്ടതാണ് കുറ്റാരോപ ണമെങ്കിൽ ആയതിന് കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യമെന്നാണ് ടി വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ളത്. അതോടൊപ്പം സംസ്ഥാന സർക്കാരിന് സംസ്ഥാനത്തെ സേനകളിലെ അംഗങ്ങളെ, അവരെ നീക്കം ചെയ്യേണ്ട അധികാരി സംസ്ഥാന സർക്കാർ അല്ലായെങ്കിൽക്കൂടി, വിജ്ഞാപനം വഴി ക്രിമിനൽ നടപടി നിയമ സംഹിതയിലെ 197-ന്റെ പരിധിയിൽ കൊണ്ടുവരാവുന്നതുമാണ്. അത്തരം സാഹ ചര്യങ്ങളിൽ സർക്കാർ അനുമതിയോടുകൂടി മാത്രമേ അവർക്കെതിരെ പ്രോസിക്യൂഷൻ സാധ്യമാകുകയുള്ളൂ. സംസ്ഥാനത്ത് പോലീസ് സേനാംഗങ്ങളെ ഇപ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതിനാൽ അവർക്കെതിരെയുള്ള പ്രോസിക്യൂഷൻ അനുമതി സർക്കാർ തലത്തിൽ നൽകേണ്ടതുണ്ട് (2021 (3) KLT 654 : Binu K. Sam v. State of Kerala). ഇത് എല്ലാ

സേനകളിലെ അംഗങ്ങൾക്കെല്ലാം ലഭ്യമാകണമെന്നില്ല. ഉദാ:- എക്സൈസ്. എന്നാൽ അബ്കാരി ആക്റ്റ് 45-ാം വകുപ്പു പ്രകാരം എക്സൈസ് ഉദ്യോഗസ്ഥർക്ക് പ്രത്യേകം പ്രോസിക്യൂഷൻ അനുമതി ആവശ്യമാണ്. അത് അവരുടെ നിയമനാധികാരിയാണ് നൽകേണ്ടത്. അതേസമയം Domestic Violence Act പ്രകാരം ഔദ്യോഗിക ചുമതല നിർവ്വഹിക്കുന്ന Women Protection Officer, ടി ആക്റ്റ് പ്രകാരം IPC 21-ാം വകുപ്പിൻ കീഴിലുള്ള ഒരു പൊതുസേവകനാണ്. ടി ഉദ്യോഗസ്ഥർക്കെതിരെ cognizance എടുക്കണമെങ്കിൽ സംസ്ഥാന സർക്കാരോ സർക്കാർ ഇതിലേക്കായി അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥന്റെയോ മുൻകൂർ അനുമതിയോടെ മാത്രമേ പാടുള്ളൂ. ഇതേ ലക്ഷ്യം മുൻനിറുത്തി പല സംസ്ഥാന നിയമങ്ങളിലും അവ നടപ്പിലാക്കുന്ന ഉദ്യോഗസ്ഥരെ ഇന്ത്യൻ പീനൽ കോഡ് 21-ാം വകുപ്പ് പ്രകാരമുള്ള പൊതുസേവകരായി ഉൾപ്പെടുത്താറുണ്ട്.

ഇതിൽ നിന്നും രണ്ടു കാര്യങ്ങളാണ് വ്യക്തമാകുന്നത്.

1. സർക്കാർ നീക്കം ചെയ്യേണ്ട ഒരു ഉദ്യോഗസ്ഥനാണെങ്കിൽ മാത്രം 197-ാം വകുപ്പ് പ്രകാരമുള്ള അനുമതി ആവശ്യമുള്ളൂ. അല്ലാത്തവർക്ക് അത് ആവശ്യമില്ല.

ഈ വിഷയം Sreenivasa Reddy A v. Rakesh Sharma [2023 (5) KHC SN.21 Page 70 SC] കേസിൽ ബഹു. സുപ്രീംകോടതി പരിഗണിച്ചിരുന്നു. ഒരു നാഷണലൈസ്ഡ് ബാങ്കിന്റെ ഉന്നത ഉദ്യോഗസ്ഥനായിട്ടുള്ള ടിയാനെതിരെ ഔദ്യോഗിക ചുമതലയുടെ ഭാഗമായിട്ടുള്ളതാണ് കുറ്റാരോപണമെങ്കിലും പ്രോസിക്യൂഷന് സർക്കാർ അനുമതി ആവശ്യമില്ലാത്ത ടിയാൻ 197 വകുപ്പ് പ്രകാരം സർക്കാരോ സർക്കാരിന്റെ അനുമതിയോടെയോ നീക്കം ചെയ്യപ്പെടേണ്ട ഒരു ഉദ്യോഗസ്ഥനല്ലായെന്ന് ബഹു. സുപ്രീംകോടതി വ്യക്തമാക്കുന്നു. ടി കേസിലെ വിധിന്യായത്തിന്റെ പ്രസക്ത ഭാഗം ഇപ്രകാരമായിരുന്നു.

"The question as to whether a Manager of Nationalised Bank can claim benefit of Section 197 of the CrPC is not res integra. This Court in K.Ch. Prasad v. Smt. J. Vanalatha Devi and Others reported in (1987) 2 SCC 52, had the occasion to consider the very same question in reference to one who claimed to be a public servant working in a Nationalised Bank. The application filed by the appellant therein questioned the maintain ability of the prosecution for want of sanction under Section 197 of the CrPC, was rejected by the Metropolitan Magistrate and revision to the High Court also met the same fate. This Court, while dismissing the appeal held that though a person working in a Nationalised Bank is a public servant, the provisions of Section 197 are not attracted at all."

2. സർക്കാരിന് വിജ്ഞാപനം വഴി സായുധസേനകളെ ഇതിന്റെ പരിധിയിൽ കൊണ്ടുവരാവുന്നതും ഈ വകുപ്പിന്റെ സംരക്ഷണം നൽകാവുന്നതുമാണ്. ഇതുവഴി സർക്കാർ നിയമനാധികാരിയല്ലാത്ത പദവിയിലുള്ളവരുടെയും പ്രോസിക്യൂഷന് സർക്കാർ അനുമതി ആവശ്യമായി വരുന്നു. ഈ അനുമതി കുറ്റാരോപിതർ സർവ്വീസിൽ തുടരുന്നുവെന്നപോലെ വിരമിച്ചാലും വേണ്ടിവരും.

1973-ലെ CrPCയിലെ ഈ വ്യവസ്ഥ, പ്രസ്തുത കോഡിനു മുമ്പുണ്ടായിരുന്ന 1898 CrPC-യിലും ഉണ്ടായിരുന്നതും ആയതിന്റെ നിയമസാധുതയും ഭരണഘടനാപരമായ തുല്യതയ്ക്കുള്ള അവകാശവും മറ്റും ബഹു. സുപ്രീംകോടതിയും പ്രിവി കൗൺസിലും തന്നെ വിവിധ ഘട്ടങ്ങളിൽ പരിശോധിച്ചിരുന്നു. ഇത് സ്വതന്ത്രവും നീതിപൂർവ്വകവുമായി ചുമതല നിർവ്വഹിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് സംരക്ഷണം നൽകുന്നതിനും അനാവശ്യ പ്രോസിക്യൂഷൻ നടപടികൾ ഒഴിവാക്കുന്നതിനും ഉദ്ദേശിച്ചു കൊണ്ടുള്ളതാണെന്ന വസ്തുത ഇതുവഴി അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. എന്നുവെച്ച് ഒരു പൊതുസേവകന്റെ എല്ലാ പ്രവൃത്തികളും സംരക്ഷണത്തിന് അർഹമല്ല.

"in respect of any official duty" എന്നല്ല മറിച്ച് "While acting or purporting to act in the discharge of official duty" എന്നാണ്. ഇത് Dr. Hari Ram Singh vs. The Crown (AIR 1939 FC 43)

എന്ന കേസിൽ അന്നത്തെ ഫെഡറൽ കോടതി വിശദമായി പരിശോധിച്ചുകൊണ്ട് വ്യക്തമായ നിരീക്ഷണങ്ങൾ നടത്തിയിരുന്നു. തുടർന്ന് Gill and another vs. The King (AIR 1948 PC 128) എന്ന കേസിൽ പ്രിവി കൗൺസിൽ ഇത് official dutyയുടെ ഭാഗമായി വരുമോയെന്നതിന്റെ മറ്റു ചില വശങ്ങളും വിശദമായി പരിശോധിച്ച് വിധി പ്രസ്താവം നടത്തുകയുണ്ടായി.

എല്ലാ പ്രോസിക്യൂഷൻ അനുമതികൾക്കും പൊതുവായ ഒരു നിലപാട് സ്വീകരിക്കാൻ കഴിയില്ലായെന്നും അത് ഓരോ കേസിന്റെ സാഹചര്യങ്ങൾക്ക് അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നുവെന്നും ആരോപിതമായ കുറ്റകൃത്യവും ഔദ്യോഗിക കൃത്യനിർവ്വഹണവുമായിട്ടുള്ള ബന്ധവും അനുമതി ഏത് ഘട്ടത്തിലാണ് ആവശ്യം എന്നത് സംബന്ധിച്ചും മുൻകാലങ്ങളിലെ പ്രസക്തമായ വിവിധ വിധിന്യായങ്ങൾ പരിശോധിച്ചുകൊണ്ട് ബഹു. സുപ്രീംകോടതി Om Prakesh Yadav Vs. Niranjan Kumar Upadhyaya & Other (Crl. Appeal No.5267-5268 of 2004) എന്ന കേസിൽ 2024 ഡിസംബർ 13-ന് പുറപ്പെടുവിച്ച വിധിന്യായം പരിശോധിക്കുന്നത് ഇതു സംബന്ധിച്ച് കൂടുതൽ വസ്തുതകൾ മനസ്സിലാക്കുവാൻ സഹായിക്കുന്നതാണ്. പ്രോസിക്യൂഷൻ അനുമതി എന്നത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി ചെയ്യുന്ന പ്രവൃത്തികൾക്കാണ് ബാധകം. കൃത്യനിർവ്വഹണം പരിധി ലംഘിച്ചാലും സംരക്ഷണത്തിന് അർഹരാണ്. ഇത് G.C. Manjunath & Others Vs. Seetaram എന്ന കേസിൽ (Criminal Appeal No.1759 of 2025) ബഹു. സുപ്രീംകോടതി 2025 ഏപ്രിൽ 3-ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത വിധിന്യായത്തിന്റെ പ്രസക്ത ഭാഗം ഇപ്രകാരമാണ്.

"36. In light of the aforesaid judgments, the guiding principle governing the necessity of prior sanction stands well crystallised. The pivotal inquiry is whether the impugned act is reasonably connected to the discharge of official duty. If the act is wholly unconnected or manifestly devoid of any nexus to the official functions of the public servant, the requirement of sanction is obviated. Conversely, where there exists even a reasonable link between the act complained of and the official duties of the public servant, the protective umbrella of Section 197 of the CrPC and Section 170 of the Police Act is attracted. In such cases, prior sanction assumes the character of a sine qua non, regardless of whether the public servant exceeded the scope of authority or acted improperly while discharging his duty."

ആരോപിതമായ പ്രവൃത്തിക്ക് ഔദ്യോഗിക കൃത്യനിർവ്വഹണവുമായുള്ള ബന്ധമാണ് പ്രധാനം (Indra Devi. Vs. State of Rajastan (Crl. Appeal No.593/2021 dated. 23.07.2021).

1973-ലെ CrPCക്കു പകരം വന്ന 2023-ലെ ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയിൽ മുൻ നിയമത്തിൽ നിന്നും വ്യത്യസ്തമായി പ്രോസിക്യൂഷൻ അനുമതി സംബന്ധിച്ച് അപേക്ഷയിൽ 120 ദിവസത്തിനുള്ളിൽ ക്ഷമതയുള്ള സർക്കാർ തീരുമാനമെടുക്കാത്തപക്ഷം അനുമതി നൽകിയതായി കരുതപ്പെടുമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് എന്നതും പരിഗണിക്കേണ്ടതുണ്ട്. അത്തര മൊരു വ്യവസ്ഥ 1973-ലെ CrPCയിൽ ഇല്ലാതിരുന്നതും ഇക്കാരണത്താൽ തന്നെ പൊതുസേവകനെതിരെ ഫയൽ ചെയ്യപ്പെട്ട കേസ് റദ്ദാക്കിക്കൊണ്ട് 2025 ഫെബ്രുവരി 25-ന് Suneeti Toteja Vs. State of UP & another (SLP Crl.No.6898 of 2023) എന്ന കേസിൽ ബഹു. സുപ്രീംകോടതി വിധി പ്രസ്താവിച്ചിട്ടുണ്ട് എന്നതും പ്രസക്തമാണ്. ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയിൽ നിശ്ചിത സമയത്തിനുള്ളിൽ തീരുമാനമെടുക്കാത്ത സംഗതികളിൽ deemed sanction നൽകപ്പെടുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ ഇത് ഭാവിയിൽ കൂടുതൽ ചർച്ച ചെയ്യപ്പെടാനിടയുള്ളതാണ്.

**അഴിമതി നിരോധന നിയമം : 19-ാം വകുപ്പ്**

ഇതിൽ നിന്ന് വ്യത്യസ്തമായ ഒന്നാണ് 1988-ലെ അഴിമതി നിരോധന നിയമത്തിലെ 19-ാം വകുപ്പിലെ വ്യവസ്ഥ. 2018-ൽ ഭേദഗതി ചെയ്യപ്പെട്ട വ്യവസ്ഥകൾ പ്രകാരം ആരോപിതമായ കുറ്റം ചെയ്യുന്ന സമയത്ത് പൊതുസേവകനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാൻ സംസ്ഥാന സർക്കാരിനാലോ കേന്ദ്രസർക്കാരിനാലോ ആണ് കഴിയുന്നതെങ്കിൽ അപ്രകാരമുള്ള

സർക്കാരിന്റെ അനുമതിയോടെ മാത്രമേ കോടതിക്ക് ഒരു കുറ്റം cognizance-ന് എടുക്കുവാൻ കഴിയുകയുള്ളൂ. മറ്റുള്ളവരുടെ കാര്യത്തിൽ കുറ്റാരോപിതനായ പൊതുസേവ കനെ പദവിയിൽ നിന്നും നീക്കം ചെയ്യുവാൻ ക്ഷമതയുള്ള അധികാരിയുടെ അനുമതിയാണ് ആവശ്യം. മുമ്പുണ്ടായിരുന്ന അവ്യക്തത മാറ്റിക്കൊണ്ട് CrPC 197-ലേതു പോലെ റിട്ടയർ ചെയ്താലും സർവ്വീസിൽ തുടർന്നു വരുന്നു എന്നതുപോലെ ഈ അനുമതി ആവശ്യമാണ് എന്ന് 2018-ലെ ഭേദ ഗതിയിൽ വ്യക്തത വരുത്തുകയുണ്ടായി. ഇത് പോലീസോ മറ്റു നിയമാനുസൃതമായ അന്വേഷണ ഏജൻസികളോ അന്വേഷിച്ച കേസുകളിലെ വ്യവസ്ഥയാണ്. എന്നാൽ അപ്രകാരമല്ലാതെയുള്ള സാഹചര്യത്തിൽ (ഉദാ:-സ്വകാര്യ പരാതിയുടെ സാഹചര്യ ങ്ങളിൽ) പരാതിയുള്ള അത്തരം വ്യക്തി, ക്ഷമതയുള്ള കോടതി മുമ്പാകെ പൊതുസേവ കനെതിരെ കുറ്റാരോപണം ഉന്നയിച്ചുകൊണ്ട് ഒരു പരാതി ബോധിപ്പിച്ചിരിക്കുകയും ആ പരാതി CrPC 203-ാം വകുപ്പ് പ്രകാരം കോടതി തള്ളിക്കളയാതിരിക്കുകയും പരാതിക്കാരനോട് വിചാരണാനുമതി നേ ടുന്നതിന് നിർദ്ദേശിച്ചിരിക്കുകയും ചെയ്യേ ണ്ടതാണ്. കൂടാതെ, ഇത്തരത്തിൽ സ്വകാര്യ പരാതികളിൻമേൽ വിചാരണാനുമതി നൽകുമ്പോൾ ബന്ധപ്പെട്ട പൊതുസേവകന് പറയുവാനുള്ളത് കേൾക്കുവാനും അവസരം നൽകേണ്ടതാണ്. ഇപ്രകാരമുള്ള അനുമതി, നിർദ്ദേശം ലഭിച്ച് മൂന്നു മാസത്തിനുള്ളിലും നിയമപരമായ കൂടിയാലോചന ആവശ്യമുള്ള പക്ഷം രേഖാമൂലം വ്യക്തമാക്കി ഒരു മാസം കൂടി നീട്ടി നൽകിക്കൊണ്ടും ലഭ്യമാക്കേണ്ടതാണ്. പൊതുസേവകൻ എന്നതിൽ വിരമിച്ചയാളും ഉൾപ്പെടും എന്നതും ടി വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. അനുമതി നൽകേണ്ട അധികാരിയാര് എന്ന സംശയം ഉടലെടുക്കുന്ന പക്ഷം കുറ്റാരോപ ണത്തിന് ആസ്പദമായ സംഗതിയുടെ സമയത്ത് കുറ്റാരോപിതനായ പൊതുസേവ കനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യേണ്ട അധികാരി ആരാണോ അദ്ദേഹമാണ് ആയത് നൽകേണ്ടത്. ഇത്തരം സാഹചര്യങ്ങളിൽ വിചാരണാനുമതി ഒരു ഭരണപരമായ നടപടിക്രമം മാത്രമാണെന്നും അതിനാൽ പരാതിക്കാരനെ കേൾക്കേണ്ടതില്ലായെന്നും വ്യക്തമാക്കിക്കൊണ്ടുള്ള പ്രസക്തമായ വിധിന്യായങ്ങൾ ഉണ്ട്.

പ്രോസിക്യൂഷൻ അനുമതി നൽകേണ്ടുന്ന അധികാരി കുറ്റാരോപണവുമായി ബന്ധ പ്പെട്ട എല്ലാ വസ്തുതകളും അന്വേഷണ റിപ്പോർട്ട് ഉൾപ്പെടെ, വിശദമായി പരി ശോധിക്കേണ്ടതും വസ്തുതകളെല്ലാം ബോധ്യ പ്പെട്ടുകൊണ്ടാണ് അനുമതി നൽകുന്നത് എന്നത് ഉറപ്പുവരുത്തേണ്ടതാണ്. ബഹു. സുപ്രീംകോടതി S. Gopakumar Vs. State of Kerala (Crl. Appeal No.1417/2001). കൂടാതെ Vijay Rajmohan Vs. State represented by Inspector of Police Tamilnadu എന്ന കേസിൽ “The final decision of the appointing authority must be of its own by application of independent mind" എന്നും നിരീക്ഷിച്ചിട്ടുണ്ട്. ഇതിൽ നിന്നും അനുമതി നൽകേണ്ട അധികാരി കുറ്റാരോപണവുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളും സമഗ്രമായി വിലയിരുത്തിക്കൊണ്ടാകണം അനുമതി നൽകേണ്ടത് എന്നത് വ്യക്തമാണ്. പ്രസ്തുത അധികാര സ്ഥാനം ബാഹ്യ പ്രേരണകൾക്ക് വശംവദരാകാതെ പ്രയോഗിക്കുന്ന “application of mind” ആണ് പ്രോസിക്യൂഷൻ അനുമതിയിൽ നിർണ്ണായകം (Ashok Kumar Agarwal Vs. CBI). കൂടാതെ Vineet Narain Vs. Union of India (1998) Subramanian Swamy Vs. Manmohan Singh (2012) എന്നീ കേസുകൾ കൂടി പരിശോധിക്കുന്നത് ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമാകാൻ സഹായിക്കുന്നതാണ്. ഒരു public document ഇപ്രകാരം നൽകപ്പെടുന്ന ഒരു prosecution sanction order ആണെന്നും ആയത് നൽകിയ ഉദ്യോഗസ്ഥനെ ഒരു പ്രോസിക്യൂഷൻ സാക്ഷിയായി വരുത്തേണ്ടതില്ലായെന്നും ബഹു. സുപ്രീംകോടതി State vs. Narasimhachary (2006 Cr. LJ 518 SC) വിധി പ്രസ്താവിച്ചിട്ടുള്ളതും അതനുസരിച്ച് കേന്ദ്രസർക്കാർ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഓഫീസ് മെമ്മോറാണ്ടം പുറപ്പെടുവിച്ചിട്ടുള്ളതുമാണ് (No.142/22/2007/ AVDI. Dated.10.11.2008).

അഴിമതി നിരോധന നിയമത്തിലെ 2-ാം വകുപ്പ് (സി) ഖണ്ഡത്തിലാണ് പൊതുസേവകന് നിർവ്വചനം നൽകിയിട്ടുള്ളത്. 12 ഓളം വിഭാഗം ഉദ്യോഗസ്ഥരെയാണ് പ്രസ്തുത നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

കൂടാതെ ടി ആക്റ്റിൽ 'public duty'-യും കൂടി നിർവ്വചിച്ചിട്ടുണ്ട് എന്നതും പരിഗണിക്കേണ്ടതുണ്ട്. പൊതുജനത്തിനോ സമൂഹത്തിനോ വലിയതോതിൽ താത്പര്യമുള്ള സംഗതികളും ഈ നിർവ്വചനത്തിൽ ഉൾപ്പെടുന്നുണ്ട്. ഇവരണ്ടും പരിഗണിച്ചുകൊണ്ടായിരിക്കണം ഒരു പ്രവൃത്തി പൊതുസേവനം ആകുമോയെന്നും അത് ചെയ്യുന്ന ആൾ പൊതുസേവകൻ എന്നതിൽ ഉൾപ്പെടുമോയെന്നത് കണക്കിലെടുക്കേണ്ടത്.

**മുൻകൂർ അനുമതി : 17A of PC Act**

1988-ലെ അഴിമതി നിരോധന നിയമത്തിൽ 2018-ൽ കൊണ്ടുവന്ന ഭേദഗതി വഴി കൂട്ടിച്ചേർത്ത വകുപ്പാണ് 17A. പ്രസ്തുത വകുപ്പ് ഇപ്രകാരമാണ്.

"17 A. Enquiry or Inquiry or investigation of offences relatable to recommendations made or decision taken by public servant in discharge of official functions or duties. - No police officer shall conduct any enquiry or inquiry or investigation into any offence alleged to have been committed by a public servant under this Act, where the alleged offence is relatable to any recommendation made or decision taken by such public servant in discharge of his official functions or duties, without the previous approval-

(a) in the case of a person who is or was employed, at the time when the offence was alleged to have been committed, in connection with the affairs of the Union, of that Government;

(b) in the case of a person who is or was employed, at the time when the offence was alleged to have been committed, in connection with the affairs of a State, of that Government;

(c) in the case of any other person, of the authority competent to remove him from his office, at the time when the offence was alleged to have been committed:

Provided that no such approval shall be necessary for cases involving arrest of a person on the spot on the charge of accepting or attempting to accept any undue advantage for himself or for any other person:

Provided further that the concerned authority shall convey its decision under this section within a period of three months, which may, for reasons to be recorded in writing by such authority, be extended by a further period of one month."

മുൻപ് സൂചിപ്പിച്ചതുപോലെ ഔദ്യോഗിക ചുമതലയുടെ ഭാഗമായി നടത്തപ്പെട്ട ഒരു ശിപാർശയുടെയോ കൈക്കൊണ്ടിട്ടുള്ള തീരുമാനത്തിന്റെയോ ഭാഗമായി ഒരു ഉദ്യോഗസ്ഥനെതിരെ ഒരു Investigation / Inquiry or Enquiry യോ ഒരു Police Officer-ക്ക് നടത്തണമെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥൻ കേന്ദ്രസർക്കാർ ജീവനക്കാരനാണെങ്കിൽ പ്രസ്തുത സർക്കാരിന്റെയും സംസ്ഥാന സർക്കാർ ജീവനക്കാരനാണെങ്കിൽ സംസ്ഥാന സർക്കാരിന്റെയും മറ്റുള്ള സാഹചര്യങ്ങളിൽ അയാളെ പ്രസ്തുത സ്ഥാനത്തു നിന്നും നീക്കം ചെയ്യുന്നതിന് ക്ഷമതയുള്ള ഒരു അധികാരിയുടെയും മുൻകൂട്ടിയുള്ള അനുമതിയോടെ മാത്രമേ പാടുള്ളൂ. എന്നാൽ കൈക്കൂലി വാങ്ങുന്നതിന്മേൽ (Trap Cases) Spot Arrest നടത്തുന്ന സംഗതിയിൽ ഈ അനുമതി ആവശ്യമില്ല.

ഈ വകുപ്പിനെതിരെയുള്ള പ്രധാന വിമർശനം ഇത് അന്വേഷണ ഏജൻസികളുടെ സ്വാതന്ത്ര്യത്തിന്മേൽ നിയന്ത്രണം ഏർപ്പെടുത്തിയെന്നതാണ്. ഇതിനു മുമ്പ് ബഹു. സുപ്രീംകോടതിയുടെ തന്നെ Lalitha Kumari case-ലെ വിധിന്യായ പ്രകാരം ഒരു quick verification നടത്തിക്കൊണ്ട് അന്വേഷണത്തിലേക്കായി FIR Register ചെയ്യാവുന്നതാണ്. എന്നാൽ പിന്നീടുണ്ടായ ചില കേസുകളിൽ ലളിത കുമാരി കേസിലെ വിധി അതായത്, FIR രജിസ്റ്റർ ചെയ്യുന്നതിന് preliminary enquiry വേണമെന്നത് ഒരു absolute rule അല്ലായെന്നും ബഹു. സുപ്രീംകോടതി നിരീക്ഷിച്ചിട്ടുണ്ട് **(Pradeep Nirankarnath Sharma Vs. State of Gujarath & Others).** എന്നാൽ ഇതിന്റെ മറുവശമെന്നത് സർക്കാരിന്റെ വൻകിട വികസന പദ്ധതികൾ നടപ്പിലാക്കുന്ന

ഉദ്യോഗസ്ഥരെ അനാവശ്യമായി കേസുകളിൽ വലിച്ചിഴക്കുന്നതിൽ നിന്നും സംരക്ഷണം നൽകുക എന്നതുമാണ്.

അഴിമതി നിരോധന നിയമത്തിലെ 19-ാം വകുപ്പ് പ്രകാരമുള്ള പ്രോസിക്യൂഷൻ അനുമതിയെന്നതിനേക്കാൾ ശക്തമായ വ്യവസ്ഥയാണ് 17A വകുപ്പ് പ്രകാരമുള്ള മുൻകൂർ അനുമതിയെന്ന് കാണാവുന്നതാണ്. 19-ാം വകുപ്പ് പ്രകാരം അതത് സർക്കാരിന്റെ സേവനത്തിലുള്ളവരും സർക്കാരിന്റെ അനുമതിയോടെ നീക്കം ചെയ്യപ്പെടാവുന്നവർക്കും മാത്രമാണ് സർക്കാർ അനുമതി നൽകേണ്ടത്. മറ്റുള്ളവരെ സംബന്ധിച്ച് അവരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ ക്ഷമതയുള്ള അധികാരിയാണ് അനുമതി നൽകേണ്ടത്. എന്നാൽ 17A വകുപ്പ് പ്രകാരമുള്ള അനുമതി സർക്കാരിന്റെ സേവനവുമായി ബന്ധപ്പെട്ടുള്ളവർക്ക് സർക്കാർ തന്നെ നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് (സർക്കാർ നീക്കം ചെയ്യേണ്ടവർ എന്ന് പ്രത്യേകം പരാമർശിക്കുന്നില്ല). ഇതിൽ നിന്നും പ്രസ്തുത വ്യവസ്ഥയുടെ ഉദ്ദേശ്യം വ്യക്തമാണ്.

17 A വകുപ്പ് സമീപകാലത്തായി ഉൾപ്പെടുത്തിയ വ്യവസ്ഥയാണെങ്കിലും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഏറ്റവും നന്നായി Legislative intention ഉൾപ്പെടെ പരിശോധിച്ചിട്ടുള്ളത് ബഹു. കേരളാ ഹൈക്കോടതി തന്നെയാണ്. മറ്റു ഹൈക്കോടതികളും നിലവിൽ കേരളാ ഹൈക്കോടതി വിധി പരാമർശിച്ചുകൊണ്ടാണ് കേസുകൾ പരിശോധിച്ചിട്ടുള്ളത്. **Shankara Bhat Vs. State of Kerala** എന്ന കേസിൽ ബഹു. കേരള ഹൈക്കോടതി ഈ വിഷയത്തിൽ ആഴത്തിലുള്ള പരിശോധനയാണ് നടത്തിയിട്ടുള്ളത്. ഔദ്യോഗിക ചുമതലയുമായി ബന്ധപ്പെട്ട് നടത്തപ്പെട്ടതാകയാൽ പോലും fraud, mis-representation മുതലായവയ്ക്കൊന്നും അതിന്റെ സംരക്ഷണം ലഭിക്കില്ലായെന്നത് പ്രസ്തുത വിധിന്യായത്തിന്റെ അന്ത:സത്തയാണ്. ഉദാഹരണമായി ഒരു പഞ്ചായത്ത് /മുനിസിപ്പൽ സെക്രട്ടറി ഒരു കെട്ടിടത്തിന് അനുമതി നൽകുമ്പോൾ അത് അദ്ദേഹത്തിന്റെ ഔദ്യോഗിക ചുമതലയുടെ ഭാഗമായിട്ടുള്ള ശിപാർശയായി കണക്കാക്കാം. എന്നാൽ അതിൽ മറ്റ് ആരോപണങ്ങൾ (അവിഹിത പാരിതോഷിതങ്ങൾ ഉൾപ്പെടെ) ഉൾപ്പെട്ടു വന്നാൽ അത് ഔദ്യോഗിക ചുമതലയുടെ ഭാഗമായി കണക്കാക്കാനാവില്ല. ഇത് എപ്രകാരം കണ്ടെത്തുമെന്നതിലും അവ ഔദ്യോഗിക ചുമതലയുമായിട്ട് ബന്ധപ്പെട്ടുകൊണ്ട് നടത്തിയതാണെന്നും മനസ്സിലാക്കിക്കൊണ്ട് അനുമതി നൽകുന്നതിലുമാണ് ടി വകുപ്പിന്റെ അന്ത:സത്ത ഉൾക്കൊള്ളുന്നത്. വളരെക്കാലമായി പാർലമെന്റിന്റെ പരിഗണനയിലുണ്ടായിരുന്ന ഈ ബിൽ സംബന്ധിച്ച പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിക്കുന്നതും ഈ വ്യവസ്ഥയുടെ അന്ത:സത്ത മനസ്സിലാക്കുവാൻ ഉതകുന്ന ഒന്നാണ്.

പരസ്പരം കെട്ടുപിണഞ്ഞു കിടക്കുന്നതും വളരെയധികം വിധിന്യായങ്ങളാൽ സമ്പുഷ്ടവുമാണ് ഈ മൂന്നു വകുപ്പുകളിലെയും വ്യവസ്ഥകൾ. സർക്കാർ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക ചുമതലയുമായി ബന്ധപ്പെട്ടുള്ളതാകയാലും അവ പലപ്പോഴും വിവിധ വകുപ്പുകളിൽ നിയമം കൈകാര്യം ചെയ്യുന്നവരുടെയും പരിഗണനയ്ക്ക് വരുന്നതാകയാലും അവ സംബന്ധിച്ച് വളരെ പരിമിതമായ ഒരു കുറിപ്പാണ് ഇതുവഴി ഉദ്ദേശിച്ചിട്ടുള്ളത്. ഈ മേഖലയിൽ വ്യക്തത വരുത്തുന്ന വിധിന്യായങ്ങൾ കാലാകാലങ്ങളിൽ ഉണ്ടാകുന്നതുതന്നെ ഈ വിഷയത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു. അവ കൂടി പരിഗണിച്ചു കൊണ്ടായിരിക്കണം ഇതിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് എന്ന് ചുരുക്കം.




# നിയമങ്ങൾക്ക് പേരിടുമ്പോൾ



**ശ്രീമതി രഹ്ന വി. എം.**
അഡീഷണൽ നിയമസെക്രട്ടറി

വ്യക്തികൾ എന്ന പോലെ നിയമങ്ങൾക്കും പേരും ചുരുക്കപ്പേരും ഉണ്ട്. നിയമങ്ങൾ കരട് രൂപത്തിൽ ആയിരിക്കുമ്പോൾ തന്നെ അവയ്ക്ക് പേര് നൽകുന്നു. ഒരു നിയമത്തിന്റെ പേര് ഉൾപ്പെടുന്ന ഭാഗത്തെ ശീർഷകം (title), ചുരുക്കപ്പേര് (short title) എന്നറിയപ്പെടുന്നു. സാധാരണയായി പേരും ചുരുക്കപ്പേരും നിയമത്തിന്റെ പ്രാരംഭ ഭാഗത്താണ് (preliminary) കാണുന്നത്. എന്നാൽ, ഭാരതത്തിന്റെ ഭരണഘടന ഇതിൽ നിന്നും വ്യത്യസതമാണ്. (ആർട്ടിക്കിൾ 393 കാണുക). പേരിൽ നിന്ന് തന്നെ ഉദ്ദേശ്യലക്ഷ്യം (ഓബ്ജക്റ്റ്) വ്യക്തമാകുന്ന തരത്തിലാണ് ഒട്ടുമിക്ക നിയമങ്ങളും തയ്യാറാക്കുന്നത്. ഉദാഹരണമായി 1970- ലെ കേരള മെറ്റേർണിറ്റി ബെനിഫിറ്റ് (റിപ്പീൽ) ആക്റ്റ്, മാതൃനിയമമായ (Parent Act) 1957- ലെ കേരള മെറ്റേർണിറ്റി ബെനിഫിറ്റ് ആക്റ്റിനെ റിപ്പീൽ ചെയ്യുന്നതിനുള്ള നിയമമാണെന്ന് വ്യക്തമാകും. അതിനാൽ ബില്ലിന് പേരിടുന്നത് ശ്രദ്ധാപൂർവ്വം നിർവ്വഹിക്കേണ്ടതാണ്.

പേരിന് പുറമേ എല്ലാ നിയമങ്ങൾക്കും ഒരു നമ്പർ ഉണ്ട്. വർഷാടിസ്ഥാനത്തിലാണ് നിയമങ്ങൾക്ക് നമ്പർ നൽകുന്നത്. ഇത് സംബന്ധിച്ച് നിയമങ്ങളുടെ വ്യാഖ്യാനത്തിന് ഉപയോഗിക്കുന്ന നിയമമായ, 1125-ലെ Interpretation and General Clauses Act (ME)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരു നിയമത്തെ പരാമർശിക്കുമ്പോൾ അതിന്റെ പേരിനൊപ്പം നമ്പറും വർഷവും ബ്രാക്കറ്റിലായി രേഖപ്പെടുത്തേണ്ടതുണ്ട്. ബില്ല് തയ്യാറാക്കുന്ന വർഷത്തെ അടിസ്ഥാനമാക്കിയാണ് പേരിനൊപ്പം വർഷം ചേർക്കുന്നത്. എന്നാൽ, പ്രസ്തുത ബിൽ നിയമസഭ പാസ്സാക്കുന്ന വർഷത്തിൽ മാറ്റമുണ്ടെങ്കിൽ സ്വാഭാവികമായും

ചുരുക്കപ്പേരിൽ മാറ്റം വരുത്തണം. നിയമ വകുപ്പിൽ സൂക്ഷിച്ചിട്ടുള്ള ആക്റ്റസ് ആന്റ് ഓർഡിനൻസ് രജിസ്റ്ററുകളിലെ ക്രമം അനുസരിച്ചാണ് ഓരോ വർഷവും പുറപ്പെടുവിക്കുന്ന ആക്റ്റുകൾക്കും ഓർഡിനൻസുകൾക്കും നമ്പർ നൽകുന്നത്. രാഷ്ട്രപതി / ഗവർണ്ണർ ഒപ്പ് വയ്ക്കുന്ന (assent) മുറയ്ക്ക് അവയ്ക്ക് നമ്പർ നൽകി ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന ജോലി നിയമ വകുപ്പിൽ നിർവ്വഹിക്കുന്നു. നിയമവകുപ്പ് തയ്യാറാക്കുന്ന ബില്ലുകൾ നിയമസഭയിലാണ് ആദ്യം പ്രസിദ്ധീകരിക്കുന്നത്. പ്രസിദ്ധീകരണത്തിനായി നിയമസഭക്ക് അയച്ചുകൊടുക്കുന്ന ബില്ലുകൾക്ക് നമ്പർ നൽകുന്നത് നിയമസഭയുടെ ലെജിസ്ലേഷൻ വിഭാഗമാണ്. ഇതിനായി ഒരു ബിൽ രജിസ്റ്റർ അവിടെ സൂക്ഷിക്കുന്നുണ്ട്. ബില്ലുകൾ തയ്യാറാക്കി അവ പ്രസിദ്ധീകരണത്തിനായി നിയമസഭയ്ക്ക് അയക്കുന്നതുവരെ അത് സർക്കാർ പ്രോപ്പർട്ടിയാണ്. ബില്ലുകൾ സഭയുടെ രജിസ്റ്ററിൽ ചേർത്ത് കഴിഞ്ഞാൽ അവ സഭയുടെ പ്രോപ്പർട്ടിയായി മാറുന്നു. അതിനാൽ പ്രസിദ്ധീകരിച്ച ഒരു ബില്ലിന്റെ പേരിലോ വർഷത്തിലോ പിന്നീട് തിരുത്തൽ വരുത്തേണ്ടതില്ല.

ഒരു മാതൃനിയമത്തിന് ഒരു വർഷത്തിൽ ഒന്നിലധികം ഭേദഗതികൾ ഉണ്ടാകാം. അത്തരം ഭേദഗതികളെ സംബന്ധിച്ചിടത്തോളം, ഓരോ വർഷത്തെയും ആദ്യ ഭേദഗതിക്ക് മാതൃ നിയമത്തിന്റെ പേരിനൊപ്പം ബ്രാക്കറ്റിലായി '(ഭേദഗതി)' എന്നും, തുടർന്നുള്ള ഭേദഗതികൾക്ക് യഥാക്രമം '(രണ്ടാം ഭേദഗതി)', '(മൂന്നാം ഭേദഗതി)' എന്നിങ്ങനെ പേര് നൽകുന്നു. ഉദാഹരണത്തിന്, 1969-ലെ കേരള സഹകരണ സംഘ ആക്റ്റിന് 2025 വർഷത്തിൽ കൊണ്ടു വരുന്ന ആദ്യ ഭേദഗതിക്ക് '2025- ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റ്' എന്ന് പേര് നൽകും. തുടർന്നുള്ളവയ്ക്ക്, യഥാക്രമം, '2025-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ആക്റ്റ്', '2025- ലെ കേരള സഹകരണസംഘ (മൂന്നാം ഭേദഗതി) ആക്റ്റ്' എന്നിങ്ങനെ പേരു നൽകും. മാതൃനിയമങ്ങൾക്ക് ഭേദഗതി കൊണ്ടുവരുന്നതുപോലെ ഭേദഗതി ആക്റ്റുകൾക്കും ഭേദഗതി കൊണ്ടുവരാം. അങ്ങനെ കൊണ്ടുവരുമ്പോൾ, അവയെ '(അമന്റ്മെന്റ്) അമന്റ്മെന്റ് ആക്റ്റ്' എന്നോ, '(അമന്റ്മെന്റ്) അമന്റിംഗ് ആക്റ്റ്' എന്നോ പേര് വിളിക്കാം.

ഒരു മാതൃനിയമം ഇല്ലാതെ ഭേദഗതി നിയമം ഉണ്ടാകില്ല. ജനകീയാസൂത്രണം സംസ്ഥാനത്ത് നടപ്പിലാക്കിയപ്പോൾ അധികാര വികേന്ദ്രീകരണം സംബന്ധിച്ച സർക്കാരിന്റെ നിർദ്ദേശങ്ങൾക്ക് നിയമപ്രാബല്യം നൽകുന്നതിനായി നിലവിലുള്ള പല നിയമങ്ങളിലും ഭേദഗതി അനിവാര്യമായി വന്നു. അതിനുള്ള നിയമനിർമ്മാണ നിർദ്ദേശം ഉൾപ്പെട്ട ഒരു ബില്ല്, 'Decentralization of Powers (Amendment) Bill 2000'(10-ാം കേരള നിയമസഭയുടെ 239-ാം നമ്പർ ബിൽ) എന്ന പേരിൽ പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ മൂലനിയമം ഇല്ലാതെ ഒരു നിയമത്തിന് ഭേദഗതി ഉണ്ടാകില്ലെന്നും, അതൊരു പുതിയ ബിൽ ആണെന്നും അതിനാൽ '(ഭേദഗതി)' എന്ന് ചേർത്ത് ബില്ലിനു പേരു നൽകിയ നടപടി ക്രമപ്രകാരമല്ലെന്നും മറ്റുമുള്ള തടസ്സവാദങ്ങൾ നിയമസഭയിൽ ഉന്നയിച്ചു. അതിനെതുടർന്ന് ബില്ലിന്റെ പേരിൽ നിന്നും "ഭേദഗതി" എന്ന ഭാഗം ഒഴിവാക്കുകയുണ്ടായി.

നിയമനിർമ്മാണത്തിനുള്ള ഒരു പുതിയ പ്രപ്പോസലുമായി ബന്ധപ്പെട്ട് ഒരു വർഷത്തിൽ ഒന്നിലധികം ബില്ലോ ഓർഡിനൻസോ തയ്യാറാക്കാറുണ്ട്. എന്നാൽ അവയെ ഭേദഗതിയായി കണക്കാക്കാറില്ല. ഉദാഹരണമായി, ഒരു ഓർഡിനൻസിന് പകരമായി ഒരു ബിൽ പ്രസിദ്ധീകരിച്ചു. പ്രസ്തുത ഓർഡിനൻസ് കാലഹരണപ്പെട്ട ശേഷം അതേ വിഷയത്തിൽ മറ്റൊരു ഓർഡിനൻസ് പുനർവിളംബരം ചെയ്യുന്നു. പുതിയ ചില വ്യവസ്ഥകൾ കൂടി പുനർവിളംബരം ചെയ്യപ്പെടുന്ന ഓർഡിനൻസിൽ ഉൾപ്പെടുത്തിയാൽ, ആ ഓർഡിനൻസിന് പകരം മറ്റൊരു ബിൽ പ്രസിദ്ധീകരിക്കാം. അപ്രകാരം രണ്ടാമത് പ്രസിദ്ധീകരിക്കുന്ന ബില്ലിനും ആദ്യ ബില്ലിന്റെ പേര് തന്നെ നൽകും. രണ്ടാമത് പ്രസിദ്ധീകരിച്ച ബില്ല് ആദ്യ ബില്ലിന്റെ ഭേദഗതിയായി പരിഗണിക്കാത്തതിനാൽ, '(ഭേദഗതി)' എന്ന് ചേർക്കേണ്ടതില്ല. ആക്റ്റുകൾക്ക് പേര് നൽകുന്നത് സംബന്ധിച്ച മേൽപരാമർശ

തത്വങ്ങൾ, ഓർഡിനൻസുകളുടെ കാര്യത്തിലും ബാധകമാണ്. ഒരു വർഷം പുറപ്പെടുവിക്കുന്ന ആദ്യ ഓർഡിനൻസ്, അതേവർഷം പുനർ വിളംബരം ചെയ്യുകയാണെങ്കിൽ അതിനെ ഭേദഗതിയായി കണക്കാക്കില്ല. പുനർവിളംബരം ചെയ്യുന്ന സംഗതിയിൽ ഒരു പുതിയ നിയമനിർമ്മാണമായാണ് കണക്കാക്കുന്നത്. എന്നാൽ പേരിനൊപ്പമുള്ള നമ്പറിൽ നിന്നും അവ തിരിച്ചറിയാൻ സാധിക്കും. ആക്റ്റുകൾ എന്നപോലെ ഓർഡിനൻസുകളും ഭേദഗതി വരുത്താം. അപ്പോൾ, ഓർഡിനൻസിന്റെ പേരിനൊപ്പം ബ്രാക്കറ്റിലായി '(ഭേദഗതി)-' എന്ന് ചേർക്കും. ഇതിനുദാഹരണമാണ് 2020-ലെ The Kerala Epidemic Diseases (Amendment) Ordinance (2020-ലെ 38-ാം നമ്പർ). കോവിഡിന്റെ പശ്ചാത്തലത്തിൽ ഗവർണ്ണർ വിളംബരം ചെയ്ത 2020-ലെ Kerala Epidemic Disease ഓർഡിനൻസിൽ (2020-ലെ 18-ാം നമ്പർ), കുറ്റങ്ങൾ രാജിയാക്കുന്നതിനുള്ള (compounding) വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നില്ല. അതിനാൽ കോമ്പൗണ്ടിംഗ് വ്യവസ്ഥ ഉൾപ്പെടുത്തി നിലവിലുള്ള ഓർഡിനൻസിന് ഭേദഗതി കൊണ്ടുവന്നു.

ഒരേ വിഷയത്തിലുള്ള (subject matter) വിവിധ നിയമങ്ങൾക്ക് ഭേദഗതികൾ കൊണ്ടുവരുമ്പോൾ ഒറ്റ ബില്ലായി പ്രസിദ്ധീകരിക്കാറുണ്ട്. വ്യത്യസ്ത ഭേദഗതി ബില്ലുകൾ കൊണ്ടുവന്ന് സഭയുടെ വിലയേറിയ സമയം കവർന്നെടുക്കുന്നതിന് പകരം ഒറ്റ ബില്ലിലൂടെ വിവിധ നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള എളുപ്പമാർഗ്ഗമാണിത്. യൂണിവേഴ്സിറ്റി ലാസ് (അമന്റ്മെന്റ്) ആക്റ്റുകൾ, ക്രിമിനൽ ലാസ് (അമന്റ്മെന്റ്) ആക്റ്റുകൾ, ടാക്സേഷൻ ലാസ് (അമന്റ്മെന്റ്) ആക്റ്റുകൾ, ലോക്കൽ അതോറിറ്റീസ് ലാസ് (അമന്റ്മെന്റ്) ആക്റ്റുകൾ എന്നിവ ഉദാഹരണങ്ങളാണ്. ഒരേ വിഷയത്തിൽ ഉൾപ്പെട്ട വിവിധ ആക്റ്റുകൾ വ്യത്യസ്ത ഭാഷകളിൽ പ്രസിദ്ധീകരിച്ചിട്ടുള്ളവയാകാം. ഉദാഹരണമായി സംസ്ഥാനത്തെ വിവിധ സർവ്വകലാശാല നിയമങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും പാസ്സാക്കിയിട്ടുള്ളവയാണ്. ഒരു പൊതു നിലപാടിന്റെ ഭാഗമായി വിവിധ സർവ്വകലാശാല ആക്റ്റുകൾക്ക് ഭേദഗതി ആവശ്യമായി വരുമ്പോൾ, ഇംഗ്ലീഷ് ഭാഷയിലുള്ള നിയമങ്ങൾ ഉൾപ്പെടുത്തിയ ഒറ്റ ബില്ലും, മലയാളം ഭാഷയിലുള്ള ആക്റ്റുകൾ ഉൾപ്പെടുത്തിയ മറ്റൊരു ബില്ലുമായി അവ പ്രസിദ്ധീകരിക്കും. രണ്ട് വ്യത്യസ്ത ഭാഷകളിലുള്ള നിയമങ്ങൾ ഒറ്റ ബില്ലിൽ പ്രസിദ്ധീകരിക്കില്ലെന്ന് സാരം. ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ച നിയമങ്ങൾ ഉൾപ്പെടുത്തി 2025-ലെ University Laws (Amendment) Bill എന്ന പേരിൽ തയ്യാറാക്കുമ്പോൾ മലയാള ഭാഷയിലുള്ള ആക്റ്റുകൾ ഉൾപ്പെടുത്തി 2025-ലെ University Laws (Amendment) (No.2) Bill എന്ന മറ്റൊരു ബിൽ തയ്യാറാക്കും.

ബില്ലുകളുടെ പ്രസിദ്ധീകരിക്കുന്ന ക്രമത്തിലായിരിക്കില്ല പലപ്പോഴും സഭ പാസ്സാക്കുന്നത്. അതിനാൽ പേരിൽ മാറ്റം അനിവാര്യമായേക്കാം. ഒരു ഉദാഹരണത്തിലൂടെ ഇത് വ്യക്തമാക്കാം. മാതൃ നിയമമായ 1969-ലെ കേരള സഹകരണ സംഘ ആക്റ്റിന് 2022 വർഷത്തിൽ മൂന്ന് ഭേദഗതി ബില്ലുകൾ പ്രസിദ്ധീകരിച്ചു. അവയുടെ പ്രസിദ്ധീകരണ ക്രമത്തിൽ യഥാക്രമം 2022 കേരള സഹകരണ സംഘ (ഭേദഗതി) ബിൽ, 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ, 2022 - ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ എന്ന് പേര് നൽകി. പ്രസിദ്ധീകരണ ക്രമത്തിൽ യഥാക്രമം 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റ്, 2022 - ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ആക്റ്റ്, 2022- ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ആക്റ്റ് എന്ന് ചുരുക്കപ്പേരും നൽകി. എന്നാൽ പ്രസിദ്ധീകരണ ക്രമത്തിൽ ആയിരുന്നില്ല അവ സഭ പരിഗണിച്ചു പാസ്സാക്കിയത്. അവയിൽ, 2022- ലെ കേരള സഹകരണസംഘ (രണ്ടാം ഭേദഗതി) ബില്ലാണ് ആദ്യം പരിഗണിച്ചത്. അത് 2022- ലെ കേരള സഹകരണ (ഭേദഗതി) ആക്റ്റ് എന്ന പേരിൽ പാസ്സാക്കി. പ്രസ്തുത ബില്ലിന് 2023- ൽ ഗവർണ്ണറുടെ അനുമതി ലഭിച്ചതിനെ തുടർന്ന് 2023 - ലെ 14 എന്ന് നമ്പർ നൽകി ഗസറ്റിൽ പ്രസിദ്ധീകരിച്ചു. 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ, (ആദ്യ ഭേദഗതി ബിൽ) 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ആക്റ്റ് എന്ന പേരിൽ സഭ പാസ്സാക്കിയിരുന്നുവെങ്കിലും ഗവർണ്ണറുടെ അനുമതി ലഭിക്കാത്തതിനാൽ

അത് പ്രസിദ്ധീകരിച്ചിരുന്നില്ല. അപ്പോഴാണ് സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയിലുള്ള 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബില്ലിന്റെ ചുരുക്കപ്പേരിൽ തിരുത്തൽ വരുത്തേണ്ട ആവശ്യകത ബോധ്യപ്പെട്ടത്. പ്രസ്തുത ബിൽ 2023- ൽ ആണ് സഭ പരിഗണിക്കുന്നത് എന്നതിനാലും, 2023- ൽ നിയമസഭ പാസ്സാക്കുന്ന ആദ്യ ഭേദഗതി ആയതിനാലും, '2023- ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റ്' എന്ന് സെലക്റ്റ് കമ്മിറ്റിയിൽ വച്ച് തിരുത്തൽ വരുത്തി.


പ്രസിദ്ധീകരിച്ച ഒരു ബില്ലിലെ നിയമനിർമ്മാണ നിർദ്ദേശത്തിന് പിന്നീട് നിയമസഭയിൽ വച്ച് കാതലായ മാറ്റം വരാം. അത്തരം സാഹചര്യങ്ങളിലും പേരിൽ മാറ്റം ആവശ്യമാകാം. ഉദാഹരണമായി '2022-ലെ കന്നുകാലി കോഴിത്തീറ്റ ധാതുലവണ മിശ്രിതം (ഉത്പ്പാദനവും വിപണനവും നിയന്ത്രിക്കൽ) ബില്ലിന്റെ' പേര്, നിയമത്തിന്റെ അന്തസത്ത പൂർണ്ണമായും ഉൾക്കൊള്ളുന്ന തരത്തിൽ '2023 - ലെ കേരള കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം (നിർമ്മാണവും സംഭരണവും വിതരണവും വിൽപ്പനയും നിയന്ത്രിക്കലും ഗുണനിലവാരം ഉറപ്പാക്കലും) ബിൽ' എന്ന് സെലക്റ്റ് കമ്മിറ്റിയിൽ വച്ച് മാറ്റം വരുത്തിയിട്ടുണ്ട്.

നിയമങ്ങളുടെ സ്കീമിനനുസരിച്ച് പേരിന് നീളം കൂടുകയോ കുറയുകയോ ചെയ്യാം. ഏറ്റവും ചെറിയ പേരുള്ള അപ്രോപ്രിയേഷൻ ആക്റ്റുകൾ, ഫിനാൻസ് ആക്റ്റുകൾ മുതൽ വലിയ പേരുള്ള 2006-ലെ Kerala Professional Colleges or Institutions (Prohibition of capitation fee, regulation of admission, fixation of non exploitative fee and other measures to ensure equity and excellence in professional education) Act പോലുള്ള നിയമങ്ങളും ഉണ്ട്.

സ്റ്റാറ്റ്യൂട്ട് ബുക്കിൽ നിന്നും നിയമങ്ങളെ റിപ്പീൽ ചെയ്യുന്നതിനായി കാലാകാലങ്ങളിൽ കൊണ്ടുവരുന്ന റിപ്പീലിംഗ് ആന്റ് അമെന്റിംഗ് ആക്റ്റുകൾ, സംസ്ഥാനം രാഷ്ട്രപതി ഭരണത്തിലായിരിക്കുമ്പോൾ അവയ്ക്കുവേണ്ടി നിയമങ്ങൾ പുറപ്പെടുവിക്കാൻ രാഷ്ട്രപതിയെ അധികാരപ്പെടുത്തുന്ന 'ഡെലിഗേഷൻ ഓഫ് പവേർസ് ആക്റ്റുകൾ', അത്തരം നിയമങ്ങൾക്ക് സംസ്ഥാനത്ത് തുടർപ്രാബല്യം നൽകുന്നതിനുള്ള 'റീ-ഇനാക്റ്റിംഗ് ആക്റ്റുകൾ', ചില പ്രവൃത്തികൾ / തീരുമാനങ്ങൾ വാലിഡേറ്റ് ചെയ്യുന്നതിനുള്ള 'വാലിഡേഷൻ ആക്റ്റുകൾ', ഒരു നിശ്ചിത കാലത്തേക്ക് വേണ്ടി മാത്രം നിലനിർത്തേണ്ട 'താൽക്കാലിക ആക്റ്റുകൾ', ഒരു പ്രദേശത്തേക്ക് മാത്രം നിലനിൽക്കുന്ന നിയമങ്ങൾ മറ്റു പ്രദേശങ്ങൾക്കുകൂടി വ്യാപിപ്പിക്കുന്നതിനുള്ള 'എക്സ്റ്റൻഷൻ ആക്റ്റുകൾ' എന്നിങ്ങനെ വിവിധ പേരുകളിലും നിയമങ്ങൾ ഉണ്ട്. ചില നിയമങ്ങളുടെ ചുരുക്കപ്പേരിൽ നിന്നും അവ താൽക്കാലിക നിയമമാണെന്നത് വ്യക്തമാകും. കേന്ദ്ര ആക്റ്റുകളുടെ സംസ്ഥാന ഭേദഗതിയിൽ പേരിനൊപ്പം ബ്രാക്കറ്റിലായി (കേരള അമന്റ്മെന്റ്) എന്ന് ചേർക്കാറുണ്ട്. (ഉദാഃ- Indian Partnership (Kerala Amendment) Act, 1973) പഴയ തിരു-കൊച്ചി / മലബാർ പ്രദേശങ്ങളിൽ മാത്രം ബാധകമായിരുന്ന ചില നിയമങ്ങളുടെ ശീർഷകം ഭേദഗതി ചെയ്തുകൊണ്ട് അവ സംസ്ഥാനത്തുടനീളം ബാധകമാക്കിയിട്ടുണ്ട്. അതുപോലെ ഒരു നിശ്ചിത കാലത്തേക്ക് മാത്രം പാസ്സാക്കിയിട്ടുള്ള താൽക്കാലിക ആക്റ്റുകളുടെ ശീർഷകം ഭേദഗതി ചെയ്തുകൊണ്ട് അവയെ സ്ഥിര നിയമങ്ങളാക്കിയിട്ടുമുണ്ട്.

ആക്റ്റിലെ മറ്റു വ്യവസ്ഥകൾ എന്ന പോലെ ആക്റ്റിന്റെ ശീർഷകം, ചുരുക്കപ്പേര്, പീഠിക എന്നിവയും ഭേദഗതിക്ക് വിധേയമാണ്. 2021- ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ആക്റ്റിലൂടെ മാതൃ നിയമത്തിന്റെ ശീർഷകം, പീഠിക (preamble) എന്നിവയ്ക്ക് ഭേദഗതി വരുത്തിയിട്ടുണ്ട്.

ഒരു പേരിൽ എന്തിരിക്കുന്നു എന്നല്ല; അത് നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യം വെളിപ്പെടുത്തുന്ന ഒരു പ്രസക്ത ഭാഗമായതിനാൽ നിയമങ്ങൾക്ക് പേരിടുന്നത് ശ്രദ്ധാപൂർവ്വം നിർവ്വഹിക്കേണ്ടതാണ്.






Organ Transplantation



# മനുഷ്യാവയവങ്ങൾ മാറ്റിവയ്ക്കൽ

## നിയമവും യാഥാർഥ്യവും



**ദിപിൻ റോയ് എസ് എൽ**
സെക്ഷൻ ഓഫീസർ, നിയമ വകുപ്പ്

മനുഷ്യാവയവങ്ങൾ മാറ്റിവയ്ക്കൽ എന്നത് ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ വൈദ്യശാസ്ത്ര മുന്നേറ്റങ്ങളിൽ ഒന്നാണ് എന്നതിൽ സംശയമില്ല. ഇന്ന് മനുഷ്യാവയവങ്ങൾ മാറ്റിവയ്ക്കൽ ഒരു സാധാരണ വൈദ്യശാസ്ത്ര പ്രക്രിയയായി മാറിയിരിക്കുന്നു. എന്നിരുന്നാലും, അവയവദാനത്തെപ്പറ്റിയുള്ള അഭ്യൂഹങ്ങളും ആശങ്കകളും എല്ലാക്കാലത്തും സജീവമാണ്. അവയവദാനത്തെക്കുറിച്ചുള്ള അവബോധമില്ലായ്മ, സാംസ്കാരികവും മതപരവുമായ കാഴ്ചപ്പാടുകളിലുള്ള വ്യത്യാസം, അവയവകൈമാറ്റ കച്ചവടത്തെക്കുറിച്ചുള്ള ഭയം, അവയവങ്ങൾ മാറ്റിവയ്ക്കൽ സംബന്ധിച്ച് നിലവിലുള്ള നിയമങ്ങളെയും ചട്ടങ്ങളെയും ഒപ്പം ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അംഗീകരിക്കപ്പെട്ട സ്ഥാപനങ്ങളെയും മെഡിക്കൽ സംവിധാനങ്ങളെയും പറ്റിയുള്ള അറിവില്ലായ്മ എന്നിവയൊക്കെയാണ് അവയവദാനത്തെപ്പറ്റി പൊതുസമൂഹത്തിൽ നിലനിൽക്കുന്ന ആശങ്കകൾക്ക് അടിസ്ഥാനം. അതുകൊണ്ട് തന്നെ വൈദ്യശാസ്ത്രം എത്രയൊക്കെ പുരോഗമിച്ചാലും പൊതുസമൂഹത്തിന്റെ ഇടപെടലും സഹകരണവും ഉണ്ടെങ്കിൽ മാത്രമേ അവയവദാനം പോലുള്ള മഹത്തായ പ്രവൃത്തികൾക്ക് കൂടുതൽ സ്വീകാര്യത കൈവരികയുള്ളൂ. അവബോധം വർദ്ധിപ്പിക്കുന്നതിലൂടെയും, പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിലൂടെയും, ദാന പ്രക്രിയ മെച്ചപ്പെടുത്തുന്നതിലൂടെയും, അവയവദാനം കൂടുതൽ പ്രാപ്യമാക്കാനും, സാധുതയുള്ള ദാതാക്കളുടെ എണ്ണം വർദ്ധിപ്പിക്കാനും നമുക്ക് കഴിയും. അവയവദാനത്തിന് കൂടുതൽ പൊതുജന സഹകരണവും

പ്രതിബദ്ധതയും ഉറപ്പാക്കുന്നതിന് നമുക്കെല്ലാം ഒരുപോലെ ഉത്തരവാദിത്തവും കടമയും ഉണ്ടെന്ന കാര്യം ഓർമ്മയിലിരിക്കട്ടെ.

**എന്താണ് അവയവ ദാനം അല്ലെങ്കിൽ അവയവം മാറ്റിവയ്ക്കൽ**

അവയവദാനം (Organ Donation) എന്നത് ഒരു വ്യക്തി സ്വന്തം അവയവം നീക്കം ചെയ്ത് മറ്റൊരാൾക്ക് മാറ്റിവയ്ക്കാൻ നിയമപരമായി അധികാരപ്പെടുത്തുന്ന മഹത്തായ പ്രവൃത്തിയാണ്. അവയവം മാറ്റിവയ്ക്കൽ (Organ Transplantation) എന്നത് ദാനം ചെയ്ത അവയവം ശസ്ത്രക്രിയയിലൂടെ അവയവം തകരാറിലായതായി കണ്ടെത്തിയ വ്യക്തിക്കോ രോഗിക്കോ കൈമാറുന്ന പ്രക്രിയയാണ്. ശരിയായി പ്രവർത്തിക്കുന്ന മനുഷ്യശരീര അവയവങ്ങളും കലകളും ശേഖരിച്ചാണ് രോഗികളുടെ ശരീരത്തിലേക്ക് മാറ്റിവയ്ക്കുന്നത്. മിക്ക കേസുകളിലും, അവയവ ദാനം ദാതാവിന്റെ മരണശേഷം നടത്തപ്പെടുന്നു. എന്നാൽ ചില അവയവങ്ങൾ ദാതാക്കൾ ജീവിച്ചിരിക്കുമ്പോൾ പോലും ദാനം ചെയ്യാൻ കഴിയും.

ലോകത്തിലെ ആദ്യത്തെ വിജയകരമായ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ 1954-ൽ ബോസ്റ്റണിലെ പീറ്റർ ബ്രിഗം ആശുപത്രിയിൽ ഡേവിഡ് ഹ്യൂമും ജോസഫ് കെല്ലിയും ചേർന്ന് നടത്തിയ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയായിരുന്നു. ആദ്യകാല അവയവ മാറ്റിവയ്ക്കൽ ഗവേഷണങ്ങളിൽ ഭൂരിഭാഗവും വൃക്കകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. 1960-കളുടെ അവസാനത്തോടെ കരൾ, ഹൃദയം, പാൻക്രിയാസ് എന്നിവയിലേക്ക് മാറ്റിവയ്ക്കൽ വിജയകരമായി നടന്നു, അതേസമയം ശ്വാസകോശം, കുടൽ എന്നീ അവയവങ്ങൾ മാറ്റിവയ്ക്കൽ നടപടിക്രമങ്ങൾ 1980-കളിൽ ആരംഭിച്ചു. വൈദ്യശാസ്ത്രത്തിലെ ശാസ്ത്രീയ നേട്ടങ്ങളുടെ ഏറ്റവും മികച്ച ഉദാഹരണങ്ങളിലൊന്നാണ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ. എന്നിരുന്നാലും, അതിന്റെ വിജയം ആധുനിക വൈദ്യശാസ്ത്രത്തിലെ ഏറ്റവും കടുത്ത ധാർമ്മിക വെല്ലുവിളികൾക്കും കാരണമായിട്ടുണ്ട്. മുഖം മാറ്റിവയ്ക്കൽ, ലാബിൽ വളർത്തിയ അവയവങ്ങളുടെ പരീക്ഷണങ്ങൾ തുടങ്ങിയ നൂതന ശാസ്ത്ര പരീക്ഷണങ്ങളിലൂടെ ഇന്ന് ഈ മേഖലയിലെ ഗവേഷണം പുതിയ തലത്തിൽ എത്തിനിൽക്കുന്നു.

വിജയകരമായി അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിലെ ആദ്യത്തെ അവയവ ദാതാവ് റൊണാൾഡ് ലീ ഹെറിക്ക് (1931-2010) ആയിരുന്നു. അദ്ദേഹം 1954-ൽ തന്റെ സമാന ഇരട്ട സഹോദരൻ റിച്ചാർഡിന് (1931-1963) ഒരു വൃക്ക ദാനം ചെയ്തു. 2015-ൽ ജനിച്ച അനെൻസെഫാലി എന്ന രോഗാവസ്ഥ (Anencephaly, a condition that prevented the full development of skull) ബാധിച്ച ബ്രിട്ടനിലെ ന്യൂമാർക്കറ്റിൽ നിന്നുള്ള ഒരു കുഞ്ഞായിരുന്നു ഏറ്റവും പ്രായം കുറഞ്ഞ അവയവ ദാതാവ്. 2015 നവംബർ 24-ന് ജനിച്ച് വെറും 74 മിനിറ്റിനുശേഷം വൃക്കകളും കരൾ കോശങ്ങളും ദാനം ചെയ്തു. അറിയപ്പെടുന്ന ഏറ്റവും പ്രായം കൂടിയ കോർണിയ ദാതാവ് 107 വയസ്സുള്ള ഒരു സ്കോട്ടിഷ് സ്ത്രീയായിരുന്നു, 2016-ൽ അവരുടെ മരണശേഷം അവരുടെ കോർണിയകൾ ദാനം ചെയ്തു. ആന്തരിക അവയവം ദാനം ചെയ്ത ഏറ്റവും പ്രായം കൂടിയ അവയവ ദാതാവ് 98 വയസ്സുള്ള തെക്കൻ മിസോറിയിലെ ഒരു പുരുഷനായിരുന്നു, അദ്ദേഹം മരിച്ചതിനുശേഷം കരൾ ദാനം ചെയ്തു.

**ഏതൊക്കെ അവയവം മാറ്റിവയ്ക്കാം?**

മനുഷ്യശരീരത്തിൽ എട്ടു പേർക്ക് എങ്കിലും ജീവൻ നിലനിർത്താൻ സഹായിക്കാൻ കഴിയുന്ന പ്രധാന അവയവങ്ങളുണ്ട്. വീണ്ടും ഉപയോഗിക്കാവുന്ന മുപ്പതിലേറെ ശരീര ഭാഗങ്ങൾ വേറെയും. വൃക്കകൾ, കരൾ, ഹൃദയം, ശ്വാസകോശം, പാൻക്രിയാസ്, അവയവങ്ങൾക്ക് പുറമേ, കോർണിയ, ചർമ്മം, അസ്ഥികൾ, ലിഗമെന്റുകൾ, ഹൃദയ വാൽവുകൾ ചെറുകുടൽ, കണ്ണുകൾ (കോർണിയ എന്ന നേ

ത്രപടലം), ത്വക്ക്, പാൻക്രിയാസ്, ഗർഭപാത്രം, കൈപ്പത്തി, അസ്ഥികൾ, രക്തക്കുഴലുകൾ, ചെവിക്കുള്ളിലെ അസ്ഥികൾ, തരുണാസ്ഥി തുടങ്ങി ശരീരത്തിലെ ഇരുപത്തിമൂന്നോളം അവയവങ്ങൾ മാറ്റിവയ്ക്കാൻ കഴിയും. വൃക്ക അല്ലെങ്കിൽ കരളിന്റെ ഒരു ഭാഗം, പാൻക്രിയാസിന്റെ ഒരു ഭാഗം, ശ്വാസകോശത്തിന്റെ ഒരു ഭാഗം അല്ലെങ്കിൽ കുടലിന്റെ ഒരു ഭാഗം എന്നിങ്ങനെയുള്ള ചില അവയവങ്ങളും കലകളും ജീവിച്ചിരിക്കുന്ന ദാതാക്കൾക്ക് ദാനം ചെയ്യാൻ കഴിയും. ഹൃദയം, ശ്വാസകോശം, പാൻക്രിയാസ് എന്നിവയുടെ ദാനം മസ്തിഷ്ക മരണം സംഭവിച്ച ദാതാക്കളിലൂടെയും സംഭവിക്കാം. കോർണിയ, ഹൃദയ വാൽവുകൾ, ചർമ്മം, അസ്ഥി എന്നിവയാണ് മാറ്റിവയ്ക്കാൻ കഴിയുന്ന കലകൾ (tissues).

**മനുഷ്യാവയവങ്ങൾ മാറ്റിവയ്ക്കൽ ഇന്ത്യയിൽ**

ലോകത്ത് ഏറ്റവും കൂടുതൽ അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്ന മൂന്നാമത്തെ രാജ്യമാണ് ഇന്ത്യ. വികസിത രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യയിൽ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് താരതമ്യേന ചെറിയ ചരിത്രമേയുള്ളൂ. ഇന്ത്യയിലെ ആദ്യത്തെ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ 1971 ഡിസംബർ 1-ന് വെല്ലൂരിലെ (തമിഴ്നാട്) ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ നടന്നു. 80 കളിലും 90 കളുടെ തുടക്കത്തിലും ട്രാൻസ്പ്ലാൻറ് പ്രവർത്തനങ്ങൾ വർദ്ധിച്ചുവെങ്കിലും, തിരഞ്ഞെടുത്ത നഗര കേന്ദ്രങ്ങളിൽ ജീവിച്ചിരിക്കുന്ന ദാതാക്കളുടെ വൃക്ക മാറ്റിവയ്ക്കലിലേക്ക് ഇത് പ്രധാനമായും പരിമിതപ്പെടുത്തി. ഇന്ത്യയിലെ അവയവം മാറ്റിവയ്ക്കൽ പ്രക്രിയയ്ക്ക് വലിയ പ്രചാരം ലഭിക്കാൻ ഇടയായ പ്രധാന കാരണങ്ങളിൽ ഒന്ന്, 1980 കളിലെ കുപ്രസിദ്ധമായ വൃക്ക വ്യാപാരമായിരുന്നു. വൃക്ക വ്യാപാരത്തിന്റെ മറവിൽ നടന്ന വലിയ അഴിമതികൾ അക്കാലത്തു മാധ്യമ ശ്രദ്ധ പിടിച്ചുപറ്റി. നെഫ്രോളജിസ്റ്റുകളും വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയാ വിദഗ്ധരും ഉൾപ്പെടെയുള്ള മെഡിക്കൽ സമൂഹത്തിലെ ഒരു പ്രധാന വിഭാഗം വൃക്ക വ്യാപാരത്തിൽ പങ്കാളികളായിരുന്നു. വിദേശരോഗികൾ ട്രാൻസ്പ്ലാന്റുകൾക്കായി ഇന്ത്യയിലേക്ക് ഒഴുകിയെത്തി. സ്വകാര്യ മേഖലയ്ക്ക് വൃക്ക വ്യാപാരം വലിയ സാമ്പത്തിക നേട്ടങ്ങൾ നേടിക്കൊടുത്തു.ചെറിയ ആശുപത്രികളിൽ നിലവാരമില്ലാത്ത സാഹചര്യങ്ങളിൽ രഹസ്യമായാണ് ഈ ട്രാൻസ്പ്ലാന്റുകൾ പലപ്പോഴും നടത്തിയിരുന്നത്.

**മനുഷ്യാവയവങ്ങളുടെയും കലകളുടെയും മാറ്റിവയ്ക്കൽ ആക്ട് (THE TRANSPLANTATION OF HUMAN ORGANS AND TISSUES ACT, 1994))**

വൃക്ക തട്ടിപ്പുകൾ വ്യാപകമായതോടെ അവയവം മാറ്റിവയ്ക്കൽ നിയന്ത്രിക്കുന്ന അഖിലേന്ത്യാ നിയമനിർമ്മാണത്തിന് അടിസ്ഥാനമാകുന്ന ഒരു റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 1991-ൽ കേന്ദ്ര സർക്കാർ ഒരു കമ്മിറ്റി (Dr. L.M. Singhvi Committee) രൂപീകരിച്ചു. കമ്മിറ്റിയുടെ പ്രധാന പരിഗണനാ വിഷയങ്ങൾ "**മസ്തിഷ്ക മരണം**" സംബന്ധിച്ചതാണെങ്കിലും, മനുഷ്യാവയവങ്ങളുടെ വ്യാപാരം ശിക്ഷാർഹമായ കുറ്റമാക്കണമെന്നും അത് ശിപാർശ ചെയ്തു. സിംഗ്വി കമ്മിറ്റിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ, വളരെയധികം കൂടിയാലോചനകൾക്കും ചർച്ചകൾക്കും ശേഷം 1994-ൽ ഇന്ത്യാ ഗവൺമെന്റ് മനുഷ്യ അവയവ മാറ്റിവയ്ക്കൽ നിയമം നടപ്പിലാക്കി.

1994-ലെ മനുഷ്യാവയവങ്ങൾ മാറ്റിവയ്ക്കൽ ആക്ട് (THE TRANSPLANTATION OF HUMAN ORGANS ACT, 1994) ആക്ടിൽ 2011-ൽ സമഗ്രമായ ഭേദഗതികൾ കൊണ്ടുവരികയും ആക്ടിന്റെ പേര് മനുഷ്യാവയവങ്ങളുടെയും കലകളുടെയും മാറ്റിവയ്ക്കൽ ആക്ട് (THE TRANSPLANTATION OF HUMAN ORGANS AND TISSUES ACT, 1994) എന്നാക്കി മാറ്റുകയും ചെയ്തു. ആരോഗ്യം ഒരു സംസ്ഥാന വിഷയമായതിനാൽ, നിയമം ബാധകമാക്കുന്നതിന് മുമ്പ് സംസ്ഥാനങ്ങൾ ഒരു പ്രമേയം വഴി അത് അംഗീകരിക്കേണ്ടതുണ്ട്. 2011-ലെ മനുഷ്യ അവയവ മാറ്റിവയ്ക്കൽ (ഭേദഗതി) നിയമം 10-01-2014 മുതൽ പ്രാബല്യത്തിൽ

വന്നു. ഈ നിയമത്തിന് കീഴിൽ 2014-ലെ മനുഷ്യ അവയവങ്ങളുടെയും കലകളുടെയും ട്രാൻസ്പ്ലാന്റേഷൻ ചട്ടങ്ങളും (The Transplantation of Human Organs and Tissues Rules, 2014.(G.S.R. 218 (E)) വിജ്ഞാപനം ചെയ്തിട്ടുണ്ട്. രാജസ്ഥാൻ, സിക്കിം, ജാർഖണ്ഡ്, കേരളം, ഒഡീഷ, പഞ്ചാബ്, മഹാരാഷ്ട്ര, അസം, മണിപ്പൂർ, ബീഹാർ, ഛത്തീസ്ഗഢ്, ഗുജറാത്ത്, ഉത്തർപ്രദേശ് എന്നിവയാണ് ഇതുവരെ നിയമം സ്വീകരിച്ച സംസ്ഥാനങ്ങൾ. മറ്റ് സംസ്ഥാനങ്ങൾ ഇതുവരെ ഭേദഗതി നിയമം അംഗീകരിച്ചിട്ടില്ല. ഈ ആക്ട് 8-8-1995-ൽ കേരളം അംഗീകരിച്ചു.

**1994-ലെ മനുഷ്യ അവയവ മാറ്റിവയ്ക്കൽ നിയമത്തിന്റെ പ്രാഥമിക ലക്ഷ്യങ്ങൾ:**

ചികിത്സാ ആവശ്യങ്ങൾക്കായി മനുഷ്യ അവയവങ്ങളുടെയും കലകളുടെയും നീക്കം ചെയ്യലും സംഭരിക്കലും മാറ്റിവയ്ക്കലും നിയന്ത്രിക്കുന്നതിനും മനുഷ്യാവയവങ്ങളിൻമേലുള്ള വാണിജ്യ ഇടപാടുകൾ തടയുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനാണ് ഈ നിയമം പാസാക്കിയിട്ടുള്ളത്. അവയവ മാറ്റിവയ്ക്കൽ പ്രക്രിയ ധാർമ്മികമായും നിയമപരമായും നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുക എന്നതും ഈ നിയമത്തിന്റെ ലക്ഷ്യമാണ്. നിയമം നടപ്പിലാക്കുന്നതിന് മുമ്പ് ഇന്ത്യയിൽ ഒരു പ്രധാന പ്രശ്നമായി മാറിയ മനുഷ്യാവയവങ്ങളുടെ നിയമവിരുദ്ധ വ്യാപാരം തടയുക, അവയവമാറ്റ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ അംഗീകാര സമിതികൾ, ഉചിതമായ അധികാരികൾ, ഉപദേശക സമിതികൾ എന്നിവ ഉൾപ്പെടുന്ന ഒരു നിയന്ത്രണ ചട്ടക്കൂട് സ്ഥാപിക്കുക എന്നിവയും ഈ നിയമത്തിന്റെ പ്രധാന ലക്ഷ്യങ്ങളായിരുന്നു. ഈ നിയമ പ്രകാരം അവയവദാനത്തിന് ഏതു രീതിയിലുള്ള പ്രതിഫലം പറ്റുന്നതും നിരോധിച്ചിട്ടുള്ളതും ശിക്ഷാർഹവുമാണ്. സ്വമേധയാ പ്രതിഫലേച്ഛ ഇല്ലാതെയുള്ള അവയവദാനം മാത്രമേ നിയമപ്രകാരം അനുവദിച്ചിട്ടുള്ളൂ.

**ആർക്കൊക്കെ മരണാനന്തരം അവയവങ്ങൾ ദാനംചെയ്യാം ?**

ശിശുക്കൾമുതൽ വൃദ്ധർവരെ ഏതൊരു വ്യക്തിക്കും പ്രായഭേദമെന്യേ മെഡിക്കൽ പരിശോധനകൾക്കു വിധേയമായി അവയവങ്ങൾ ദാനം ചെയ്യാവുന്നതാണ്. എന്നാൽ അവയവം ദാനം ചെയ്യാൻ സന്നദ്ധരായവർക്ക് എച്ച്ഐവി, ക്യാൻസർ, അല്ലെങ്കിൽ ഏതെങ്കിലും ഹൃദയ, ശ്വാസകോശ രോഗങ്ങൾപോലുള്ള വിട്ടുമാറാത്ത രോഗങ്ങൾ ബാധിച്ചിട്ടില്ലെന്ന് ഉറപ്പാക്കേണ്ടത് പ്രധാനമാണ്. അവയവം ദാനം ചെയ്യുന്നയാൾ പൂർണ്ണ ആരോഗ്യവാനായിരിക്കണം.

ജീവിച്ചിരിക്കുമ്പോഴുള്ള അവയവദാനത്തെ പ്രധാനമായും മനുഷ്യാവയവങ്ങൾ മാറ്റി വയ്ക്കൽ (Transplantation of Human Organs Act (1994) ആക്റ്റ് പ്രകാരം മൂന്നായി തരം തിരിച്ചിരിക്കുന്നു. അതിൽ ആദ്യത്തേത് അടുത്ത ബന്ധുക്കൾക്ക് (ഭാര്യ, ഭർത്താവ്, രക്ഷാകർത്താവ്, സഹോദരങ്ങൾ, കൊച്ചുമക്കൾ) അവയവം നൽകാവുന്നതാണ്. രണ്ടാമത്തേതിൽ, അടുത്ത ബന്ധുക്കൾ അല്ലാത്തവർക്കും അവയവം ദാനം ചെയ്യാവുന്നതാണ്. മൂന്നാമത്തേതിൽ, പരോപകാര തല്പരരും നിസ്വാർത്ഥപരവുമായ വ്യക്തികളിൽ നിന്ന് അവയവം സ്വീകരിക്കാവുന്നതാണ്.

**നിയമത്തിലെ മറ്റ് പ്രധാന വ്യവസ്ഥകൾ**

**ഓതറൈസേഷൻ കമ്മിറ്റികൾ**: അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നിരീക്ഷിക്കുന്നതിനുള്ള സർക്കാർ സംവിധാനമാണ് ഓതറൈസേഷൻ കമ്മിറ്റി. സംസ്ഥാന തലത്തിലും ആശുപത്രി തലത്തിലും ഓതറൈസേഷൻ കമ്മിറ്റികൾ (AC) സ്ഥാപിക്കാൻ ഈ നിയമം അനുശാസിക്കുന്നു. വാണിജ്യ ഇടപാടുകൾ ഉൾപ്പെടുന്നില്ലെന്ന് ഉറപ്പാക്കാൻ അവയവദാന കേസുകൾ സൂക്ഷ്മമായി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം ഈ കമ്മിറ്റികൾക്കാണ്.

ബന്ധുക്കളല്ലാത്തവർ തമ്മിലുള്ള എല്ലാ അവയവദാനങ്ങൾക്കും സംസ്ഥാന സർക്കാർ സ്ഥാപിച്ച ഓതറൈസേഷൻ കമ്മിറ്റിയുടെ അനുമതി ആവശ്യമാണ്. സ്വീകർത്താവ്, ദാതാവ്, ദാതാവിന്റെ ബന്ധുക്കൾ എന്നിവർ അവയവമാറ്റിവെയ്ക്കലിനായി നിശ്ചയിച്ചിട്ടുള്ള ഓതറൈസേഷൻ കമ്മിറ്റി മുമ്പാകെ ഹാജരാകേണ്ടതാണ്. ഇവിടെ നിന്നും അനുവാദം ലഭിച്ചാൽ മാത്രമേ അവയവദാനം സാധ്യമാവുകയുള്ളൂ. നിയമം അനുശാസിക്കുന്ന വ്യവസ്ഥകൾ പാലിക്കേണ്ടത് അത്യാവശ്യമാണ്.

**സമ്മതവും ദാനവും** : മരണത്തിന് മുമ്പ് ദാതാവിൽ നിന്നോ മരണശേഷം അടുത്ത ബന്ധുക്കളിൽ നിന്നോ സമ്മതം വാങ്ങിയതിനുശേഷം മാത്രമേ മരണപ്പെട്ട വ്യക്തിയുടെ അവയവങ്ങൾ നീക്കം ചെയ്യാൻ നിയമം അനുവദിക്കുന്നുള്ളു. ഇണകൾ, മാതാപിതാക്കൾ, കുട്ടികൾ, സഹോദരങ്ങൾ, മുത്തശ്ശിമാർ എന്നിവരുൾപ്പെടെ അടുത്ത ബന്ധുക്കൾക്കിടയിൽ മാത്രമേ ജീവനുള്ള ദാനങ്ങൾ അനുവദിക്കൂ. അടുത്ത ബന്ധു എന്നാൽ ജീവിതപങ്കാളി, മകൻ, മകൾ, അച്ഛൻ, അമ്മ, സഹോദരൻ, സഹോദരി, മുത്തച്ഛൻ, മുത്തശ്ശി, ചെറുമകൻ അല്ലെങ്കിൽ ചെറുമകൾ എന്നിവരാകാം. നിലവിലുള്ള നിയമവ്യവസ്ഥകൾ പ്രകാരം ജീവിച്ചിരിക്കുമ്പോൾ ഒരു വ്യക്തി മസ്തിഷ്ക മരണാനന്തര അവയവദാനത്തിന് സമ്മതം നല്കിയിട്ടുണ്ടെങ്കിലും ആ വ്യക്തിയുടെ മരണശേഷം അടുത്ത ബന്ധുക്കളുടെ സമ്മതത്തോടുകൂടി മാത്രമേ അവയവദാനം സാധ്യമാവുകയുള്ളൂ. മസ്തിഷ്ക മരണാനന്തര അവയവദാനത്തിൽ മരണം സംഭവിച്ച വ്യക്തിയുടെ ബന്ധുക്കളുടെ സമ്മതമാണ് ഏറ്റവും പ്രധാനം. അവയവങ്ങൾക്കൊപ്പം കലകളും ഉൾപ്പെടുത്തിയിട്ടുണ്ട്.'

**മസ്തിഷ്ക മരണത്തിന്റെ നിർവചനം** : ഈ നിയമം മസ്തിഷ്ക മരണത്തെ നിയമപരമായി നിർവചിക്കുകയും അതിന്റെ സർട്ടിഫിക്കേഷനുള്ള ഒരു ചട്ടക്കൂട് നൽകുകയും ചെയ്യുന്നു. മസ്തിഷ്ക മരണം പ്രഖ്യാപിക്കുന്നതിനുള്ള പ്രോട്ടോക്കോൾ നിർവചിക്കപ്പെട്ടു. സർക്കാർ അംഗീകരിച്ച ഒരു പാനലിൽ നിന്നുള്ള 2 പേർ ഉൾപ്പെടുന്ന 4 ഡോക്ടർമാരുടെ ഒരു പാനലാണ് മസ്തിഷ്ക മരണം പ്രഖ്യാപിക്കേണ്ടത്. നിയമപ്രകാരം പരിശോധന രണ്ടുതവണ നടത്തണം, രണ്ട് പരിശോധനകൾക്കിടയിലും 6 മണിക്കൂർ ഇടവേള ഉണ്ടായിരിക്കണം.

**കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷകൾ** : മനുഷ്യാവയവങ്ങളുടെ വാണിജ്യ ഇടപാടുകൾ, അവയവങ്ങൾ അനധികൃതമായി നീക്കം ചെയ്യൽ, മറ്റ് അനുബന്ധ കുറ്റകൃത്യങ്ങൾ എന്നിവയിൽ കുറ്റക്കാരാണെന്ന് കണ്ടെത്തുന്നവർക്ക് തടവും പിഴയും ഉൾപ്പെടെയുള്ള കർശനമായ ശിക്ഷകൾ ഈ നിയമം നിർദ്ദേശിക്കുന്നു.നിയമത്തിലെ വകുപ്പ് 18 പ്രകാരം, അധികാരമില്ലാതെ ഏതെങ്കിലും മനുഷ്യാവയവങ്ങൾ നീക്കം ചെയ്തതിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരു വ്യക്തിക്കും 10 വർഷം വരെ തടവും 20 ലക്ഷം രൂപ വരെ പിഴയും ശിക്ഷ ലഭിക്കാം. മനുഷ്യാവയവങ്ങളുടെ വാണിജ്യ ഇടപാടിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരു വ്യക്തിക്കും നിയമത്തിലെ വകുപ്പ് 19 പ്രകാരം 5 വർഷത്തിൽ കുറയാത്ത എന്നാൽ 10 വർഷം വരെയാകാവുന്ന തടവും 20 ലക്ഷം രൂപയിൽ കുറയാത്തതും എന്നാൽ ഒരു കോടി രൂപ വരെ പിഴയും ലഭിക്കും.വകുപ്പ് 20 പ്രകാരം, നിയമത്തിലെ മറ്റേതെങ്കിലും വ്യവസ്ഥ ലംഘിക്കുന്ന ഏതൊരു വ്യക്തിക്കും 5 വർഷം വരെ തടവോ 20 ലക്ഷം രൂപ വരെ പിഴയോ ലഭിക്കാം.

**ആശുപത്രികളുടെ നിയന്ത്രണം**: അവയവം മാറ്റി വയ്ക്കൽ ശസ്ത്രക്രിയയിൽ ഉൾപ്പെട്ടിരിക്കുന്ന ആശുപത്രികൾ നിയമപ്രകാരം രജിസ്റ്റർ ചെയ്തിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഇടയ്ക്കിടെ പരിശോധനകൾ നടത്തേണ്ടതിന്റെ ആവശ്യകതയും നിയമം വ്യവസ്ഥ ചെയ്യുന്നു. നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ആശുപത്രികളിലും നിർബന്ധിത 'ട്രാൻസ്പ്ലാന്റ് കോർഡിനേറ്ററെ' നിയമിക്കണം. ദുർബലരെയും ദരിദ്രരെയും സംരക്ഷിക്കുന്നതിനായി അവയവ വ്യാപാരത്തിന് ഉയർന്ന പിഴകൾ

വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബ്രെയിൻ ഡെത്ത് സർട്ടിഫിക്കേഷൻ ബോർഡിന്റെ ഘടന ലളിതമാക്കിയിരിക്കുന്നു. ദേശീയ മനുഷ്യ അവയവങ്ങളും കലകളും നീക്കം ചെയ്യുന്നതിനും സംഭരിക്കുന്നതിനുമുള്ള ശൃംഖലയും ദേശീയ ട്രാൻസ്പ്ലാന്റ് രജിസ്ട്രിയും സ്ഥാപിക്കും. ഉചിതമായ അതോറിറ്റിയെ സഹായിക്കാനും ഉപദേശിക്കാനും ഒരു ഉപദേശക സമിതിക്ക് വ്യവസ്ഥയുണ്ട്. പ്രായപൂർത്തിയാകാത്തവരുടെയും വിദേശ പൗരന്മാരുടെയും കാര്യത്തിൽ കൂടുതൽ ജാഗ്രത പാലിക്കാനും മാനസിക വെല്ലുവിളി നേരിടുന്നവരിൽ നിന്ന് അവയവദാനം നിരോധിക്കാനും നിയമം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**വിദേശികൾക്ക് ഇന്ത്യയിൽ അവയവ ദാനം നടത്താമോ?**

1994-ലെ മനുഷ്യ അവയവങ്ങളുടെയും കലകളുടെയും ട്രാൻസ്പ്ലാന്റേഷൻ ആക്ട് (THOTA), മറ്റ് നിയമങ്ങൾ എന്നിവ പ്രകാരം, ഒരു ഇന്ത്യൻ ദാതാവിനും,അവർ സ്വീകർത്താവിന്റെ അടുത്ത ബന്ധുവല്ലെങ്കിൽ, തന്റെ അവയവമോ അവയവങ്ങളോ വിദേശികൾക്ക് ദാനം ചെയ്യാൻ അനുവാദമില്ല. ഇന്ത്യയിലെ ബന്ധപ്പെട്ട രാജ്യത്തെ എംബസിയിലെ ഒരു മുതിർന്ന ഉദ്യോഗസ്ഥൻ ദാതാവും സ്വീകർത്താവും തമ്മിലുള്ള ബന്ധം നിർദ്ദിഷ്ട ഫോർമാറ്റിൽ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. മരിച്ചുപോയ ഒരു ദാതാവിൽ നിന്ന് അവയവമോ അവയവങ്ങളോ മാറ്റിവയ്ക്കുന്നതിനായി ആവശ്യമുള്ള വിദേശികൾക്ക് അവർ ചികിത്സിക്കുന്ന ആശുപത്രികൾ വഴി ഇന്ത്യയിൽ രജിസ്ട്രേഷൻ തേടാവുന്നതാണ്. അതിനുശേഷം അവരുടെ പേരുകൾ വെയിറ്റിംഗ് ലിസ്റ്റ് രജിസ്ട്രിയിൽ ഉൾപ്പെടുത്തും. എന്നിരുന്നാലും, രാജ്യത്തുടനീളം ആ അവയവം എടുക്കാൻ ഒരു ഇന്ത്യൻ രോഗിയും ലഭ്യമല്ലാത്തപ്പോൾ മാത്രമേ അത്തരം കേസുകളിൽ അവയവം അനുവദിക്കുന്നതിന് പരിഗണിക്കൂ.

**നാഷണൽ ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷൻ** (NOTTO)

2019-ൽ കേന്ദ്ര സർക്കാർ ദേശീയ തലത്തിൽ ഓർഗൻ ട്രാൻസ്പ്ലാൻറ് പ്രോഗ്രാം അവതരിപ്പിച്ചു. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ ആരോഗ്യ സേവന ഡയറക്ടറേറ്റ് ജനറലിൻ കീഴിൽ സ്ഥാപിതമായ ഒരു ദേശീയ തല സംഘടനയാണ് നാഷണൽ ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (NOTTO). രാജ്യത്തെ അവയവങ്ങളുടെയും കലകളുടെയും സംഭരണത്തിനും വിതരണത്തിനുമുള്ള ഏകോപനത്തിനും ശൃംഖലാ സംവിധാനത്തിനുമുള്ള അഖിലേന്ത്യാ പ്രവർത്തനങ്ങൾക്കും അവയവങ്ങളുടെയും കലകളുടെയും ദാനത്തിന്റെയും ട്രാൻസ്പ്ലാന്റേഷന്റെയും രജിസ്ട്രിക്കും വേണ്ടിയുള്ള ഉന്നത കേന്ദ്രമായി NOTTO യുടെ നാഷണൽ നെറ്റ്വർക്ക് ഡിവിഷൻ, പ്രവർത്തിക്കുന്നു.

1994-ലെ മനുഷ്യ അവയവ മാറ്റിവയ്ക്കൽ നിയമം നടപ്പിലാക്കുന്നത് ജുഡീഷ്യൽ പരിശോധനകൾക്ക് വിധേയമായിട്ടുള്ളതും അപ്രകാരം ഈ നിയമം പരിഷ്കരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ജുഡീഷ്യൽ ഇടപെടൽ നിയമത്തിന്റെ പ്രയോഗത്തിൽ വ്യക്തത വരുത്തുന്നതിനും, അവ്യക്തതകൾ പരിഹരിക്കുന്നതിനും, സഹായിച്ചിട്ടുണ്ട്. **വിജയ് കുമാർ ശർമ്മ v. കർണാടക സംസ്ഥാനം** (1995) എന്ന കേസിൽ 1994-ലെ മനുഷ്യ അവയവ മാറ്റിവയ്ക്കൽ നിയമത്തിന്റെ സാധുതയെ ഒരു ഹർജിയിലൂടെ ചോദ്യം ചെയ്യപ്പെട്ടു. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 21 പ്രകാരം ഉറപ്പുനൽകുന്ന ജീവിക്കാനുള്ള അവകാശത്തെയും വ്യക്തി സ്വാതന്ത്ര്യത്തെയും ഈ നിയമം ലംഘിക്കുന്നുവെന്ന് ഹർജിക്കാരൻ വാദിച്ചു. അവയവദാനത്തിന്റെ നിയന്ത്രണം പൊതുതാൽപ്പര്യത്തിനാണെന്ന് പ്രസ്താവിച്ചുകൊണ്ട് കർണാടക ഹൈക്കോടതി ഈ നിയമത്തിന്റെ സാധുത ശരിവെക്കുകയും അവയവദാനത്തിന്റെ വാണിജ്യപരമായ ചൂഷണം തടയുന്നതിനും അവയവദാനത്തിലെ ധാർമ്മിക രീതികൾ ഉറപ്പാക്കുന്നതിനും ഈ നിയമം ആവശ്യമാണെന്ന് ഊന്നിപ്പറയുകയും ചെയ്തു. **അരുണ ഷാൻബാഗ് vs.**

**യൂണിയൻ ഓഫ് ഇന്ത്യ** (2011) എന്ന കേസ് പ്രധാനമായും ദയാവധവുമായി ബന്ധപ്പെട്ട ഒരു കേസാണെങ്കിലും, ഈ കേസിൽ ഇന്ത്യയുടെ സുപ്രീം കോടതി മസ്തിഷ്ക മരണം സംഭവിച്ച രോഗികളിൽ നിന്നുള്ള അവയവ ദാനത്തിന്റെ വിഷയം പരിഗണിക്കുകയും മസ്തിഷ്ക മരണം എന്ന ആശയത്തിലേക്ക് ശ്രദ്ധ കൊണ്ടുവരികയും മസ്തിഷ്ക മരണം സംഭവിച്ച രോഗികളിൽ നിന്നുള്ള അവയവ ദാനത്തിനുള്ള നിയമപരമായ നടപടിക്രമങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തു. **അസോസിയേഷൻ ഓഫ് മെഡിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ആസ്പിറന്റ്സ് vs. യൂണിയൻ ഓഫ് ഇന്ത്യ** എന്ന കേസിൽ, ജീവൻ സംരക്ഷിക്കുന്നതിന് അവയവമാറ്റ ശസ്ത്രക്രിയയുടെ പ്രാധാന്യം ഊന്നിപ്പറഞ്ഞുകൊണ്ട് അനുച്ഛേദം 21 പ്രകാരം ആരോഗ്യത്തിനുള്ള അവകാശം ജീവിക്കാനുള്ള അവകാശത്തിന്റെ അടിസ്ഥാനമാണെന്ന് സുപ്രീം കോടതി അംഗീകരിച്ചു. 2024-ൽ **അമർ സിംഗ് ഭാട്ടിയയും മറ്റുള്ളവരും v. സർ ഗംഗാ റാം ആശുപത്രിയും മറ്റുള്ളവരും** എന്ന കേസിൽ ഡൽഹി ഹൈക്കോടതി വിലയേറിയ ജീവൻ നഷ്ടപ്പെടുന്നതിന് കാരണമായേക്കാവുന്ന അനാവശ്യ കാലതാമസം തടയുക എന്ന ലക്ഷ്യത്തിനായി അവയവം മാറ്റിവയ്ക്കൽ നിയമവും ചട്ടങ്ങളും പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന സമയപരിധി അപേക്ഷാ പ്രക്രിയയുടെ എല്ലാ ഘട്ടങ്ങളിലും കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ കോടതി സർക്കാരിനോട് നിർദ്ദേശിച്ചു. ഇത് അവയവത്തിനായുള്ള രോഗികളുടെ കാത്തിരിപ്പ് സമയം കുറയ്ക്കുന്നതിന് സഹായിച്ചു.

**മനുഷ്യാവയവങ്ങൾ മാറ്റിവയ്ക്കൽ കേരളത്തിൽ**

1994-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആന്റ് ടിഷ്യൂസ് ആക്ട് , ചട്ടങ്ങൾ എന്നിവ പ്രകാരമാണ് കേരളത്തിൽ അവയവദാനം നടക്കുന്നത്. സംസ്ഥാനത്തെ അവയദാനം ഏകോപിപ്പിക്കുന്നതിനും അവയവ വിന്യാസം നടത്തുന്നതിനുമായി **കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെസോട്ടോ)** സ്ഥാപിച്ചു. കേന്ദ്രസർക്കാരിന്റെ 1994-ലെ മനുഷ്യാവയവങ്ങൾ മാറ്റിവയ്ക്കൽ നിയമത്തിന് കീഴിൽ, 2014-ലെ മനുഷ്യാവയവങ്ങളും ടിഷ്യൂകളും മാറ്റിവയ്ക്കൽ റൂൾസിലെ ചട്ടം 31 പ്രകാരമാണ് കെ-സോട്ടോ കേരളത്തിൽ അവയവദാന പ്രവർത്തനങ്ങൾ നടത്തിവരുന്നത്. 1994-ലെ മനുഷ്യ അവയവങ്ങളുടെയും കലകളുടെയും ട്രാൻസ്പ്ലാന്റേഷൻ ആക്ടും അതിന്റെ കീഴിലുള്ള ചട്ടങ്ങളും ഫലപ്രദമായി നടപ്പിലാക്കുന്നതിനുമായിട്ടുള്ള സ്ഥാപനമാണിത്. സാധ്യമായ ദാതാക്കളെ തിരിച്ചറിയൽ, മരിച്ച ദാതാക്കളിൽ നിന്ന് അവയവങ്ങൾ വീണ്ടെടുക്കൽ, അവയവങ്ങളുടെ തുല്യമായ വിഹിതം നൽകൽ, സ്വകാര്യ, പൊതുമേഖലയിലെ വിവിധ ട്രാൻസ്പ്ലാന്റ് സെന്ററുകളുമായും ട്രാൻസ്പ്ലാന്റ് ചെയ്യാത്ത അവയവ വീണ്ടെടുക്കൽ കേന്ദ്രങ്ങളുമായും യോജിച്ച് പ്രവർത്തിക്കുന്നതിനുള്ള പ്രോട്ടോക്കോളുകളും സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങളും സൃഷ്ടിക്കുക എന്നിവയാണ് ഇതിന്റെ പ്രവർത്തന മേഖല. ആവശ്യമുള്ള രോഗികൾക്ക് ജീവൻ രക്ഷിക്കുന്ന ട്രാൻസ്പ്ലാന്റുകൾ സാധ്യമാക്കുക എന്നതാണ് ഈ സംഘടനയുടെ ചുമതല. മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സംസ്ഥാന സർക്കാർ ആരോഗ്യ കുടുംബക്ഷേമവകുപ്പിന്റെ കീഴിൽ 2012-ൽ മസ്തിഷ്ക മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ **'മൃതസഞ്ജീവനി'** എന്ന പദ്ധതി നടപ്പിലാക്കി. അവയവങ്ങൾ ആവശ്യമുള്ളതും അവയവദാനത്തിന് തയ്യാറാകുന്നതുമായ ആളുകളുടെ ഏകോപന സംവിധാനമാണ് മൃതസഞ്ജീവനി വഴി സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. അവയവമാറ്റത്തിന് സംവിധാനവും ലൈസൻസുമുള്ള ആശുപത്രികൾ വഴി മൃതസഞ്ജീവനിയിൽ രജിസ്റ്റർ ചെയ്യാം. സർക്കാർ-സ്വകാര്യ ആശുപത്രികളിൽ മസ്തിഷ്കമരണം സംഭവിച്ചാൽ മൃതസഞ്ജീവനിയിൽ അറിയിക്കുന്നു. മസ്തിഷ്കമരണം സംഭവിച്ചവരുടെ കുടുംബാംഗങ്ങളുടെ സമ്മതത്തോടെ പ്രവർത്തനസജ്ജമായ അവയവം എടുക്കുന്നതും സർക്കാർ ലിസ്റ്റിൽ

കാത്തിരിക്കുന്നവർക്ക് മുൻഗണനാ ക്രമത്തിൽ നൽകുന്നതും മൃതസഞ്ജീവനി വഴിയാണ്. മൃതസഞ്ജീവനിയുടെ സംസ്ഥാനതല ആഫീസ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തിച്ചു വരുന്നു. 'മൃത സഞ്ജീവനി www.knos.org.in' എന്ന പേരിൽ ഒരു വെബ്സൈറ്റും ആരംഭിച്ചു. അവ യവദാന സന്നദ്ധതയുള്ളവരുടെയും നിർദ്ദിഷ്ട സ്വീകർത്താക്കളുടെയും രജിസ്ട്രി (കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിങ്) ഇതിന്റെ ഭാഗമായി സൂക്ഷിക്കുന്നുണ്ട്. സംസ്ഥാനത്ത് അവയവം മാറ്റിവയ്ക്കേണ്ട രോഗികളുടെ വിവരങ്ങളും മരണാനന്തരം അവയവങ്ങൾ ദാനം ചെയ്യാൻ തയ്യാറാകുന്നവരുടെ വിവരങ്ങളും ഈ രജിസ്ട്രിയുടെ ഭാഗമായി സൂക്ഷിക്കുന്നുണ്ട്. മരണാനന്തര അവയവദാനത്തിന് തയ്യാറാകുന്നവർക്ക് വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇത് കൂടാതെ മൃതസഞ്ജീവനിയുടെ ആഫീസ് മുഖാന്തിരവും അവയവദാന സമ്മതപത്രം സമർപ്പിക്കാവുന്നതാണ്. മരണാനന്തര അവ യവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ തലത്തിൽ നടത്തുന്ന സോഷ്യൽ മീഡിയ ക്യാമ്പെയിനാണ് 'ജീവനേകാം ജീവനാകാം' എന്ന പേരിൽ നടത്തുന്ന പ്രചാരണ പരിപാടി. കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷന്റെ (കെ-സോട്ടോ) മൃത സഞ്ജീവനിയുടെ നേതൃത്വത്തിലാണ് ക്യാമ്പയിൻ നടത്തുന്നത്. അവയവദാനത്തിന്റെ മഹത്വം സംബന്ധിച്ച സന്ദേശം എല്ലാവരിലേയ്ക്കും എത്തിക്കുക, ഈ രംഗത്ത് നിലനിൽക്കുന്ന അനാരോഗ്യകരമായ പ്രവണത കളെ തുറന്നു കാണിക്കുക, സംശയങ്ങൾ ദൂരീകരിക്കുക, വിദഗ്ധരുടെ അഭിപ്രായങ്ങളും സന്ദേശങ്ങളും എല്ലാവരിലും എത്തിക്കുക, പൊതുജനങ്ങളെ അവയവദാനത്തിന് സന്നദ്ധരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.

ആഗസ്റ്റ് 13 നാണ് ലോക അവയവദാന ദിനം ആചരിച്ചു വരുന്നത്. ഒരാളുടെ ജീവൻ രക്ഷിക്കാൻ അവയവങ്ങൾ ദാനം ചെയ്യാൻ ആളുകളെ പ്രേരിപ്പിക്കുക എന്നതാണ് ലോക അവയവദാന ദിനത്തിന്റെ പ്രധാന ലക്ഷ്യം. അവയവദാനത്തെക്കുറിച്ചുള്ള അവബോധം അവയവദാനത്തിന് കൂടുതൽ സാമൂഹിക പിന്തുണ നൽകുന്നതിലേക്ക് നയിക്കുന്നു. മനുഷ്യാവയവങ്ങളുടെ നിയമവിരുദ്ധ വ്യാപാരം തടയുന്നതിനും നിയന്ത്രിക്കുന്നതിനും കർശന മായ ചട്ടങ്ങളും മറ്റ് അനുബന്ധ നിയന്ത്രണ സംവിധാനങ്ങളും കൊണ്ടുവന്നിട്ടും മനുഷ്യാവ യവങ്ങളുടെ അനധികൃത വ്യാപാരവും അവയവ കടത്തും ഇന്നും മെഡിക്കൽ മേഖലയിൽ നിലനിൽക്കുന്നു എന്നത് വിസ്മരിക്കാനാവില്ല. എന്നിരുന്നാലും 1994 ലെ മനുഷ്യാവയവങ്ങളുടെയും കലകളുടെയും മാറ്റിവയ്ക്കൽ ആക്ട്, അതിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾ അവയവദാനം, അവയവം മാറ്റിവയ്ക്കൽ എന്നിവയുമായി ബ ന്ധപ്പെട്ട് സർക്കാർ മേഖലയിലും അല്ലാതെയും പ്രവർത്തിക്കുന്ന അംഗീകൃത സ്ഥാപനങ്ങൾ, മെഡിക്കൽ സംവിധാനങ്ങൾ എന്നിവയുടെ കൂട്ടായ പ്രവർത്തനം ഈ മേഖലയിലെ ചൂഷണങ്ങളെയും അനധികൃത നട പടികളെയും നിയന്ത്രിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്. പലപ്പോഴും അവ യവം മാറ്റിവയ്ക്കലിനെ ചുറ്റിപ്പറ്റിയുള്ള ചർച്ചകൾ സാമൂഹ്യശാസ്ത്രം, നരവംശ ശാസ്ത്രം, സാംസ്കാരിക പഠനങ്ങൾ, പൊതുജനാരോഗ്യം, സാമ്പത്തിക ശാസ്ത്രം, രാഷ്ട്രീയം തുടങ്ങിയ വിവിധ വിഷയങ്ങളെ ഉൾക്കൊള്ളുന്നു. എന്നിരുന്നാലും, ചർച്ചയുടെ കേന്ദ്രബിന്ദു ധാർമ്മികതയാണ്. അവ യവദാനം ധാർമ്മികമാണ്, കാരണം അതിൽ നിസ്വാർത്ഥമായി മറ്റുള്ളവരെ സഹായിക്കുക, സഹമനുഷ്യരോട് അനുകമ്പയും കരുതലും കാണിക്കുക എന്നിവ ഉൾപ്പെടുന്നു. അത് കൊണ്ടുതന്നെയാണ് അവയവദാനം മഹാദാന മാകുന്നത്.




*കുറിപ്പ് - വേറിട്ട വിധികളിൽ ഉൾപ്പെട്ടിരിക്കുന്ന വിധികൾ എല്ലാം അന്തിമവിധികളല്ല. വ്യത്യസ്ഥവും കൗതുകകരവുമായ ചില വിധികൾ വായനക്കാരുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്.*

**ജഡ്ജിയുടെ വിധവയ്ക്ക് പെൻഷൻ നൽകാൻ വൈകിയതിന് സ്വയമായി പിഴ ചുമത്തി പഞ്ചാബ്-ഹരിയാന ഹൈക്കോടതി.**

പരേതനായ ജുഡീഷ്യൽ ഓഫീസറെയും അദ്ദേഹത്തിന്റെ കുടുംബത്തെയും മാന്യമായും ബഹുമാനത്തോടെയും പരിഗണിച്ചില്ലെന്ന് പരാമർശിച്ചുകൊണ്ട്, മുൻ സിവിൽ ജഡ്ജിയുടെ വിധവയ്ക്ക് പെൻഷനും മറ്റ് വിരമിക്കൽ കുടിശ്ശികകളും അനുവദിക്കുന്നതിൽ കാലതാമസം വരുത്തിയതിന് ഹൈക്കോടതിയുടെ തന്നെ ഭരണ വിഭാഗത്തിനും സംസ്ഥാനത്തിനും 25,000/- രൂപ പിഴ ചുമത്തി പഞ്ചാബ്-ഹരിയാന ഹൈക്കോടതി.

പെൻഷൻ ആനുകൂല്യങ്ങൾ നൽകേണ്ടതും അർഹമായ സമയത്ത്, അവ വിതരണം ചെയ്തിട്ടില്ലെങ്കിൽ, പലിശയും ചെലവും സഹിതം നൽകാൻ ബാധ്യത ഉണ്ടെന്നത് സ്ഥാപിത നിയമമാണ് എന്ന് ഡിവിഷൻ ബെഞ്ച് നിരീക്ഷിച്ചു. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 300-എ യിലെ സ്വത്തിന് നൽകുന്ന സംരക്ഷണത്തിന് സമാനമായ സംരക്ഷണമാണ് പെൻഷൻ ആനുകൂല്യങ്ങൾക്കും വിരമിക്കുമ്പോൾ നൽകുന്ന അവകാശങ്ങൾക്കും ഉള്ളത് എന്ന് കോടതി ഓർമ്മിപ്പിച്ചു. 09.03.2018 മുതൽ 2024 മാർച്ച് വരെ ഹർജിക്കാരിയുടെ ഭർത്താവിനും (പരേതനായ ജഡ്ജിക്കും) ഹർജിക്കാരിയായ വിധവക്കും താൽക്കാലിക/ വിരമിക്കൽ പെൻഷൻ ആനുകൂല്യങ്ങൾ

നിഷേധിച്ചത് നിയമത്തിന്റെ അധികാരമില്ലാതെ ചെയ്തു എന്ന് മാത്രമല്ല, നിയമത്തോടുള്ള നഗ്നമായ അനാദരവുമാണ് എന്ന് ബെഞ്ച് അഭിപ്രായപ്പെട്ടു.

1999-ൽ സർവീസിൽ നിന്ന് വിരമിച്ച സിവിൽ ജഡ്ജി (സീനിയർ ഡിവിഷൻ)-അഡീഷണൽ ചീഫ് മജിസ്ട്രേറ്റ് ഗുർനാം സിംഗ് സേവകിന്റെ വിധവയായ പ്രീതം കൗർ സമർപ്പിച്ച ഹർജി




പരിഗണിക്കുകയായിരുന്നു കോടതി. 1996-ൽ ജഡ്ജി സ്വമേധയാ വിരമിക്കാൻ ശ്രമിച്ചെങ്കിലും അദ്ദേഹത്തിനെതിരായ വകുപ്പുതല അന്വേഷണവുമായി ബന്ധപ്പെട്ട് അത് നിരസിക്കപ്പെട്ടു. അന്വേഷണത്തിനിടയിൽ അദ്ദേഹത്തെ സസ്പെൻഡ് ചെയ്യുകയും 2001-ൽ സർവീസിൽ നിന്ന് പിരിച്ചുവിടുകയും ചെയ്തു. എന്നിരുന്നാലും, നിയമ പ്രകാരം അദ്ദേഹത്തിനെതിരെ പുതിയ നടപടി യെടുക്കാനുള്ള സ്വാതന്ത്ര്യം നൽകിക്കൊണ്ട് 2018-ൽ ഹൈക്കോടതി അദ്ദേഹത്തിനെ

തിരായ കുറ്റപത്രവും അന്വേഷണ റിപ്പോർട്ടും തുടർന്നുള്ള നടപടിയും റദ്ദാക്കിയിരുന്നു. ഇതിനെതിരെ ഹൈക്കോടതി നൽകിയ അപ്പീൽ സുപ്രീം കോടതി തള്ളിയിരുന്നു.

അന്വേഷണവും അനുബന്ധ കേസും തീർപ്പാക്കാതെയിരുന്നതിനാൽ, വിരമിച്ച ഉദ്യോഗസ്ഥന് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടില്ലായിരുന്നു. 2021-ൽ അദ്ദേഹം മരിച്ചു. ഹർജിക്കാരിയായ വിധവയുടെ അപേക്ഷ പരിഗണിക്കുന്നതിനിടെ, 2023 മാർച്ച് 24-ന് ഹൈക്കോടതിയുടെ വിജിലൻസ് അച്ചടക്ക സമിതി 1997-1998-ൽ പുറപ്പെടുവിച്ച രണ്ട് കുറ്റപത്രങ്ങളും റദ്ദാക്കിയതായും സസ്പെൻഷൻ കാലത്തെ കാലയളവ് അവധിയായി കണക്കാക്കാനും സേവന ആനുകൂല്യങ്ങൾ മരണപ്പെട്ട ജുഡീഷ്യൽ ഓഫീസറുടെ നിയമപരമായ അവകാശികൾക്ക് നൽകാൻ തീരുമാനിച്ചതായും ബെഞ്ച് ചൂണ്ടിക്കാണിച്ചു.




## നിയമപദപരിചയം

Alimony pendente lite - വ്യവഹാരം നിലവിലുള്ള കാലത്തെ ജീവനാംശം

Bona vacantia - ഉടമയില്ലാത്ത വസ്തുക്കൾ

Contingent liabilities - ഭാവിസമാശ്രിത ബാധ്യതകൾ

Donation mortis causa - മരണ പ്രതീക്ഷയോടെ ചെയ്യുന്ന ദാനം

Encumbered estates - കടബാദ്ധ്യതയുള്ള വസ്തുവകകൾ

Impeachment - ആക്ഷേപവിചാരണ

Infraction of any law - ഏതെങ്കിലും നിയമത്തിന്റെ ലംഘനം

Mense profit - ഇടക്കാലാദായം

Overriding effect - അധിപ്രഭാവം

Pre-emption - അഗ്രക്രയാവകാശം

Residuary legatee - ശിഷ്ട ഒസ്യത്തവകാശി

Usage having the force of law - നിയമപ്രാബല്യമുള്ള വഴക്കം




# നിയമസൂക്തങ്ങൾ

(Legal Maxims)

***Fraus et jus nunquam cohabitant - Fraud and justice never dwell together;***

കാപട്യവും നീതിയും ഒരിക്കലും ഒരുമിച്ച് ചേരില്ല.

***Lex non a rege esst violanda - The law is not to be violated by the king;***

രാജാവ് നിയമം ലംഘിക്കുവാൻ പാടില്ലാത്താണ്.

***Dormiunt aliquando leges, nunquam mori-untur - The laws sometimes sleep, they never die;***

നിയമങ്ങൾ ചില സമയങ്ങളിൽ ഉറങ്ങുന്നു: അവ മരിക്കുന്നില്ല.

***Ubi jus incertum, ibi jus nullum - Where the law is uncertain, there is no law;***

എവിടെയാണ് നിയമം അനിശ്ചിതമായിരിക്കുന്നത് അവിടെ നിയമം ഇല്ലാതിരിക്കുന്നു.

***Currit tempus contra desides et sui juris contemptores - Time runs against the slothful and those who neglect their rights;***

അലസന്മാരെയും തന്റെ അവകാശങ്ങൾ അവഗണിക്കുന്നവരെയും കാലം കാത്തുനിൽക്കില്ല.

***Nuptias non concubitus sed consensus facit - Not cohabitation but consent makes the marriage;***

സഹശയനമല്ല സമ്മതമാണ് വിവാഹത്തിനാധാരം.

***Lata culpa dolo aequiparatur - Gross negligence is equivalent to fraud;***
ഗുരുതരമായ ഉപേക്ഷ വഞ്ചനയ്ക്ക് തുല്യമാണ്.

***Eisem modis dissolvitur obligation quae nascitur ex contractu, velquasi, quibus contrahitur - An obligation which arises from contract, or quasi contract, is dissolved in the same ways in which it is contracted;***
ഉടമ്പടി പ്രകാരമുള്ള ബാദ്ധ്യതകൾ എപ്രകാരം രൂപപ്പെടുന്നുവോ അപ്രകാരം തന്നെയാവണം അത് ഇല്ലാതാകുന്നതും.

***Cuilibet in arte sua perito est credendum - Credence should be given to one skilled in his peculiar profession;***
പ്രത്യേക തൊഴിലിൽ വൈദഗ്ദ്ധ്യമുള്ളവരെ വിശ്വസിക്കേണ്ടതാണ്.

***Cujus est commodum ejus debet esse incommodum - Whose is the advantage, his also should be the disadvatage;*** നേട്ടം ആർക്കാണോ, അതുവഴിയുള്ള കോട്ടവും അയാൾക്ക് ആയിരിക്കണം.

***Iniquum est ingenuis hominibus non esse liberam rerum suarum alienationem - It is unjust that freeman should not have the free disposal of their own property;***
സ്വതന്ത്രനായ മനുഷ്യന് സ്വന്തം വസ്തു കൈമാറ്റം ചെയ്യാൻ പാടില്ലെന്ന് പറയുന്നത് അന്യായമാണ്.

***Longa possessio jus parit - Long possession begets right;***
ദീർഘകാല കൈവശം അവകാശത്തെ സൃഷ്ടിക്കുന്നു.

***Sequi debet potentia justitiam non praecedere - Power should follow justice, not precede it;***
അധികാരം നീതിയെ അനുഗമിക്കണം, അതിനു മുന്നിലാകരുത്.




പ്രതിഷ്ഠിക്കുക
പ്രത്യാഘാതം
പ്രഥമാർഥം
പ്രദക്ഷിണം
പ്രഭാഷക
പ്രഭാഷകൻ
പ്രയത്നം
പ്രവർത്തനം
പ്രവർത്തിക്കുക
പ്രവൃത്തി
പ്രവൃത്തിദിവസം
പ്രസംഗകൻ (പ്രസംഗിക്കുന്നയാൾ)
പ്രസിഡന്റ്
പ്രസ്ഥാനം
പ്രസ്സ്
പ്രാഗല്ഭ്യം
പ്രാഗ്ഭാവം
പ്രായശ്ചിത്തം
പ്രാരബ്ധം
പ്രാർഥന
പ്രിൻസിപ്പൽ
പ്രൂഫ് റീഡർ
പ്രൊജക്ടർ
പ്രൊഫസർ
പ്രൊഫോർമ്മ
പ്രോജക്ട്
പ്രോത്സാഹിപ്പിക്കുക
പ്രോവിഡന്റ് ഫണ്ട്
പ്രോസിക്യൂട്ടർ
പ്രോസിക്യൂഷൻ
പ്രോസ്സസ് പടി
പ്രൗഢി
ഫണ്ട്
ഫയർ ഇൻഷ്വറൻസ്
ഫയലിങ് ഷീറ്റ്
ഫയൽ
ഫാക്ടറി
ഫിനാൻസ് ഓഫീസർ
ഫീസ്
ഫോട്ടോഗ്രാഫർ
ഫോർമാൻ
ഫോറൻസിക് ഇൻസ്റ്റിറ്റ്യൂട്ട്
ഫോറസ്റ്റ് കൺസർവേറ്റർ
ഫ്യൂസ് വയർ
ഫ്ളൈയിങ് സ്ക്വാഡ്
ബജറ്റ്
ബന്ധനം
ബലാൽക്കാരം
ബലിഷ്ഠം
ബഹിഷ്കരണം
ബഹുത്വം
ബഹുഭർതൃത്വം

ബഹുഭാര്യത്വം
ബൾബ്
ബാങ്കിങ് കോർപ്പറേഷൻ
ബാങ്ക്
ബാങ്ക് ഗാരന്റി
ബാങ്ക് ഡ്രാഫ്റ്റ്
ബാഡ്ജ്
ബാധ്യത
ബാരിക്കേഡ്
ബാർ അസോസിയേഷൻ
ബാർ കൗൺസിൽ
ബാർക്കോഡ്
ബാലിക
ബാഷ്പാഞ്ജലി
ബീഭത്സം
ബുദ്ധികൂർമ്മ
ബോധവൽക്കരണം
ബോർഡ്
ബ്രഹ്മം
ബ്രാഞ്ച്
ബ്രാൻഡ്
ഭഗവദ്ഗീത
ഭണ്ഡാഗാരം
ഭരണപരിഷ്കാരം
ഭർത്സനം
ഭിന്നശേഷിക്കാർ
ഭിഷഗ്വരൻ
ഭൂയിഷ്ഠം
ഭ്രഷ്ടൻ
മംഗല്യം
മജിസ്ട്രേറ്റ്
മഞ്ജരി
മടയത്തം
മടയൻ
മണ്ഡലം
മത്സ്യം
മധ്യം
മധ്യമം
മധ്യസ്ഥത
മധ്യസ്ഥൻ
മധ്യാഹ്നം
മന:കർണ്ണിക
മനക്കരുത്ത്
മനക്കാമ്പ്
മനക്കോട്ട
മനശ്ഛിദ്രം
മനതാര്
മന:പരിവർത്തനം
മന:പാഠം
മന:പുണ്യം
മന:പൂർവം
മനപ്പായസം
മനപ്പൊരുത്തം
മന:ശാസ്ത്രം/മനശ്ശാസ്ത്രം
മനശ്ചാഞ്ചല്യം
മനശ്ചാരുത
മനശ്ചികിത്സ
മനശ്ശുദ്ധി
മന:സാക്ഷി/മനസ്സാക്ഷി
മന:സുഖം/മനസ്സുഖം
മനസ്സമ്മതം
മനസ്സലിവ്
മനസ്സാന്നിധ്യം
മനസ്സിലാക്കുക
മനസ്സുകേട്
മനസ്സുചോദ്യം
മനസ്സുറപ്പ്
മനസ്സ്
മനോഗതം
മനോഗതി
മനോഗുണം
മനോദർപ്പണം
മനോദു:ഖം
മനോദൗർബല്യം
മനോധർമ്മം
മനോനില
മനോഭാവം
മനോമുകുരം
മനോവേദന
മർദ്ദം
മർമ്മം



# നിയമലോകം

**ഇല്ലാത്ത വിധികൾ ഉദ്ധരിച്ചതിന് ജഡ്ജിക്കെതിരെ നടപടിയെടുക്കാൻ ശിപാർശ ചെയ്തു കർണാടക ഹൈക്കോടതി**

ഇല്ലാത്ത വിധിന്യായങ്ങൾ പരാമർശിച്ചു കൊണ്ട് ഒരു സിവിൽ കോടതി ജഡ്ജി പുറപ്പെടുവിച്ച ഉത്തരവിന്മേൽ നടപടി യെടുക്കാൻ കർണാടക ഹൈക്കോടതി ആവശ്യപ്പെട്ടു. വിധിന്യായങ്ങളിലെ ഉദ്ധരണി കളുടെ (citations) കൃത്യതയും വിശ്വാസ്യ തയും നിലനിർത്തേണ്ടതിന്റെ പ്രാധാന്യം അടിവരയിട്ടുകൊണ്ട് സിവിൽ ജഡ്ജിയുടെ പെരുമാറ്റം അസ്വസ്ഥതയുണ്ടാക്കുന്നതാ ണെന്നും കൂടുതൽ അന്വേഷണം ആവശ്യ മാണെന്നും ജസ്റ്റിസ് ആർ ദേവദാസ് പറഞ്ഞു. ഈ ഉത്തരവിന്റെ ഒരു പകർപ്പ് ചീഫ് ജസ്റ്റിസ് എൻ. വി. അഞ്ജരിയയുടെ മുമ്പാകെ നടപടി ക്കായി വയ്ക്കാൻ അദ്ദേഹം രജിസ്ട്രിയോട് നിർദ്ദേശിച്ചു. ഒരു ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനം സമർപ്പിച്ച റിവിഷൻ ഹർജി അനുവദിച്ചുകൊണ്ടാണ് ഹൈക്കോടതി ഈ നിരീക്ഷണങ്ങൾ നടത്തിയത്.

2018-ൽ അനുവദിച്ച വായ്പകൾ തിരിച്ചട യ്ക്കുന്നതിൽ വീഴ്ച വരുത്തിയതിനെ ത്തുടർന്ന്, ഒരു റിയൽ എസ്റ്റേറ്റ് ഡെവലപ്പർ ഒരു ഇൻവോക്കേഷൻ ആൻഡ് സെയിൽ നോട്ടീസിനെതിരെ വിചാരണ കോടതിയെ സമീപിക്കുകയും, മുകളിൽ പറഞ്ഞ ബാങ്കിംഗ് ഇതര സാമ്പത്തിക സ്ഥാപനം പ്രസ്തുത നടപടിക്രമങ്ങളെ എതിർക്കുകയും, വിചാരണ കോടതിയുടെ അധികാരിതയെ ചോദ്യം ചെയ്ത് ഒരു അപേക്ഷ സമർപ്പിക്കുകയും ചെയ്തു. എന്നാൽ വിചാരണ കോടതി മൂന്ന് വിധിന്യായങ്ങൾ പരാമർശിച്ചുകൊണ്ട് ധനകാര്യ സ്ഥാപനം സമർപ്പിച്ച ഈ അപേക്ഷ തള്ളുകയായിരുന്നു. സുപ്രീം കോടതിയുടെ എന്ന് പറയപ്പെടുന്ന 'M/s ജലാൻ ട്രേഡിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് vs മില്ലേനിയം ടെലികോം ലിമിറ്റഡ് (സിവിൽ അപ്പീൽ നമ്പർ 5860/2010)", "കാലർണർ സിമെന്റേഷൻ ഇന്ത്യ vs അച്ചിൽ ബിൽഡേഴ്സ് (സിവിൽ അപ്പീൽ നമ്പർ 6074/2018)", ഡൽഹി ഹൈക്കോടതി യുടെ എന്ന് പറയപ്പെടുന്ന "എസ് കെ ഗോപാൽ vs യുഎൻഐ ഡെറിറ്റെൻഡ് ലിമിറ്റഡ് (CS 1114/2016)" എന്നീ കേസുകളായിരുന്നു സിവിൽ ജഡ്ജി ഉദ്ധരിച്ചിരുന്നത്.

നിർമിതബുദ്ധി ഉപയോഗിക്കുമ്പോഴും ChatGPT പോലുള്ള ചാറ്റ്ബോട്ടുകൾ ഉപയോഗിക്കു മ്പോഴും ചിലപ്പോൾ അവ സാങ്കൽപ്പിക കാര്യങ്ങൾ സൃഷ്ടിക്കുമെന്നും, ഇവിടെ എന്താണ് സംഭവിച്ചതെന്ന് തനിക്ക് അറിയില്ലെന്നും, പക്ഷേ ഈ വിധിന്യായങ്ങൾ ഇല്ലാത്തതാണെന്നും ധനകാര്യ സ്ഥാപനത്തിനു വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ സമർപ്പിച്ചു.



# പതിനഞ്ചാം കേരളനിയമസഭയുടെ 13-ാം സമ്മേളനത്തിൽ ആക്റ്റ് ആയ ബില്ലുകൾ

1. 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ.
   (2025-ലെ 236-ാം നമ്പർ ബിൽ)

2. 2025-ലെ കേരള ധനവിനിയോഗ ബിൽ. (2025-ലെ 1-ാം ആക്റ്റ്)

3. 2025-ലെ കേരള ധനകാര്യ ബിൽ. (2025-ലെ 3-ാം ആക്റ്റ്)

**നിരാകരണം / disclaimer**

ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളിലെ അഭിപ്രായങ്ങൾ സംസ്ഥാന സർക്കാരിന്റെയോ നിയമവകുപ്പിന്റെയോ ഔദ്യോഗിക അഭിപ്രായങ്ങളല്ല. ലേഖകരുടെ വ്യക്തിപരമായ അഭിപ്രായങ്ങളാണ്, അവയ്ക്കുള്ള ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ്.

**പത്രാധിപസമിതി**







നിയമധ്വനിയുടെ
മുൻപതിപ്പുകൾ
നിയമവകുപ്പിന്റെ
ഔദ്യോഗിക വെബ്സൈറ്റിൽ
ലഭ്യമാണ്

***https://lawsect.kerala.gov.in***

RNI REG. No. KERMAL/2017/74542

നിയമധ്വനി
NIYAMADWANI
TITLE CODE KERMAL-15918
വാല്യം 08
ഇഷ്യൂ 03

DATE OF PUBLICATION
29/03/2025



Printed by Veeran. T the Superintendent of Government Presses, Thiruvananthapuram
Published by K. G. Sanal Kumar, Secretary, Law Department, Government Secretariat, Thiruvananthapuram-695 001
On behalf of Govt. of Kerala and printed at Government Press, Mannanthala, Thiruvananthapuram
and published at Law Department, Secretariat, Thiruvananthapuram-695 001, Chief Editor: K. G. Sanal Kumar